# പുരോഹിതൻ

(Official Organ of the Clergy Association
of the Orthodox Syrian Church of the East)

*Chief Editor*

**H. G. Thomas Mar Athanasius Metropolitan**

*Editor*

**Rev. Fr. Dr. K. M. George**

General Secretary

**Rev. Fr. Thomas Varghese Amayil**
St. Thomas Orthodox Vaidhika Sangham
Orthodox Theological Seminary
Kottayam, Kerala

*Articles & News may be addresse to:*

**Fr. Zachariah Ninan**
Joint. Secretary, Vaidika Sanghom
P. B. No. 98, Kottayam - 686 001

*Printer & Publisher*

**Fr. Wilson Mathew M. K.**



**മലങ്കരസഭയുടെ പ്രാർത്ഥനാ മന്ത്രണം**
**വൈദിക സംഘത്തിന്റെ തേരാളി**
**അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിക്ക് സെന്റ്**
**തോമസ് വൈദികസംഘത്തിന്റെ ബാഷ്പാഞ്ജലി**



**സെന്റ് തോമസ് വൈദികസംഘത്തിന്റെ പുതിയ നാവികൻ,**
**മലങ്കരയുടെ ചടുലതാളം, അഭി. തോമസ് മാർ അത്താനാ**
**സ്യോസ് തിരുമേനിയ്ക്ക് വൈദികസംഘത്തിന്റെ**
**പ്രാർത്ഥനാപൂർണ്ണമായ സ്വാഗതം.**

# ഉള്ളടക്കം


എഡിറ്റോറിയൽ: കുസ്തന്തീനോസ് ചക്രവർത്തിയുടെ
മിലാൻ വിളംബരവും സഭയുടെ ഭാവിയും 4
ജനറൽ സെക്രട്ടറിയുടെ കത്ത് 11
പൗരസ്ത്യ ആദ്ധ്യാത്മികതയുടെ മൗലിക പ്രമാണങ്ങൾ
ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് 13
മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന: ഒരു ലഘു വിചിന്തനം
ഫാ. ഡോ. ജേക്കബ് കുര്യൻ 20
ആരാണ് നമ്മുടെ ശത്രുക്കൾ?
ഫാ. ഡോ. ബി. വറുഗീസ് 32
കാതോലിക്കാസ്ഥാപനവും മലങ്കരസഭാ ഭരണഘടനയും
ദേശീയബോധത്തിന്റെ പശ്ചാത്തലത്തിൽ
ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ 39
'വിശുദ്ധ നഗ്നത'യും തേജസിന്റെ വസ്ത്രവും
ഫാ. ഡോ. മാത്യു കോശി അറ്റ്ലാന്റാ 44
ഗദ്സമനാ തോട്ടവും പത്രോസും സമദൂര സിദ്ധാന്തവും
അഡ്വ. വർഗീസ് പി. തോമസ് 48
"ഏലിയായുടെ ദൈവം കൂടെയുണ്ട് എനിക്കതു മതി"
വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ പുതുപ്പാടി 52
'Tolerant India' - A Religious Perspective
Fr. Thampi Varghese 55
മരുഭൂമിയിലെ പരീക്ഷിതനരികിൽ നിന്നും...
ഫാ. വിൽസൺ മാത്യു 56
The Vision and Mission of Pulikottil Joseph Mar Dionysius II
in Addressing the Challenges of His Lifetime and Their
Contemporary Relevance
Dr. Joseph Mar Dionysius 59
The Ecclesiological and Ecclesiastical Positions of the
Malankara Orthodox Church throughout the Centuries
Fr. Dr. T. I. Varghese 67
സഭാതലവന്മാരുടെ സ്ഥാനനാമങ്ങൾ
വർഗീസ് ജോൺ തോട്ടപ്പുഴ 90

മുഖപ്രസംഗം

# കുസ്തന്തീനോസ് ചക്രവർത്തിയുടെ മിലാൻ വിളംബരവും സഭയുടെ ഭാവിയും

കുസ്തന്തീനോസ് ചക്രവർത്തിയുടെ പ്രസിദ്ധമായ 'മിലാൻ ശാസന'ത്തിന്റെ ആയിരത്തിഎഴുനൂറാം വാർഷികമാണ് ഈ വർഷം. റോമാ സാമ്രാജ്യത്തിൽ, ക്രിസ്തുമതത്തെ മറ്റു മതങ്ങൾക്കൊപ്പം നിയമസാധുതയുള്ള ഒരു മതമായി അംഗീകരിച്ചു എന്നതാണ് എ.ഡി. 313-ൽ ഇറ്റലിയിലെ മിലാൻ നഗരത്തിൽ വച്ച് പുറപ്പെടുവിച്ച രാജകീയ ശാസനത്തിന്റെ (Edict of Milan) പ്രാധാന്യം. റോമാ സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളുടെ അധികാരിയായിരുന്ന കുസ്തന്തീനോസും പൗരസ്ത്യ പ്രദേശങ്ങളുടെ ചുമതലയുണ്ടായിരുന്ന ലിസിനിയസ് രാജാവും ചേർന്നാണ് സാമ്രാജ്യത്തിൽ മുഴുവൻ ബാധകമാകത്തക്കവിധം ക്രിസ്ത്യാനികൾക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിച്ചത്.

ക്രിസ്തീയ ചരിത്രത്തിൽ പിന്നീട് പ്രസിദ്ധനായും, ചിലരുടെ നോട്ടത്തിൽ 'വിശുദ്ധ'നായും അറിയപ്പെട്ട കുസ്തന്തീനോസ് (Constantine the great) അന്ന് ക്രിസ്ത്യാനി ആയിട്ടില്ല. പിന്നീട് മരണക്കിടക്കയിലാണ് അദ്ദേഹം സ്നാനമേൽക്കുന്നത്. അദ്ദേഹത്തിന്റെ സാമ്രാജ്യ തലസ്ഥാനം എ.ഡി. 330-ലാണ് റോമിൽ നിന്നും ഇപ്പോഴത്തെ തുർക്കിയിൽ ബിസാന്റിയം എന്ന സ്ഥലത്തേക്ക് മാറ്റുന്നത്. പുതിയ തലസ്ഥാനം 'കുസ്തന്തീനോസിന്റെ നഗരം' എന്ന് അർത്ഥമുള്ള കുസ്തന്തീനോപ്പൊലീസ് (കോൺസ്റ്റാന്റിനോപ്പിൾ ഇന്ന് തുർക്കിയിലെ ഈസ്താംബുൾ) എന്ന് വിളിക്കപ്പെട്ടു (പതിനഞ്ചാം നൂറ്റാണ്ടിൽ, തുർക്കികൾ ആക്രമിച്ച് കീഴടക്കും വരെ ഈ നഗരം ലോകത്തിൽ അറിയപ്പെട്ട എല്ലാ രാജകീയ മഹത്വത്തിന്റെയും പ്രഭ ചിതറി. ഗ്രീക്ക് ഓർത്തഡോക്സ് സഭാപാരമ്പര്യത്തിന്റെ മഹത്തായ ആസ്ഥാനവുമായിത്തീർന്നു കോൺസ്റ്റാന്റിനോപ്പിൾ. "റോമാ സാമ്രാജ്യത്തിന്റെ മുഴുവൻ" അഥവാ "മനുഷ്യാധിവാസമുള്ള സകല ഭൂമി"യുടെയും പാത്രിയർക്കീസ് എന്ന് അർത്ഥമുള്ള "ഇക്കുമെനി" (oikoumene) യുടെ പാത്രിക്കീസ് (Ecumenical Patriarch) എന്ന് ആറാം നൂറ്റാണ്ടു മുതൽ ഗ്രീക്ക് ഓർത്തഡോക്സ് സഭാതലവൻ സ്ഥാന

പ്പേരെടുക്കുകയും ചെയ്തു. പഴയ തലസ്ഥാനമായ റോമിലെ ഗ്രിഗോറിയോസ് പാത്രിയർക്കീസ് (പാപ്പാ) ഇതിൽ പ്രതിഷേധിക്കയും കിഴക്കന്മാരുടെ ഇത്തരമൊരു "പൊങ്ങച്ചപ്പേരി"ന് പകരം വീട്ടാനായി പടിഞ്ഞാറിന്റെ പാപ്പാ "ദൈവത്തിന്റെ ദാസന്മാരുടെ ദാസൻ" (Servant of the Servants of God) എന്ന 'വിനയപ്പേര്' സ്വയം സ്വീകരിക്കുകയും ചെയ്തു.)

മിലാൻ ശാസനം ക്രിസ്ത്യാനികൾക്കുവേണ്ടി മാത്രമുള്ളതായിരുന്നില്ല. സാമ്രാജ്യത്തിലെ എല്ലാ പൗരന്മാർക്കും അവരവരുടെ മതവിശ്വാസമനുസരിച്ച് ആരാധിക്കുന്നതിനുള്ള ഒരു സർവ്വമത സ്വാതന്ത്ര്യ പ്രഖ്യാപനമായിരുന്നു തത്വത്തിൽ ആ ശാസനം. എന്നാൽ ക്രിസ്ത്യാനികൾ അതുവരെ കഠിനമായ പീഡകൾ അനുഭവിച്ചിരുന്നതുകൊണ്ടും അവരുടെ വിശ്വാസനിഷ്ഠയും വിശ്വസ്തതയും ത്യാഗപൂർണ്ണമായ സമർപ്പണബോധവും അധികാരികൾക്ക് ബോധ്യപ്പെട്ടതിനാലും, ഈ സ്വാതന്ത്ര്യം പ്രായോഗികമായി ക്രിസ്ത്യാനികൾക്ക് പ്രയോജനപ്പെട്ടു. പിന്നീട് കുസ്തന്തീനോസ് ചക്രവർത്തി ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതോടുകൂടി, അത് രാജകീയ മതമായിത്തീർന്നു. പക്ഷേ അപ്പോഴും റോമാസാമ്രാജ്യത്തിൽ അത് ഔദ്യോഗിക മതമായില്ല. അത് സംഭവിക്കുന്നത് 380-ൽ തെയഡോഷ്യസ് ചക്രവർത്തിയുടെ കാലത്താണ്. എങ്കിലും കുസ്തന്തീനോസിന്റെ അമ്മ ഹെലനി രാജ്ഞി വലിയ വിശ്വാസിനി ആയിരുന്നതുകൊണ്ട്, തന്റെ പുത്രനെ സ്വാധീനിക്കയും ക്രിസ്തീയ വിശ്വാസത്തിന് എല്ലാ രാജകീയ-സൈനിക പിന്തുണയും ലഭിക്കയും ചെയ്തു (ഹെലനി രാജ്ഞി യറുശലേമിൽ ചെന്ന് കർത്താവിന്റെ കുരിശ് കണ്ടെടുത്തതും, ചക്രവർത്തി തന്റെ സൈന്യത്തിന്റെ കൊടിയിൽ കുരിശടയാളമിട്ടു യുദ്ധം ജയിച്ചതുമായ കഥകൾ പൊടിപ്പും തൊങ്ങലും ചേർത്തു എല്ലായിടത്തും പ്രചരിച്ചു).

ക്രിസ്തീയ സഭയുടെ ആഗോളചരിത്രത്തിൽ വലിയ മാറ്റങ്ങളുടെ നാന്ദിയായിരുന്ന മിലാൻ ശാസനവും പിന്നീടുണ്ടായ രാജകീയ മതംമാറ്റവും.

സഭയ്ക്ക് അകത്തും പുറത്തുമുള്ള വിമർശകർ കോൺസ്റ്റയിനിന്റെ "മാനസാന്തര"ത്തെ അത്ര നന്നായല്ല കാണുന്നത്. രാജകീയസ്ഥാനം ലഭിച്ച സഭ ലൗകീകസ്ഥാപനമായി മാറി, ആദ്ധ്യാത്മിക ദർശനം നഷ്ടപ്പെടുത്തി; നസ്രായനായ യേശുവിന്റെ സുവിശേഷം ദരിദ്രർക്കും തള്ളപ്പെട്ടവർക്കും വേണ്ടിയായിരുന്നു; കഷ്ടതയും കുരിശുമരണവുമായിരുന്നു ക്രിസ്തുമാർഗ്ഗം.

പക്ഷേ പിൽക്കാല രാജകീയ സഭ ഇതെല്ലാം മറന്നുപോയി എന്നതായിരുന്നു പ്രധാന വിമർശനം. ചക്രവർത്തിയുടെ കാലത്തുതന്നെ, സന്യാസ പ്രസ്ഥാനത്തിൽ നിന്ന് ഈ വിമർശനം ഉണ്ടായി. പിന്നീട് പ്രമുഖരായ പല സഭാപിതാക്കന്മാരും സഭയുടെ ലൗകിക ലഹരിയെ അപല

പിച്ചു. അതുവരെ പീഡിപ്പിക്കപ്പെട്ടിരുന്ന സഭയിൽ, പുതിയ സ്വാതന്ത്ര്യം വന്നപ്പോൾ മെത്രാന്മാരും സന്യാസിമാരും രാജകീയസ്ഥാനവും ദ്രവ്യവും മോഹിച്ച് തള്ളിക്കയറിത്തുടങ്ങി. ഏറ്റവും ശോചനീയമായ അധികാര വടംവലികളും ഭിന്നതകളും യേശുക്രിസ്തുവിന്റെ സഭയിലുണ്ടായി. റോമാസാമ്രാജ്യത്തിൻ പുറത്തുണ്ടായ ആദ്യകാല സഭകൾ വിസ്മരിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്തു. ക്രമേണ റോമാ സാമ്രാജ്യത്തിലെ രാജകീയ വാഴ്ച ക്ഷയിച്ചു. പതിനഞ്ചാം നൂറ്റാണ്ടിൽ സാമ്രാജ്യ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ എന്ന "പുതിയ റോമാ നഗരം" മുസ്ലീം ഭരണാധികാരികൾ പിടിച്ചെടുത്തു. സാമ്രാജ്യത്തിനുള്ളിലെ അലക്സന്ത്രിയ, അന്ത്യോഖ്യ തുടങ്ങിയ പൗരസ്ത്യ സഭകളെല്ലാം മുമ്പു തന്നെ മുസ്ലീം ആധിപത്യത്തിലായി കഴിഞ്ഞിരുന്നു.

യൂറോപ്പിൽ റോമിലെ പാപ്പാമാർ ലൗകികഭരണത്തിന്മേലും ചെങ്കോൽ നടത്തിത്തുടങ്ങി. പിന്നെയുണ്ടായ സഭയുടെ ലൗകിക ജീർണ്ണതയും കുരിശുയുദ്ധങ്ങളും, പതിനഞ്ചാം നൂറ്റാണ്ടിൽ ആരംഭിച്ച പാശ്ചാത്യ കൊളോണിയൽ -മിഷണറി പ്രസ്ഥാനവുമെല്ലാം ലോകചരിത്രത്തെത്തന്നെ മാറ്റിമറിച്ചു എന്നത് എല്ലാവർക്കുമറിയാം.

ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ക്രിസ്തീയസഭയുടെ കണക്കെടുപ്പിന് സമയമായി. ചില കാര്യങ്ങൾ എടുത്തു പറയാനുണ്ട്.

1. ക്രിസ്തീയ വിശ്വാസത്തിന്റെ ഈറ്റില്ലമായ മധ്യപൗരസ്ത്യ രാജ്യങ്ങളിൽ, ഇന്ന് ക്രിസ്തീയസഭ നാമമാത്രമായിക്കൊണ്ടിരിക്കുന്നു. അവിടെ അവശേഷിക്കുന്ന ക്രിസ്ത്യാനികളിൽ ചെറുപ്പക്കാരെല്ലാം പാശ്ചാത്യ രാജ്യങ്ങളിലേക്ക് എങ്ങനെയെങ്കിലും കുടിയേറാൻ ശ്രമിക്കുന്നു. സിറിയയിൽ രണ്ടു വർഷത്തിലധികമായി നടക്കുന്ന ആഭ്യന്തരയുദ്ധം അവസാനിക്കുമ്പോൾ, അവിടെ ക്രിസ്ത്യാനികൾ ആരെങ്കിലുമുണ്ടാവുമോ എന്നു കണ്ടറിയണം. നമുക്ക് ആത്മീയമായും ആരാധനാപരമായും ചരിത്രബന്ധമുള്ള സുറിയാനിസഭ സിറിയയിൽ അസ്തമിച്ചു കഴിഞ്ഞു. ഇനി ഒരുപക്ഷേ അമേരിക്കയിലും യൂറോപ്പിലും ആസ്ത്രേലിയയിലും മറ്റുമൊക്കെയായിരിക്കും ആ സഭ വളരുന്നത്. അറബി വസന്തം (Arab Spring) ആർക്കെങ്കിലും (?) വസന്തമായാലും അത് അറബിനാടുകളിലെ പുരാതന ക്രിസ്ത്യാനികൾക്ക് കടുത്ത ശിശിരവും ഇരുട്ടുമാണ് സമ്മാനിച്ചിരിക്കുന്നത്. വർദ്ധിതവീര്യം ആർജ്ജിക്കുന്ന മുസ്ലീം മൗലികവാദികൾ അടുത്തകാലത്തൊന്നും മറ്റു മതങ്ങൾക്ക് സ്വാതന്ത്ര്യം നൽകാനിടയില്ല.

2. പാശ്ചാത്യരാജ്യങ്ങൾ ഒരു കാലത്ത് ക്രിസ്തീയ സഭകളുടെ സംരക്ഷകരായിരുന്നുവെങ്കിലും അന്തരീക്ഷം പാടെ മാറിക്കഴിഞ്ഞിരിക്കുന്നു. യൂറോപ്പിൽ പന്ത്രണ്ടിലധികം രാഷ്ട്രങ്ങൾ, പുരാതന ക്രിസ്തീയ സഭകൾക്ക് ഒരിക്കലും യോജിക്കാനാവാത്ത സ്വവർഗ്ഗവിവാഹം (Same-sex marriage) പോലെയുള്ള കാര്യങ്ങൾക്ക് നിയമസാധുത നൽകിക്കഴിഞ്ഞു.

ഇനി സഭകൾ എതിർത്താൽത്തന്നെ അതിന് തരിമ്പും വിലയില്ല എന്ന മട്ടിലാണ് കാര്യങ്ങൾ. ആംഗ്ലിക്കൻ സഭ പോലെ ഒരുകാലത്ത് പ്രശസ്ത മായിരുന്ന ക്രിസ്തീയസഭകളൊക്കെ ഇക്കാര്യത്തിൽ ഭിന്നിക്കപ്പെട്ടു കഴി ഞ്ഞു. പാശ്ചാത്യ പ്രൊട്ടസ്റ്റന്റു സഭകൾ വാസ്തവത്തിൽ സെക്കുലർ തരംഗത്തിൽ മിക്കവാറും മുങ്ങിക്കഴിഞ്ഞിരിക്കുന്നു.

3. റോമൻ കത്തോലിക്കാ സഭയാണ് ഇന്നും പാശ്ചാത്യ സെക്കുലർ വേലിയേറ്റത്തിൽ കുറെയൊക്കെ പിടിച്ചുനിൽക്കുന്നത്. “പാശ്ചാത്യ പാത്രിയർക്കീസാ”യ റോമിലെ പാപ്പായ്ക്ക് (ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പാ ‘പാശ്ചാത്യ പാത്രിയർക്കീസ്’ എന്ന പുരാതന സ്ഥാനനാമം എടുത്തുകളഞ്ഞു) രാഷ്ട്രാധികാരമുണ്ട് എന്നതും കത്തോലിക്കാ സഭ യുടെ പ്രബോധനവും ലോകവ്യാപകമായ നല്ല പ്രവർത്തനങ്ങളും വിശ്വാ സികളെ വലിയൊരളവിൽ പിടിച്ചുനിർത്താൻ സഹായകരമാണെന്നതും ഓർക്കണം. എങ്കിലും അവിടെയും ഭൂമികുലുക്കങ്ങൾ സാധാരണമായി ക്കൊണ്ടിരിക്കുന്നു. കേരളത്തിലെ മാധ്യമങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്യു ന്നില്ലെങ്കിലും, പാശ്ചാത്യ മാധ്യമങ്ങൾ നിരന്തരമായി കത്തോലിക്കാ വൈദികരുടെയും മെത്രാന്മാരുടെയും വ്യാപകമായ ലൈംഗികാതിക്രമ ങ്ങളും ബാലപീഡനവും മറ്റും റിപ്പോർട്ട് ചെയ്യുന്നു. പല രൂപതകളും അതിഭീമമായ സംഖ്യകൾ നഷ്ടപരിഹാരമായി പരാതിക്കാരായ വിശ്വാ സികൾക്കു നൽകേണ്ടിവരുന്നു. സ്കോട്ട്ലണ്ടിലെ ഒരു പ്രശസ്തനായ കർദ്ദിനാൾ ഉൾപ്പെടെ പല മെത്രാന്മാർക്കും സ്ഥാനങ്ങൾ അപമാനകര മായി നഷ്ടപ്പെട്ടു. അതിനിടയിൽ, സ്വവർഗ്ഗ വിവാഹം, സ്ത്രീകളുടെ വൈദികസ്ഥാനം, വൈദിക വിവാഹം, കന്യാസ്ത്രീകളുടെ വൻ പ്രതി ഷേധം, പുരോഹിതരും സന്യസ്തരുമാകാനുള്ള ദൈവവിളിയുടെ അഭാ വം, പാശ്ചാത്യ ജനസംഖ്യയിൽ ഉണ്ടാകുന്ന ഭയാനകമായ വീഴ്ച തുടങ്ങി അനേകം പ്രശ്നങ്ങൾ സഭാനേതൃത്വത്തെ ഉലയ്ക്കുന്നു. മുൻ മാർപാപ്പാ ഇക്കാര്യത്തിൽ പരസ്യമായി ലോകത്തോട് ക്ഷമ ചോദിച്ചു. കടുത്ത യാഥാ സ്ഥിതികനായ ബനഡിക്റ്റ് പതിനാറാമന്റെ രാജി ഈ പ്രശ്നങ്ങളോട് ബന്ധപ്പെട്ടതാണ് എന്ന് നിരീക്ഷകർ പറയുന്നു. ഭാഗ്യവശാൽ പുതിയ മാർപാപ്പാ ഫ്രാൻസിസ് വ്യക്തിപരമായി, എളിമയും മനുഷ്യസ്നേഹവു മുള്ള ഒരു ചിത്രമാണ് നമുക്കു നൽകുന്നത്. ഇത് പാശ്ചാത്യ സഭകൾക്ക് നല്ല സൂചനയാണ്. പക്ഷേ മുൻപറഞ്ഞ ഗൗരവപ്രശ്നങ്ങൾ നിലനിൽക്കു ന്നു. അദ്ദേഹം അക്കാര്യത്തിലേക്കൊന്നും ഇതുവരെ കടന്നിട്ടില്ല. വൈദി കരുടെ ലൈംഗികാതിക്രമങ്ങളെ കുറിച്ച് മാത്രം ചിന്തിക്കാൻ ഒരു സുന്ന ഹദോസ് വിളിച്ചുകൂട്ടണമെന്ന് വരെ റോമാസഭയ്ക്കുള്ളിൽ നിന്ന് ആവ ശ്യമുയർന്നു കഴിഞ്ഞു!

4. പൗരസ്ത്യ യൂറോപ്പിലെ ഓർത്തഡോക്സ് സഭകൾ, എഴുപത് വർഷങ്ങളിലെ കടുത്ത കമ്യൂണിസ്റ്റ് മർദ്ദന ഭരണത്തിനുശേഷം കഴിഞ്ഞ ഇരുപത് വർഷങ്ങളായി ഉയിർത്തെഴുന്നേറ്റുകൊണ്ടിരിക്കുന്നു. റഷ്യയിലെ

ഓർത്തഡോക്സ് സഭ അതിന്റെ പഴയ മഹത്വവും രാഷ്ട്രീയ സ്വാധീനവും വീണ്ടെടുത്തു. ഓർത്തഡോക്സ് സഭാനേതൃത്വത്തിന്റെ അറിവും സമ്മതവുമില്ലാതെ രാഷ്ട്രീയ തീരുമാനങ്ങൾ പോലും ഉണ്ടാകുന്നില്ല എന്ന മട്ടാണ്. പക്ഷേ പഴയ റ്റ്സാർ ഭരണകാലത്തെ ദുഷിപ്പുകളിലേക്ക് സഭാധികാരികൾ വീഴാനുള്ള പരീക്ഷകളും ധാരാളമുണ്ട്. ക്രിസ്തീയ വിശ്വാസത്തെ ഏതാണ്ട് ഉന്മൂലനം ചെയ്യണമെന്ന് വിചാരിച്ചവർക്ക് തെറ്റു പറ്റിയെന്നാണ് ഇപ്പോഴത്തെ അവസ്ഥ കാണിക്കുന്നത്. ഓർത്തഡോക്സ് വിശ്വാസം എപ്പോഴും അവിടെ സാധാരണ വിശ്വാസികളിൽ രൂഢമൂലമായിരുന്നു. നേതൃത്വത്തിന് പാളിച്ചകൾ പറ്റി, അതീവ വേദനാജനകമായ പീഡനത്തിന് സഭ വിധേയമായെങ്കിലും വിശ്വാസത്തിന്റെ ഈ ഉയിർത്തെഴുന്നേൽപ്പ് നമ്മുടെ കാലഘട്ടത്തിലെ സുപ്രധാനമായ അനുഭവങ്ങളിലൊന്നാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് ഉണ്ടായിരുന്ന നന്മകളെ, കടുത്ത അധികാരമോഹികളായ പൂർവ്വ യൂറോപ്യൻ ഭരണകർത്താക്കൾ അസ്തവീര്യമാക്കി. അതുകൊണ്ട് പാശ്ചാത്യ ധാരാളിത്തത്തിനും കടിഞ്ഞാണില്ലാത്ത ഉപഭോഗ സാമ്പത്തിക വ്യവസ്ഥയ്ക്കും അവയോടു ബന്ധപ്പെട്ട അക്രമത്തിനും അസമത്വത്തിനുമൊക്കെ ഈ രാജ്യങ്ങൾ അടിമകളായി കഴിഞ്ഞു. ഈ ദുരവസ്ഥയെ മറികടന്ന് പുതിയൊരു സാമ്പത്തിക ക്രമവും മനുഷ്യദർശനവും ഉരുത്തിരിക്കാൻ പൂർവ്വയൂറോപ്പിലെ ബഹുഭൂരിപക്ഷമായ ഓർത്തഡോക്സ് സഭകൾക്ക് കഴിയുമോ എന്നു സംശയമാണ്.

4. ഏഷ്യയിലും ലാറ്റിൻ അമേരിക്കയിലും ആഫ്രിക്കയിലും ഉയർന്നു വരുന്ന പുതിയ സഭാകൂട്ടായ്മകൾ (New Generation Churches) പാരമ്പര്യ സഭകളിൽ നിന്ന് തുലോം വ്യത്യസ്തമായ ശൈലികളാണ് അവലംബിക്കുന്നത്. കത്തോലിക്കാ, പ്രോട്ടസ്റ്റന്റ്, ഓർത്തഡോക്സ് സഭകളിൽ നിന്നും വലിയൊരു കൂട്ടം ജനങ്ങളെ ആകർഷിക്കാൻ ഇവർക്ക് സാധിക്കുന്നുണ്ട്. പഴയ പെന്തിക്കോസ്തൽ സഭകളൊക്കെ ഏതാണ്ട് സ്ഥാപനവൽക്കരിക്കപ്പെട്ട് “സുവിശേഷ വീര്യം” നഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, പുതിയ കൂട്ടായ്മകൾ വൈകാരിക പ്രകടനങ്ങളിലൂടെ സാധാരണക്കാരിൽ ചലനം സൃഷ്ടിക്കുന്നു. ഇവരുടെ വളരെയേറെ സമർത്ഥരായ നേതാക്കൾ ഇത് വ്യക്തിപൂജയുടെയും സാമ്പത്തികനേട്ടത്തിന്റെയും കൊയ്ത്തുകാലമാക്കി മാറ്റുന്നുണ്ട്. Prosperity Gospel എന്ന പേരിൽ, ദൈവകൃപ ലഭിക്കുന്നത് സമ്പത്തിന്റെ രൂപത്തിലാണ് എന്നു പഠിപ്പിക്കുന്നതുകൊണ്ട്, നേതാക്കൾക്ക് അനധികൃതമായി സ്വത്തുണ്ടാക്കുന്നതിൽ വിശ്വാസികൾക്ക് വിരോധമില്ലെന്നു തോന്നുന്നു. ഏഷ്യയിൽ ദക്ഷിണ കൊറിയ പോലുള്ള രാജ്യങ്ങളിൽ ഇത്തരം സഭാ കൂട്ടായ്മകളുടെ ആൾപ്പെരുപ്പവും സമ്പത്തും ഉത്സാഹവും നമ്മെ അത്ഭുതപ്പെടുത്തും. ഏതായാലും ഇനി കുറെ നാളത്തേക്ക് ഇത്തരം പുതിയ സഭകളുടെ മേൽക്കൈ ആയിരിക്കും നാം കാണാൻ പോകുന്നത്.

ലോകസഭാ കൗൺസിൽ പോലെ (WCC) ഒരു കാലത്ത് പരമ്പരാഗത സഭകളുടെ ഐക്യം ലക്ഷ്യമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന എക്യുമെനിക്കൽ പ്രസ്ഥാനങ്ങൾ മേൽ സൂചിപ്പിച്ച വിവിധ കാരണങ്ങൾകൊണ്ട് ക്ഷയിച്ചു വരികയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധിയും സഭകളുടെ ആന്തരിക പ്രശ്നങ്ങളും പാശ്ചാത്യരാജ്യങ്ങളിലെ സെക്കുലർ തരംഗങ്ങളും ബഹുസ്വരതയും സഭൈക്യം പോലുള്ള കുലീന ലക്ഷ്യങ്ങളെ തച്ചുടയ്ക്കുന്നു. ഒരു വിധത്തിൽ WCC തന്നെ മുൻകൈയെടുത്ത് സൃഷ്ടിച്ചു എന്നു പറയാവുന്ന Global Christian Forum (GCF) പുതിയൊരു എക്യുമെനിക്കൽ ദർശനവുമായി ഉരുത്തിരിഞ്ഞു വരുന്നു. പരമ്പരാഗത സഭകളുടെ എക്യുമെനിക്കൽ കൂട്ടായ്മ എന്ന ലക്ഷ്യത്തിനുപരി, പെന്തക്കോസ്തൽ, ഇവാഞ്ചലിക്കൽ, കരിസ്മാറ്റിക്ക് തുടങ്ങി എല്ലാ ക്രിസ്തീയ ധാരകളെയും ഒരു വേദിയിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെയാണ് GCF ആരംഭിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാന ചർച്ചകൾ തുടങ്ങിയിട്ടേ ഉള്ളു.

5. പാശ്ചാത്യർ ക്രിസ്ത്യാനികളാണെന്ന സങ്കൽപ്പം ഇരുപതാം നൂറ്റാണ്ടിൽ മാറിപ്പോയി. വിവിധ മതങ്ങളും സംസ്കാരങ്ങളും യൂറോപ്പിലും അമേരിക്കയിലും വേരുറപ്പിച്ചു. റോമിൽപ്പോലും, വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കായുടെ അയൽക്കാരായി വിവിധ മതങ്ങളുടെ ആരാധനാലയങ്ങൾ ഉയർന്നു കഴിഞ്ഞു. ബഹുസ്വരത (pluralism) എന്നത് പാശ്ചാത്യ വേദശാസ്ത്ര ചർച്ചകളിൽ അവിഭാജ്യ ഘടകമായി മാറി. കൊളോണിയൽ പ്രസ്ഥാനത്തിന്റെ അന്ത്യത്തിൽ എല്ലാ ഏഷ്യൻ മതങ്ങളും സ്വാവബോധം പ്രാപിക്കയും പുതിയ മിഷണറി മാതൃകകൾ അവലംബിക്കയും ചെയ്തു. ആഗോളവൽക്കരണം മൂലം ഏതെങ്കിലും പ്രദേശം ഏതെങ്കിലുമൊരു മതത്തിന്റേത് അല്ലെങ്കിൽ സംസ്കാരത്തിന്റേത് എന്ന ചിന്ത പ്രായോഗികമായി മാറികഴിഞ്ഞു. എങ്കിലും സൗദിഅറേബ്യ പോലുള്ള മുസ്ലീം രാഷ്ട്രങ്ങൾ ഇപ്പോഴും അതിതീക്ഷ്ണതയോടെ സ്ഥല-മത ചിന്ത ഉയർത്തിപ്പിടിക്കയും മറ്റു മതസംസ്കാരങ്ങൾക്ക് യാതൊരു സ്ഥാനവും കൊടുക്കാതിരിക്കയും ചെയ്യുന്നു. ഇതിന്റെ ദുർബലാനുകരണം മറ്റു മതങ്ങളിലുണ്ടാവാം. ഇന്ത്യയിൽ സംഘപരിവാറിന്റെയും ഹിന്ദുത്വ ദേശീയത ഒരളവിൽ ഈ വഴിക്കാണ് മുഖം തിരിച്ചിരിക്കുന്നത്. എങ്കിലും ഭാരതത്തിന്റെ പുരാതനമായ ആദ്ധ്യാത്മിക പ്രതിഭ അത്തരം സങ്കുചിത വ്യാഖ്യാനങ്ങളെ പ്രോത്സാഹിപ്പിക്കയില്ലെന്ന് കരുതാം. ക്രിസ്ത്യാനികൾക്ക് ഇന്ന് ഭൂമിയിൽ അങ്ങനെ സങ്കുചിതമായി അവകാശപ്പെടാൻ ഒരു സ്ഥലമോ രാജ്യമോ (വത്തിക്കാൻ ഒഴികെ) ഇല്ല എന്നത് നല്ല കാര്യമായി കരുതണം. “എന്റെ രാജ്യം ഐഹികമല്ല” എന്നു അരുളിച്ചെയ്ത യേശുക്രിസ്തു പ്രഖ്യാപിച്ച ദൈവരാജ്യം എന്താണെന്ന് നിരന്തരമായി അന്വേഷിക്കാൻ ഈ ‘ഇല്ലായ്മ’ നമ്മെ സഹായിക്കും. പണ്ട് മധ്യകാല റോമൻ കത്തോലിക്കാ യൂറോപ്പിലുണ്ടായിരുന്നതുപോലെ,

ക്രിസ്തീയ വിശ്വാസത്തിന്റെ ലേബലിൽ ഒരു മതമൗലിക തീവ്രവാദം ഉണ്ടാകാനുള്ള സാധ്യത ഇനി വളരെ കുറവാണ് എന്നു മാത്രം പറയാം.

മുകളിൽ സൂചിപ്പിച്ച വിഹഗവീക്ഷണത്തിൽ ചേർക്കേണ്ട മറ്റു പല ഘടകങ്ങളുമുണ്ടെങ്കിലും, തൽക്കാലം അവയൊക്കെ വിടുന്നു. കുസ്തന്തീനോസിന്റെ മിലാൻ വിളംബരം മുതൽ ഇന്നു വരെയുള്ള കാര്യങ്ങളെ അവലോകനം ചെയ്യുമ്പോൾ നമ്മുടെ ഇന്നത്തെ സഭയുടെ ദൗത്യവും ജീവിതശൈലിയും എങ്ങനെയാണെന്ന് ആത്മവിമർശനത്തോടെ നാം ചിന്തിക്കേണ്ടതാണ്. നമ്മുടെ കുടിപ്പകകളും കലഹങ്ങളും, നമ്മുടെ ലക്ഷ്യങ്ങളും മുൻഗണനാക്രമങ്ങളും നാം ഗൗരവമായി പുനരവലോകനം ചെയ്യണം. ഇന്ത്യയിൽ സ്വാതന്ത്ര്യം കൂടിയതു നിമിത്തമുള്ള അവഭ്രംശങ്ങൾ കേരളത്തിലെ സഭകൾ കാണിക്കുന്നുണ്ട്. ഈ സ്വാതന്ത്ര്യം എങ്ങനെ ക്രിയാത്മകമായും മനുഷ്യസ്നേഹപരമായും ഇതരസമൂഹങ്ങളോടുള്ള സൗഹാർദ്ദത്തിലും സഹകരണത്തിലും വിനയപൂർവ്വം ഫലപ്രദമാക്കാം എന്നാണ് നാം ചിന്തിക്കേണ്ടത്. നീതിയും സമാധാനവും സ്നേഹവും സഹകരണവും നിലനിൽക്കുന്ന ഒരിടമായി സഭ രൂപാന്തരപ്പെടണം. അത്തരം ഇടങ്ങൾ ലോകത്തിൽ വളരെ കുറവാണ്. എല്ലാ ജനങ്ങളും ഉള്ളിന്റെ ഉള്ളിൽ കാംക്ഷിക്കുന്നത് അത്തരം ഇടങ്ങളാണ്. അതിനു പകരം ലോകത്തിന്റെ മലീമസമായ ഇടങ്ങളും സ്ഥാപനങ്ങളും വ്യവസ്ഥകളും തേടിപ്പോവുകയും അതിനായി ജനങ്ങളുടെ വിശ്വാസത്തെയും വിഭവശേഷിയെയും ബലികഴിക്കയും ചെയ്യുന്ന നയം ആത്യന്തികമായി തിരിച്ചടിക്കും.

മിലാൻ വിളംബരത്തിലൂടെ വിജയഭേരിയടിച്ച ക്രിസ്തീയ സഭയുടെ ഇപ്പോഴത്തെ അവസ്ഥ അത്ര വർണ്ണോജ്ജ്വലമല്ല. വീണ്ടും അതിലേക്ക് തിരിയാതെ "നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയു"മാണ് നാം അന്വേഷിക്കേണ്ടത്. അത് മനസ്സിലാക്കിക്കൊണ്ടാവണം ഫ്രാൻസിസ് മാർപാപ്പാ തന്റെ കൊട്ടാരം വിട്ട് സഭയുടെ ഹോട്ടലിൽ മറ്റുള്ളവരോടൊപ്പം താമസിക്കുന്നതും, രാജകീയ പദവികൾ എടുത്തണിയാൻ മടിക്കുന്നതും. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കാൻ ഇടയന്മാർ തയ്യാറാകുന്നത് ശുഭോദർക്കമാണ്.

**(കെ. എം. ജി)**

# ജനറൽ സെക്രട്ടറിയുടെ കത്ത്

വൈദിക സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണം നൽകിത്തരുന്ന പരിശുദ്ധ ബാവാ തിരുമേനിയുടെയും പ്രസിഡന്റ് തിരുമേനിമാരുടെയും വൈദിക ശ്രേഷ്ഠരുടേയും അകമഴിഞ്ഞ സ്നേഹമാണ് വൈദിക സംഘത്തിന്റെ പ്രവർത്തനങ്ങളിൽ അശക്തരായ ഞങ്ങളെ ശക്തരാക്കുന്നത്.

വൈദികസംഘത്തിന്റെ പ്രസിഡന്റായി ഏഴരവർഷക്കാലം അനുഗ്രഹീത നേതൃത്വം നൽകിയ അഭി. ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ആകസ്മിക വേർപാട് വൈദിക സംഘം പ്രവർത്തനത്തിന് തീരാനഷ്ടമാണ്. അഭി. തിരുമേനി ചൊരിഞ്ഞുതന്ന എല്ലാ പിതൃവാത്സല്യങ്ങൾക്കും വേദനയോടെ നന്ദി രേഖപ്പെടുത്തുന്നു.

വൈദിക സംഘത്തിന്റെ നേതൃത്വത്തിൽ നിരവധി വൈദിക കൂട്ടായ്മകൾ നടത്തപ്പെട്ടതിൽ ഞങ്ങൾക്ക് അഭിമാനം ഉണ്ട്. വടക്കൻ മേഖലയിലെ സർക്കാർ നീതിനിഷേധത്തിൽ പ്രതിഷേധിച്ച് തിരുവനന്തപുരത്തു നടന്ന വൈദിക സമ്മേളനവും പാളയം രക്തസാക്ഷിമണ്ഡപത്തിൽ നടന്ന പ്രതിഷേധ ധർണയും ചരിത്രപ്രാധാന്യം അർഹിക്കുന്നു. പുത്തൻകാവിൽ വച്ചുനടന്ന കാതോലിക്കേറ്റ് ശതാബ്ദി സമ്മേളനവും വൈദിക സാന്നിദ്ധ്യം കൊണ്ട് ഏറെ ശ്രദ്ധേയമായി.

വൈദികസംഘത്തിന്റെ സോണൽ മീറ്റിംഗുകൾ ഫലപ്രദമായി നടന്നുവരുന്നു. മലബാർ സോണിന്റെ വൈദിക സമ്മേളനം 2013 സെപ്റ്റംബർ മാസം 20-ാം തീയതി സുൽത്താൻ ബത്തേരി സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് അനുഗ്രഹീതമായി നടത്തപ്പെട്ടു. സോണൽ കോ-ഓഡിനേറ്റർ ഫാ. ബേബി ജോൺ പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

2013 ഒക്ടോബർ മാസം 1-ാം തീയതി ആലുവ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് നോർത്ത് സോണിന്റെ വൈദിക സമ്മേളനവും അനുഗ്രഹീതമായി നടത്തപ്പെട്ടു. സോണൽ കോ-ഓഡിനേറ്റർ ഫാ. സണ്ണി പുളിക്കക്കുടി പ്രത്യേക അഭിനന്ദനം അർഹിക്കുന്നു.

വൈദികരെ തമ്മിൽ ബന്ധിപ്പിക്കുന്ന മൊബൈൽ

മെസ്സേജ് സംവിധാനവും ഫലപ്രദമായി നടന്നുവരുന്നു. ചില സാങ്കേതിക കാരണങ്ങളാൽ എല്ലാ വൈദികർക്കും അത് ലഭിക്കാതെ പോകുന്നതിന്റെ പിന്നിൽ മെസ്സേജ് സംവിധാനത്തിന്റെ സാങ്കേതികത്വം മാത്രമാണ് ഉള്ളത്.

വൈദിക ക്ഷേമനിധിയിൽ നിന്ന് ധാരാളം തുക ചികിത്സ, വിദ്യാഭ്യാസം, ഭവനനിർമ്മാണം എന്നിവയ്ക്ക് നൽകുവാൻ കഴിയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ആയതിന് അവസരം ഒരുക്കുന്ന പരി. ബാവാതിരുമേനിയോടും വൈദിക ട്രസ്റ്റ് ജോൺസ് ഏബ്രഹം കോനാട്ടച്ചനോടും അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫിനോടും ഉള്ള നന്ദി രേഖപ്പെടുത്തുന്നു. പുരോഹിതൻ മാസിക ത്രൈമാസികമായി പ്രസിദ്ധീകരിച്ചുവരുന്നത് വർഷത്തിൽ ഒരിക്കലായി മാത്രം പരിമിതപ്പെടുന്നത് സാമ്പത്തിക പ്രതിസന്ധികൾ മൂലമാണ്. വന്ദ്യരായ വൈദിക ശ്രേഷ്ഠർ ക്രമമായി വരിസംഖ്യ നൽകി സഹായിച്ചാൽ ത്രൈമാസികയായിത്തന്നെ പുരോഹിതൻ പ്രസിദ്ധീകരിക്കാൻ കഴിയും.

നിങ്ങളേവരുടേയം അകമഴിഞ്ഞ പിന്തുണയ്ക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട്

സസ്നേഹം നിങ്ങളുടെ ജനറൽ സെക്രട്ടറി

**ഫാ. തോമസ് വർഗ്ഗീസ് അമയിൽ**
(ജനറൽ സെക്രട്ടറി)

# പൗരസ്ത്യ ആദ്ധ്യാത്മികതയുടെ മൗലിക പ്രമാണങ്ങൾ


## ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ


### ആമുഖം

ആദ്ധ്യാത്മികത പരിശുദ്ധാത്മാവിനാലും പരിശുദ്ധാത്മാവിനോടൊപ്പ വുമുള്ള സഹവാസമാണ്. അനുതാപം, പ്രാർത്ഥന, നോമ്പ്, കൗദാശിക ജീവിതം എന്നിവയിലൂടെ പാപത്തിനെതിരേയുള്ള പോരാട്ടമാണ്. പൗലോസ് ശ്ലീഹാ പറയുന്നത്, "ആത്മാവിനെ അനുസരിച്ചു നടപ്പിൻ.. ജഡാഭിലാഷം ആത്മാവിനും ആത്മാഭിലാഷം ജഡത്തിനും വിരോധമാ യിരിക്കുന്നത്. ആത്മാവിനെ അനുസരിച്ചു നടക്കുന്നുവെങ്കിൽ നിങ്ങൾ ന്യായപ്രമാണത്തിൻ കീഴിലുള്ളവരല്ല. ജഡത്തിന്റെ പ്രവൃത്തികളോ ദുർ നടപ്പ്, അശുദ്ധി, ദുഷ്ക്കാമ്മ, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ വെളിവാക്കുന്നു. ഈ വക പ്രവർത്തിക്കുന്ന വൻ ദൈവരാജ്യം അവകാശമാക്കുകയില്ല. ... ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം... എന്നിവ. യേശുക്രിസ്തുവിനു ള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു" എന്നാണ് (ഗലാ. 5:16-25). ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെ നിർവ ചിക്കാൻ 'ക്രിസ്തുവിലുള്ള ജീവിതം' ആത്മാവിലുള്ള ജീവിതം, ആത്മീയ ജീവിതം, ദൈവികജീവിതം ആദിയായ പദങ്ങൾ പൗരസ്ത്യപാരമ്പര്യ ത്തിൽ ഉപയോഗിക്കുന്നു. Gal.3:28, 3:20, 2 Cor. 4:11, 1 Cor. 7:8, Rom. 8:15, Eph: 3:16-17, Col. 3:3, Jn.14:23, 1 Jn. 34 തുടങ്ങിയ വേദഭാഗങ്ങൾ ഇതിന് ദൃഷ്ടാന്തമാണ്.

### പൗരസ്ത്യ ആദ്ധ്യാത്മികതയും ലക്ഷ്യങ്ങളും

പൗരസ്ത്യ ആദ്ധ്യാത്മികത അവതരിപ്പിക്കുന്നത് വികാരങ്ങളെ തൃണ വത്ഗണിച്ചും നന്മയിൽ വിജയിച്ചും അനുക്രമമായി ഒരു ക്രിസ്ത്യാനി നേടുന്ന പൂർണ്ണതയാണ്. വികാരങ്ങളെ അതിജീവിച്ച് നന്മയുടെ വ്യത്യസ്ത തലങ്ങളെ നേടുന്നതാണ് ആത്മീയതയുടെ മാനറിസം. ഇവിടെ മനുഷ്യൻ ഒരു നിയതമായ ക്രിസ്തീയ പൂർണ്ണതയിലെത്തു കയും സ്നേഹത്തിന്റെ ഔന്നത്യം കൈവരിക്കുകയും ചെയ്യുന്നു. ഇതാണ്

സമസ്ത വികാരങ്ങളെയും അതിജീവിച്ച് സർവ്വനന്മയും നേടുന്ന അവസ്ഥ. മനുഷ്യൻ ഈ കൊടുമുടി കയറുമ്പോൾ അറിയാതെ ക്രിസ്തുവിലേക്ക് ചരിക്കുകയും ക്രിസ്തുപാഠങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. ഇതിനെ ദൈവീകരണം (deification) എന്ന് നിർവചിക്കുന്നു.

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ലക്ഷ്യം വിശ്വാസിയുടെ ക്രിസ്തുവിലുള്ള പൂർണ്ണത ആണ്. ദൈവം അനാദന്ത്യനാകയാൽ ക്രിസ്തുവിലുള്ള ജീവിത ലക്ഷ്യത്തിനും പുരോഗതിക്കും ആദിയോ അന്തമോ ഇല്ല. പൗരസ്ത്യ പിതാക്കന്മാർ 'പൂർണ്ണത' അനന്തം (unlimited) ആണെന്ന് പറയുന്നു. പൂർണ്ണതയ്ക്ക് അന്തം ഉണ്ടെങ്കിൽ തിന്മയാകും. പൂർണ്ണത ലക്ഷ്യം മാത്രമല്ല അനന്തമായ പ്രതിഭാസം കൂടിയാണ്. ഈ പ്രതിഭാസത്തിൽ രണ്ട് പടവുകൾ വിശിഷ്ടമാണ്. ഒന്ന്, വികാരങ്ങളെ വിശുദ്ധീകരിച്ച് നന്മയെ നേടുന്ന പൂർണ്ണതയിലേക്കുള്ള പ്രയാണം. മറ്റൊന്ന് ദൈവവുമായി ചേരുന്നതിനുള്ള ചലനമാണ്. ഈ സമയത്ത് മാനുഷികമായത് ദൈവത്താൽ മാറ്റപ്പെടുന്നു. മനുഷ്യർ അതിമഹത്തായി ദൈവികജീവിതവുമായി കൂടിച്ചേരുന്നു.

പൗരസ്ത്യ ആദ്ധ്യാത്മികതയെ ചുരുക്കത്തിൽ ഇങ്ങനെ നിർവചിക്കാം.

1. ആത്മാവ് ദൈവത്തോട് ചേരുന്നതാണ് ആത്മിക ജീവിതത്തിന്റെ ഉന്നതി.

2. ഈ അവസ്ഥ (union) യാഥാർത്ഥ്യമാകുന്നത് പരിശുദ്ധാത്മപ്രവർത്തനത്തിലാണ്. എന്നാൽ ഈ അവസ്ഥയെ കൈവരിക്കുന്നതുവരെ മനുഷ്യൻ നിരന്തരമായ ശുദ്ധീകരണാവസ്ഥ (purification) യിലാകുന്നു.

3. മനുഷ്യൻ ദൈവസാദൃശ്യത്തിലെ (likeness of God) ത്തുമ്പോഴാണ് ഈ അവസ്ഥ സാദ്ധ്യമാകുന്നത്. ഈ Union ജ്ഞാനവും സ്നേഹവുമാണ്.

4. മനുഷ്യനിലെ ആത്മിക ഊർജ്ജ തീവ്രതയാണ് ഈ Union ന്റെ സ്വാധീനം.

പൗരസ്ത്യസഭകൾ 'ദൈവീകരണം' (deification) എന്ന പദം ഉപയോഗിക്കുന്നത് ദൈവത്തോടു കൂടിച്ചേരുന്നതിനെ സൂചിപ്പിക്കാനാണ്. മനുഷ്യനും ദൈവവും ഒന്നാണ് (Pantheistic identification) എന്ന് ഇതിനർത്ഥമില്ല. ദൈവികകൃപയിലൂടെ ദൈവവുമായി കൂടിച്ചേരുന്നു (union). ദൈവികദർശനം സാദ്ധ്യമാക്കുന്നു (vision), അവന്റെ ഭാഗഭാഗിത്വമായി മാറുന്നു (participation) എന്നാണ് ഇത് അർത്ഥമാക്കുന്നത്.

## പൗരസ്ത്യ ആദ്ധ്യാത്മികതയും ഈ ലോകവും

പൗരസ്ത്യ ആദ്ധ്യാത്മികത ജീവിതവ്യത്യസ്തതയുടേയോ ജീവിത ബന്ധങ്ങളിൽ നിന്നുള്ള വിമുഖതയുടേയോ അപൂർണ്ണമായ യുഗാന്ത്യത്തിന്റെയോ അനുഭവമല്ല. സഭാപിതാക്കന്മാർ പഠിപ്പിക്കുന്നത് മനുഷ്യൻ ദൈവവുമായി രഹസ്യാത്മക ബന്ധത്തിന്റെ (Mystical) പൂർണ്ണതയിലെത്താൻ സമസൃഷ്ടിയുമായി താദാത്മ്യപ്പെടണം എന്നാണ്. പൂർണ്ണത നേടാൻ വ്യത്യസ്ത മണ്ഡലങ്ങളിൽ നില്ക്കുന്ന ദൈവകൃപയും മനുഷ്യതാല്പര്യവും അനിവാര്യശക്തികളാണ്. ഇതിനെ എതിർക്കുന്ന പഠിപ്പിക്കലുകളെ സഭയും നിശിതമായി വിമർശിക്കുന്നു. ദൈവവുമായുള്ള യോഗാത്മക ബന്ധം മനുഷ്യനെ നന്മയുടെ ഉന്നതിയിലേക്കും പൂർണ്ണതയിലേക്കും നയിക്കുന്നു.

ക്രിസ്തീയ പൂർണ്ണത കൈവരിക്കാൻ ഈ ലോകത്തെയോ, അതിന്റെ പ്രവൃത്തികളെയോ ബഹിഷ്ക്കരിക്കുക എന്നുള്ളതല്ല, മറിച്ച് നന്മയുടെ പൂർണ്ണത കൈവരിക്കുക എന്നുള്ളതാണ്. ഒരു കർമ്മത്തിനും അതിൽത്തന്നെ പൂർണ്ണതയില്ല. എന്നാൽ പൂർണ്ണത കൈവരിക്കാനുള്ള സാദ്ധ്യതയുണ്ട്. പ്രകൃതിയെ പരിപാലിക്കുമ്പോൾ, ക്ഷമയും നന്മയും സ്വീകരിക്കുമ്പോൾ, ആത്മനിയന്ത്രണം കൈവരിക്കുമ്പോൾ, അയൽക്കാരനെ സ്നേഹിക്കുമ്പോൾ, ദൈവവിശ്വാസത്തിൽ ജീവിക്കുമ്പോൾ, ദൈവികതത്വങ്ങളിലേക്ക് കണ്ണുതുറക്കുമ്പോൾ, ഒക്കെ ഈ സാദ്ധ്യത കൈവരിക്കാം. ക്രിസ്തീയ ജീവിത പോരാട്ടത്തിന് കാരണമാകുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിൽ നിന്നു പോലും കുതറിയോടാതെ അതിൽത്തന്നെ ഉറച്ചു നിൽക്കണം. സ്വയം രൂപപ്പെടലിന്റെ അനിവാര്യത അപ്പാടെ സമസൃഷ്ടിയോടും കാട്ടുമ്പോൾ നന്മകളാൽ നാം നമ്മെത്തന്നെ സൗന്ദര്യമുള്ളവരാക്കുന്നു. ഇത് ലോകത്തിൽനിന്നുള്ള ഒരു മാറ്റമായി പരിഗണിക്കരുത്.

ഒരുവൻ ആദ്ധ്യാത്മികജീവിതത്തിന്റെ കൊടുമുടി കയറുന്നത് ധ്യാനത്തിലൂടെയാണ്. അയാൾ ധ്യാനജീവിതത്തിന്റെ ആകർഷണീയത കൊണ്ടും ശക്തികൊണ്ടും സമസൃഷ്ടിയെ തന്നെപ്പോലെയാക്കി ലോകത്തിന്റെ പുരോഗതിക്ക് ചുക്കാൻ പിടിക്കുന്നു. ഇത് സാദ്ധ്യമാക്കുന്നത് കല്പനകളുടെ നിറവേറ്റലിലൂടെയും നന്മപ്രവൃത്തികളിലൂടെയുമാണ്. പൂർണ്ണത സ്വായത്തമാക്കിയ മനുഷ്യൻ സമസൃഷ്ടിയിൽ സ്വാധീനം ചെലുത്തി അവരെ യഥാർത്ഥ ലക്ഷ്യത്തിലെത്തിക്കുന്നു. കാരണം നന്മയുടെ കാമനയായ സ്നേഹത്തിലാണ് ആത്മീയ മനുഷ്യൻ ജീവിക്കുന്നതും പോരാടുന്നതും. സ്നേഹത്തിൽത്തന്നെ ജ്ഞാനമുണ്ട്. മനുഷ്യസ്നേഹത്തിൽ നിന്നകറ്റാവുന്ന ഒന്നല്ല ദൈവസ്നേഹം.

## പൗരസ്ത്യ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം ത്രിത്വവും, മുഖമുദ്ര സ്നേഹവുമാണ്

ക്രിസ്തീയ ജിവിതത്തിന്റെ അടിസ്ഥാനം വി. ത്രിത്വത്തിന്റെയും മനുഷ്യാവതാരത്തിന്റെയും രഹസ്യ (Mystical) മാണ്. പൗരസ്ത്യ ആദ്ധ്യാത്മികതയിൽ മനുഷ്യാവതാരം ചെയ്തവനും സ്നേഹത്തിന്റെ പ്രസാരകനുമായ ഒരു ദൈവമുണ്ട്. അവൻ മനുഷ്യനെ സംഭ്രമിപ്പിക്കുന്നവനല്ല, അനുമോദിക്കുകയും സ്നേഹത്തിന്റെ നിത്യതയിലേക്ക് ഉയർത്തുകയും ചെയ്യുന്നവനാണ്.

സ്നേഹത്തിന്റെ പരമശക്തിയായ ഈ ദൈവം ഒരു വ്യക്തി മാത്രമല്ല. പൂർണ്ണ സംയോജിപ്പുള്ള വ്യക്തിത്വങ്ങളുടെ ഒരു സമൂഹമാണ്. വി. വേദപുസ്തകത്തിലെ ദൈവം പ. പിതാവും/പരി. റൂഹായും പരി. പുത്രനും ആയവൻ ലഘൂകരിക്കാനാവാത്തതരത്തിൽ വി. ത്രിത്വമായും ഏകമായും സ്ഥിതിചെയ്യുന്നു.

ആത്മികതയുടെ ത്രിത്വാടിസ്ഥാനം പരിശോധിക്കുമ്പോൾ നിത്യസ്നേഹത്തെ പ്രതിഫലിപ്പിക്കുന്ന പിതാവ്, പുത്രൻ, പരി. റൂഹാ എന്നീ പരമ വ്യക്തിത്വങ്ങളുടെ പ്രതിഫലനമാണെന്ന് ദർശിക്കാം. നമ്മുടെ സ്നേഹ ദാഹം ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. പിതാവ് സ്നേഹം വ്യാപരിപ്പിക്കാനാഗ്രഹിക്കുന്നത് പിതൃസ്നേഹരൂപത്തിലാണ്, ജഡാവതാരം ചെയ്ത പുത്രനിലൂടെ നാം സ്വീകരിക്കുന്നത് പിതാവിനെയാണ്. പിതാവ് പുത്രനിലൂടെ സമസ്തലോകത്തേയും സ്നേഹിക്കുന്നു. കാരണം പുത്രനെ മനുഷ്യപുത്രനായാണ് ലോകത്തിലേക്കയച്ചത്. പുത്രൻ മനുഷ്യനെ സ്നേഹിക്കുന്നത് ഉത്തമ സഹോദരങ്ങളെപ്പോലെയാണ്. പിതാവിന്റെയും പുത്രന്റെയും സ്നേഹം വ്യത്യസ്തമല്ല. പുത്രന്റെ സഹോദരസ്നേഹം പിതാവിന്റെ സ്നേഹത്തെയും പുത്രന് പിതാവിനോടുള്ള സ്നേഹത്തെയും പൂർത്തീകരിക്കുന്നു. പുത്രനെ ലോകത്തിലേക്ക് അയച്ചതിലൂടെ പിതാവ് നമ്മെ സ്നേഹിച്ച് വാത്സല്യ മക്കളായി പരിഗണിക്കുന്നു. ഈ പിതൃസ്നേഹം മനുഷ്യന് ലഭിക്കുന്നത് പരി. റൂഹായുടെ ആവസിപ്പ് വഴിയാണ്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനാൽ പരി. ആത്മാവ് വ്യാപരിക്കുന്നതിലൂടെ ദൈവത്തിന് നമ്മോടുള്ള സ്നേഹവും നമുക്ക് ദൈവത്തോടുള്ള സ്നേഹവും വ്യാപരിക്കുന്നു. സൃഷ്ടിക്ക് പരി. റൂഹാ നൽകുന്നത് ത്രിത്വാധിഷ്ഠിത ജീവിതവും സ്നേഹവുമാണ്. പരി. റൂഹാ നമ്മെ ദൈവീകരണത്തിലേക്ക് നയിക്കുന്നു. വി. കുർബ്ബാനയിലെ പരി. ആത്മ ആവാസം (Epiclesis) അപ്പവീഞ്ഞുകളെ തിരുശരീരരക്തങ്ങളാക്കി മാറ്റുക മാത്രമല്ല, ദൈവികജീവിതം സൃഷ്ടിക്ക് പ്രദാനം ചെയ്യുക കൂടിയാണ്. ഇതുകൊണ്ട് തന്നെയാണ് സഭയിലെ എല്ലാ കൂദാശകളിലും പരിശുദ്ധാത്മ ആവസിപ്പ് നടത്തുന്നതും. പരിശുദ്ധാത്മാവ് നമ്മെ ദൈവിക ലോക

ത്തേക്ക് ഉയർത്തുന്നു. അഥവാ ദൈവികലോകം നന്മയിലേക്ക് ആഴ്ന്നിറങ്ങുന്നു. ഇതാണ് ആത്മികതയുടെ യഥാർത്ഥ ലക്ഷ്യം.

## പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ആത്മാവ്

പൗരസ്ത്യ ആദ്ധ്യാത്മികത നന്മയുടെ പ്രയോഗം, പ്രാർത്ഥനയുടെ വരം എന്നിവയാണ്. പ്രാർത്ഥനയ്ക്കതീതമായ ഒരു കർമ്മവുമില്ല. സഭ അനുശാസിക്കുന്ന കാനോനിക പ്രാർത്ഥനകളും (7 യാമങ്ങൾ) കൂടാതെ വ്യക്തിപരമായ പ്രാർത്ഥനകളും ഇന്ന് പ്രയോഗത്തിലുണ്ട്. പ്രാർത്ഥനയിലൂടെ മനുഷ്യൻ ജ്വലിക്കുകയും പ്രാർത്ഥനയെ ആത്മീയജീവിതത്തിന്റെ അളവുകോലായി പരിഗണിക്കുകയും ചെയ്യുന്നു. വി. ദീവന്നാസ്യോസ് (St. Dionysius the Areopagite) ആത്മികജീവിതത്തെ ശുദ്ധീകരണം, പ്രകാശീകരണം, ദൈവീകരണം എന്നീ മൂന്ന് അവസ്ഥകളിൽ വ്യക്തമാക്കുന്നു. ഈ മൂന്ന് അവസ്ഥകളെ നന്മയുടെ പ്രയോഗം, പ്രകൃതിധ്യാനം, ദൈവികവിചിന്തനം എന്നീ മൂന്ന് അവസ്ഥകളിൽ പരിഗണിക്കാവുന്നതാണ്. അനുതാപത്തിൽ നിന്നാണ് നന്മയുടെ പരിശീലനം ആരംഭിക്കുന്നത്. വി. മാമ്മോദീസാ സ്വീകരിച്ച ക്രിസ്ത്യാനി വൈകാരിക അടിമത്വത്തിൽ നിന്ന് രക്ഷപെടാൻ ദൈവസഹായത്താൽ പോരാടുന്നു. കല്പനകളെ പ്രമാണിച്ച് ഹൃദയവിശുദ്ധി നേടി പ്രഥമാവസ്ഥ കൈവരിക്കുന്നു. ഇതിനെ ശുദ്ധീകരണം എന്ന് വിളിക്കുന്നു. രണ്ടാമത്തെ അവസ്ഥയായ പ്രകൃതിധ്യാനത്തിൽ സമസൃഷ്ടിയെ ദർശിക്കുകയും സർവ്വ സൃഷ്ടിയിലും ദൈവികസാന്നിദ്ധ്യം കുടികൊള്ളുന്നു എന്ന് മനസ്സിലാക്കി സഹജീവികളെ ആദരിക്കുകയും ചെയ്യുന്നു. ഇത് മൂന്നാമത്തെ അവസ്ഥയിലെത്തിക്കുന്നു. സർവ്വത്തിനും അതീതനായ ദൈവത്തെ ധ്യാനിക്കുന്നതിനും ദർശിക്കുന്നതിനും ഇടയാക്കുന്നു. ദൈവമഹത്വത്തിന്റെ പൂർണ്ണദർശനം വരുവാനുള്ളതെങ്കിലും ഇന്നും ദൈവമഹത്വം ദർശനീയമാണ്. സഭയിലെ വിശുദ്ധന്മാർ ഈ ആദ്യഫലത്തിന്റെ വിളവെടുപ്പ് അനുഭവിച്ചവരാണ്.

പ്രഥമാവസ്ഥ അഥവാ ശുദ്ധീകരണത്തെ പ്രവർത്തനജീവിതം (Active life) എന്നും രണ്ടും മൂന്നും അവസ്ഥകളായ പ്രകാശീകരണം, ദൈവീകരണം എന്നിവയെ ധ്യാനജീവിതം (Contemplative life) എന്നും വിളിക്കാറുണ്ട്. പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ട മറ്റൊരു വസ്തുത ഒരു സാമൂഹ്യപ്രവർത്തകനോ കുടുംബാംഗമോ മിഷനറിയോ മാത്രമല്ല പ്രവർത്തനജീവിതം (Active life) നയിക്കുന്നത്. ഒരു സന്യാസിയും വൈകാരിക ജീവിതത്തെ അതിജീവിച്ച് നന്മയിൽ വളരാൻ പ്രവർത്തിക്കണം. അതുപോലെ ധ്യാനജീവിതം (Contemplative life) സന്യാസികൾക്കോ, ഏകാന്തവാസികൾക്കോ മാത്രമല്ല, ഏതൊരു സാധാരണ മനുഷ്യനും (a clerk, a typist or house wife) അത് അനുഷ്ഠിക്കാവുന്നതാണ്. പരിപൂർണ്ണ ആന്ത

രിക നിശബ്ദതയിൽ ഹൃദയവിശുദ്ധി നേടി ഒരു പൂർണ്ണ അർത്ഥത്തിൽ 'ധ്യാനജീവിതം' കൈവരിക്കണം.

## ചില അനുമാനങ്ങൾ

1. പൗരസ്ത്യ പാരമ്പര്യം സഭാവിശ്വാസികളിൽ ഉറപ്പിക്കേണ്ടതുണ്ട്. ക്രിസ്തുവിനേയും സഭയേയും തിരസ്ക്കരിക്കുന്ന ചില കൂട്ടരുണ്ട്. 'രക്ഷ' അവർക്ക് അവ്യക്തമായ ധാരണയുടേതാണ്. എന്നാൽ ഒരു സഭാവിശ്വാസിക്ക് മരുഭൂമിയിലെ ഏകാന്തതയുടെ ഏകാന്തതയ്ക്കുള്ളിലും ഒരു നല്ല പട്ടണത്തിന്റെ ശില്പിയാകാം. അതായത് സന്യാസജീവിതം എന്നാൽ സാമൂഹികവും മതപരവുമെന്ന് വിവക്ഷ. ക്രിസ്ത്യാനിയെന്നാൽ സഹോദരങ്ങളുള്ളവൻ, കുടുംബമുള്ളവൻ. ഈ കുടുംബമാണ് സഭ.

2. ആത്മികജീവിതം സഭാജീവിതം മാത്രമല്ല, കൗദാശിക ജീവിതം കൂടിയാണ്. കൂദാശ ക്രിസ്തുകേന്ദ്രീകൃത ജീവിതത്തിന് രൂപം നൽകുന്നു. കൂദാശകളിൽ, പ്രത്യേകിച്ച് വി. കുർബ്ബാനയിൽ, കേന്ദ്രീകൃതമായ സംഘടിത ആരാധനയുടെ നിറമാണുള്ളത്. തിരുശരീരരക്തങ്ങളുടെ ആഘോഷമാണ്. ക്രിസ്തീയജീവിതത്തെ പൂർണ്ണതയിലേക്ക് ചലിപ്പിക്കുന്നതാണ്.

3. ആത്മികജീവിതം സുവിശേഷത്തിന്റേതാണ്. ഓരോ പാത മുന്നേറുമ്പോഴും വഴികാട്ടിയായി വേദവചനങ്ങളിലെ ദൈവശബ്ദത്തിന് നാം കാതോർക്കുകയാണ്. ദൈവവചനത്തിൽ നിന്നാർജ്ജിച്ച പ്രചോദനവുമായി സഹോദരസൃഷ്ടിയുടെ മുമ്പിൽ യഥാർത്ഥ ക്രിസ്തീയ സാക്ഷ്യത്തിന്നായി നാം ശ്രമിക്കുന്നു. പ്രാർത്ഥനയിലൂടെ, ഉപവാസത്തിലൂടെ, ദാനധർമ്മങ്ങളിലൂടെ ക്രിസ്തുസാക്ഷ്യവും സുവിശേഷ പ്രസരണവും നമ്മിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു. ഉപവാസം, വിശുദ്ധീകരണം, ദാനധർമ്മങ്ങൾ എന്നിവ ദൈവിക കൃപയുടെ വിപുലതയാകുന്നു.

പൗരസ്ത്യ ആദ്ധ്യാത്മികതയുടെ ത്രിത്വവിശ്വാസത്തേയും ക്രിസ്തുവിജ്ഞാനീയത്തേയും സഭാ-കൗദാശിക ജീവിത സംഭവങ്ങളേയും അനാവരണം ചെയ്യുന്നതാണ് ഈ അനുമാനങ്ങൾ.

## ഉപസംഹാരം

പൗരസ്ത്യ ആദ്ധ്യാത്മികത കുടുംബജീവിതത്തിനും സന്യാസജീവിതത്തിനും മതിയായ സാദ്ധ്യതകൾ നൽകുന്നു. ഇത് അർത്ഥമാക്കുന്നത് കുടുംബജീവിതവും സന്യാസജീവിതവും വ്യത്യസ്ത ജീവിതരീതികളിലാണെങ്കിലും ക്രിസ്തീയ ജീവിതലക്ഷ്യത്തിൽ വ്യത്യസ്തതകളില്ല എന്നതാണ്. ഈ രണ്ട് ജീവിതമണ്ഡലങ്ങളിലും നന്മയുടെ പ്രയോഗം അതിയായി സ്തുതിക്കപ്പെടുന്നു. ഇതിലൂടെ കുടുംബജീവിതവും സന്യാസജീവിതവും പരസ്പരം ബന്ധിക്കപ്പെടുകയും ചെയ്യുന്നു.

പൗരസ്ത്യ ആദ്ധ്യാത്മികത സമകാലീന ഉണർവ്യോഗങ്ങളെപ്പോലെ

ഉന്മാദവാഹിയല്ല. മറിച്ച് നിത്യമായ സ്വർഗ്ഗീയ ആനന്ദത്തിന്റെ ഒരു മഹത്തായ പാഠം പഠിപ്പിക്കുന്നു. വിഭാഗീയതയുടെ മോചനം, സന്യാസ നിശബ്ദത, അതിഥി പരിചരണം ആദിയായ അദ്ധ്യായങ്ങൾ പൗരസ്ത്യ ആദ്ധ്യാത്മികതയിൽ നിറഞ്ഞ് നില്ക്കുന്നു. 'ലോകത്യാഗം' (to flee from the world) എന്ന് സഭാപിതാക്കന്മാർ അർത്ഥമാക്കുന്നത് വിഭാഗീയ മണ്ഡലങ്ങളിൽ നിന്നുള്ള മോചനമാണ്. ക്രിസ്തുവിന്റെ പുനരുത്ഥാന രഹസ്യ (Paschal Mystery) ത്തിലൂടെ മാത്രമേ പൗരസ്ത്യ ആദ്ധ്യാത്മികത മനസ്സിലാക്കാനാകൂ. ഇത് ക്രൂശിന്റെ ചുവട്ടിലെ ദൃഢസത്യമാണ്. പുനരുത്ഥാനത്തിന്റെ പാതയാണ്. കുരിശിൽ സന്തോഷം കണ്ടെത്തുന്ന മനുഷ്യൻ രക്ഷാകരപദ്ധതിയിലെ അംഗമാണ്. ക്രിസ്തീയ ആനന്ദമാണ് ശക്തി. ക്രിസ്തുവിന്റെ ക്രൂശ് വഹിക്കുന്ന മനുഷ്യന്റെ വേദന ദൈവത്തിന്റെ, സമസൃഷ്ടിയുടെ, പ്രപഞ്ചത്തിന്റെ ശുദ്ധീകരിച്ച സ്നേഹമാണ്. അതിലുപരി ആനന്ദത്തിന്റെ വർദ്ധനവാണ്. ❑

## ദൈവം

1. നമ്മുടെ ഉൾക്കണ്ണുകൾ കൊണ്ട് ദൈവത്തെ കണ്ട് ദൈവത്തിങ്കലേക്കു നോക്കുന്നിടത്തോളം കാലം ഒരു ദോഷവും നമ്മോട് അടുക്കുകയില്ല. സകല ദോഷത്തിൽനിന്നും അവൻ നമ്മെ കാത്തുകൊള്ളും. നമുക്ക് അപത്തുണ്ടായാലും രോഗം ഉണ്ടായാലും ദാരിദ്ര്യം ഉണ്ടായാലും നമ്മുടെ കണ്ണു ദൈവത്തിൽ നിന്നു പറിക്കാതെ ജീവിക്കുന്നിടത്തോളം കാലം നമുക്കു യാതൊരു ദോഷത്തെയും ഭയന്നിട്ടു കാര്യമില്ല.

2. പിതാവിന്റെ മനസ്സും ശ്രദ്ധയും ഹൃദയവും ദൃഷ്ടിയും എല്ലാ കുഞ്ഞുങ്ങൾക്കുമേൽ ഉണ്ടായിരിക്കും. ഇപ്രകാരമാണ് ദൈവവും അവന്റെ കുഞ്ഞുങ്ങളാകുന്ന നാം ഓരോരുത്തരെയും സ്നേഹിക്കുന്നത്.

3. കർത്താവിന്റെ മഹിമയോടു ചേർന്നു വസിക്കുന്നവർക്കു ഒരു കുലുക്കവും ഇളക്കവും ഇല്ല, അവർക്കു നല്ല ഉറപ്പും, ധൈര്യവും ഉണ്ടായിരുന്നു.

4. എന്തെല്ലാം ദുരിതങ്ങളും കഷ്ടതകളും ഉണ്ടായാലും അതെല്ലാം ദൈവകുഞ്ഞുങ്ങൾക്കു അനുഗ്രഹമായിട്ടെ തീരുകയുള്ളു. എന്തെന്നാൽ ദൈവപുത്രൻ പിതാവായ ദൈവത്തിന്റെ വലത്തു ഭാഗത്ത് എപ്പോഴും നമ്മെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കുന്നു. അവന്റെ സഹോദരന്മാരാകുന്നു നാം. അവൻ പിതാവായ ദൈവത്തിന്റെ അടുക്കൽ എപ്പോഴും നമുക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന ചെയ്തുകൊണ്ടു നിൽക്കുന്നു.

**– പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ**

# മലങ്കര ഓർത്തഡോക്സ് സഭാ ഭരണഘടന: ഒരു ലഘു വിചിന്തനം


## ഫാ. ഡോ. ജേക്കബ് കുര്യൻ
(പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി)


**ആമുഖം**

1934 ഡിസംബർ 26നു കോട്ടയം എം. ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പാസാക്കിയ *മലങ്കരസഭാ ഭരണഘടന* ഒരു വലിയ *പോരാട്ട*ത്തിന്റെയും ഒരു *സമവായ* സങ്കല്പത്തിന്റെയും രേഖാസാക്ഷ്യമാണ്. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭാരതത്തിലെ ദേശീയ സഭയുടെ പൗരസ്ത്യവും, തദ്ദേശീയവും, സ്വതന്ത്രവുമായ സ്വഭാവം പരിരക്ഷിക്കുവാനുള്ള *പോരാട്ടം* ഒരുവശത്ത്; പാശ്ചാത്യ സഭകളുടെ അധിനിവേശ ശ്രമങ്ങളെ ചെറുത്തു നിൽക്കുവാൻ ഈ സഭയെ പിന്തുണച്ച അന്ത്യോഖ്യൻ സുറിയാനി സഭയുമായുള്ള ബന്ധം മാന്യമായി തുടരുവാനുള്ള *സമവായ* ചിന്ത മറുവശത്ത്. സൂക്ഷ്മമായി പരിശോധിച്ചാൽ മലങ്കരസഭാ ഭരണഘടനയുടെ ബലവും ബലഹീനതയും മേല്പറഞ്ഞ രണ്ടുവശങ്ങളെയും ചേർത്തു കൊണ്ടുപോകുവാനുള്ള താല്പര്യമാണ്. ഇന്ത്യക്കു, സ്വാതന്ത്ര്യം കിട്ടുന്നതിനും, ഭരണഘടന ഉണ്ടാകുന്നതിനും മുമ്പുതന്നെ ഇന്ത്യയിലെ ക്രൈസ്തവ സഭ, സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ ഭരണഘടന പാസ്സാക്കിയെന്ന ചരിത്ര സംഭവത്തിനു പ്രത്യേക പ്രസക്തിയുണ്ട്. എങ്കിലും, ഭരണഘടനയുണ്ടായിട്ട് എഴര നൂറ്റാണ്ടായപ്പോഴേക്കും, മാറിക്കൊണ്ടിരിക്കുന്ന ബാഹ്യവും ആഭ്യന്തരവുമായ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ ഭരണഘടനയെക്കുറിച്ച് ഒരു പുനർവിചിന്തനത്തിനും പ്രസക്തിയുണ്ട്.

**1. മലങ്കരസഭയുടെ ഭരണഘടനാരൂപീകരണത്തിന്റെ ചരിത്ര പശ്ചാത്തലം**

മലങ്കരസഭയ്ക്കുള്ളിൽ ബാവാകക്ഷിയും, മെത്രാൻ കക്ഷിയും എന്ന രണ്ട് കക്ഷികൾ തമ്മിലുള്ള കലഹം കൊടുമ്പിരികൊണ്ടിരിക്കുന്ന ഒരു കാലമായിരുന്നു 1911നും 1934നും ഇടയിൽ. മലങ്കരസഭയുടെ സ്വത്തുക്കളും, ഭരണവും കൈയടക്കുവാനുള്ള അന്ത്യോഖ്യപാത്രിയർക്കീസ് അബ്ദുള്ള രണ്ടാമന്റെ ശ്രമങ്ങളുടെ ഭാഗമായി, 1911 ൽ മലങ്കര മെത്രാപ്പോലീത്ത വട്ടശ്ശേരിൽ ഗീവർഗ്ഗീസ് ദീവന്നാസ്യോസിനെതിരെ മുടക്കു

കല്പന പുറപ്പെടുവിച്ചു. എന്നാൽ 1912ൽ, അബ്ദേദ് മിശിഹാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ തന്നെ മലങ്കരയിൽ കാതോലിക്കേറ്റ് ആവിഷ്ക്കരിക്കപ്പെട്ടു. 1913ൽ വട്ടശ്ശേരിൽ തിരുമേനിക്കെതിരെ വട്ടിപ്പണക്കേസ് ആരംഭിച്ചു. പ്രസ്തുത കേസിൽ തനിക്കെതിരെ ഹൈക്കോടതി വിധിയുണ്ടായതിന് ഒരു പുനർവിചാരണ ആവശ്യപ്പെട്ട് വട്ടശ്ശേരിൽ തിരുമേനി സമർപ്പിച്ച അപേക്ഷ 1923ൽ (1101 മീനം 3) അനുവദിക്കപ്പെട്ടു. ഈ പുനർവിചാരണയുടെ കാലത്ത് ഇരുകക്ഷിയിലും, ഒരു ഊർജ്ജിതമായ സമാധാനകാംക്ഷ ഉണ്ടായി. അതിന്റെ പ്രധാനകാരണം, കേസ്സിന്റെ പരിണിതഫലത്തെ സംബന്ധിച്ച് ബാവാക്കക്ഷിക്കുണ്ടായ ആശങ്കതന്നെയായിരുന്നു. 1927ൽ (1102 കുംഭം 2) കോനാട്ട് മല്പാന്റെ നേതൃത്വത്തിൽ ഇരു വിഭാഗത്തിലെയും നേതാക്കളെ പങ്കെടുപ്പിച്ച് ആലുവയിൽ ഒരു ആലോചനായോഗം നടന്നു. സമാധാനാലോചനകൾ തുടരുവാൻ കോനാട്ടു മല്പാൻ, ഇ. ജെ. ജോൺ, റാവുസാഹിബ്, ഒ. എം. ചെറിയാൻ എന്നിവരെ ചുമതലപ്പെടുത്തി. ഇതുകൂടാതെ, ഈ ആലോചനകൾക്ക് വഴിയൊരുക്കുവാൻ അന്നത്തെ വൈസ്രോയി, ആംഗ്ലിക്കൻ ബിഷപ്പന്മാരായ ഗോർ, വെസ്റ്റ് കട്ട് എന്നിവരുടെ പരിശ്രമങ്ങളും സഹായിച്ചു. ഈ പശ്ചാത്തലത്തിൽ, മെത്രാൻ കക്ഷിയുടെ നേതാക്കളായ അത്മായ പ്രമുഖരുടെ മനസ്സിൽ ഒരാശയം ഉദിച്ചു. പാത്രിയർക്കീസിനു ഉന്നതമായ സ്ഥാനം നൽകിയും, ഭരണപരമായി മലങ്കരമെത്രാപ്പോലീത്തായുടെ അവകാശം ഉറപ്പിച്ചും, കാതോലിക്കായുടെ കീഴിൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെ സജ്ജീകരിച്ചും, എപ്പിസ്ക്കോപ്പലും ജനായത്തവുമായ ഒരു ഭരണസംവിധാനം ഉറപ്പാക്കുകയും ചെയ്യുന്ന ഒരു ഭരണഘടന ഉണ്ടായാൽ, ഭിന്നിച്ചു നിൽക്കുന്ന രണ്ടു കക്ഷികളെയും സമാധാനപ്പെടുത്താം എന്ന്. അതുകൊണ്ട് *സഭാസമാധാനത്തിന്റെ ഫോർമുല* എന്നനിലയിൽ ഒരു ഭരണഘടനാ രൂപീകരണത്തെക്കുറിച്ച് അവർ നിർദ്ദേശിച്ചു. അങ്ങനെ, 1928 ഓഗസ്റ്റിൽ കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി, ശ്രീ. ഒ. എം. ചെറിയാന്റെ നേതൃത്വത്തിൽ ഒരു ഭരണഘടനാ സബ്കമ്മറ്റിയെ ചുമതലപ്പെടുത്തി. ഒ. എം. ചെറിയാൻ, "നിയമസംഹിത" എന്നപേരിൽ ഒരു പ്രാഥമികരേഖ തയ്യാറാക്കി പലരുടെയും അഭിപ്രായത്തിനു സമർപ്പിച്ചു. 1930 സെപ്റ്റംബർ 4ന് പഴയസെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മേപ്പടി നടപടികളുടെ തുടർച്ചയായി ഒരു "ഭരണഘടനക്രമം" ഉണ്ടാക്കുവാൻ ഒരു കമ്മറ്റിയെ നിയമിച്ചു. പ്രസ്തുത കമ്മറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരുന്നു. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഈ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, പത്രോസ് മത്തായി, ജേക്കബ്

കുര്യൻ, റ്റി. ജോസഫ്, കെ.റ്റി. മാത്യു, പി.റ്റി. ഈപ്പൻ, ഇ. ജെ. ഫിലിപ്പോസ്, ഡോക്ടർ സി. റ്റി. ഈപ്പൻ, റാവുസാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ).

എന്നാൽ ഈ നീക്കങ്ങളോട് അന്നത്തെ മലങ്കരമെത്രാപ്പോലീത്ത വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസിന് അത്ര യോജിപ്പില്ലായിരുന്നുവെന്നത് ഒരു വസ്തുതയാണ്. സമാധാനം ഉണ്ടാകുന്നതിനോടോ, ഭരണഘടന ഉണ്ടാക്കുന്നതിനോടോ അദ്ദേഹത്തിന് എതിർപ്പില്ലായിരുന്നു. എന്നാൽ ഒരു കക്ഷിയിലുള്ളവർ മാത്രം കൂടി ഇരുകക്ഷിയ്ക്കുംവേണ്ടി ഭരണഘടന ഉണ്ടാക്കുന്നതിന്റെ പ്രായോഗികതയെക്കുറിച്ച് അദ്ദേഹത്തിന് സംശയം ഉണ്ടായിരുന്നു. മാത്രയുമല്ല മറുകക്ഷിയില്ലാതെ ഒരു കക്ഷി തന്നെ ഒരു സമവായ ചിന്തയിൽ ഭരണഘടനയുണ്ടാക്കി പാസ്സാക്കിയാൽ, സ്വന്തം കക്ഷിയുടെ തന്നെ സ്വാതന്ത്ര്യനീക്കങ്ങളുടെ സാധ്യതയ്ക്ക് നിയന്ത്രണമേർപ്പെടുത്തുകയേയുള്ളൂവെന്നും അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ട്, അദ്ദേഹം തന്നെ ഒരു ഭരണഘടനാനക്കൽ തയ്യാറാക്കി 1932 ൽ "കേരളകേസരി" പത്രത്തിൽ ജൂലായ് മുതൽ സെപ്റ്റംബർ വരെയുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചതിന് ആമുഖമായി അദ്ദേഹം ഇപ്രകാരം എഴുതി:

> "നമ്മുടെ സഭയിലെ ഇപ്പോഴത്തെ കക്ഷിവഴക്കുകളും കുഴപ്പങ്ങളും ആലോചിച്ചാൽ ഒരു ഭരണഘടന എഴുതി ഉണ്ടാക്കി ചിലർ മാത്രം ചേർന്ന് പാസ്സാക്കിയതുകൊണ്ട് യാതൊരു ഗുണവും ഉണ്ടാകുവാൻ ഇല്ല. ഭരണഘടന പാസ്സാക്കിയാൽ ആയതു നടപ്പിൽ വരുത്തണം. ഭിന്നിച്ചു നിൽക്കുന്ന കക്ഷികൾ തമ്മിൽ യോജിച്ചു പാസ്സാക്കാത്ത പക്ഷം നടപ്പിൽ വരാനും വരുത്തുവാനും പ്രയാസമാണ്. ഘടനയ്ക്കായി ആഗ്രഹിക്കുന്ന ചിലർക്ക് തൽക്കാലം ഒരു സംതൃപ്തി ഉണ്ടായേക്കാമെങ്കിലും നമ്മുടെ സഭയുടെ ഭാവിക്ഷേമത്തെ ആഗ്രഹിച്ചുകൊണ്ട് തൽക്കാല ഉപദ്രവങ്ങളെയും പ്രയാസങ്ങളെയും സഹിച്ചു പരമാർത്ഥ ഹൃദയത്തോടുകൂടി യുദ്ധം ചെയ്യുകയും അതേസമയം തന്നെ നിയമങ്ങൾക്ക് കീഴ്പ്പെട്ടിരിക്കണമെന്ന് നിർബന്ധമുള്ളവരായിരിക്കയും ചെയ്യുന്നവർ ഉണ്ടായിരുന്നാൽ അവരുടെ കൈകാലുകളെ കെട്ടി ഇടുക എന്നുള്ളതായിരിക്കും ഇതിൽ നിന്നുള്ള ഫലം. ഘടന ഉണ്ടാക്കുന്നെങ്കിൽ ഭിന്ന കക്ഷികൾ ചേർന്ന ഒരു ഘടന ഉണ്ടാക്കുകയോ അതിനു സാധിക്കാത്ത പക്ഷം കക്ഷികൾ തമ്മിൽ വേർതിരിഞ്ഞിട്ട് ഏതു കക്ഷികളെ ഉദ്ദേശിച്ച് ഉണ്ടാക്കുന്നുവോ ആ

കക്ഷിക്ക് ഉപയുക്തമായ വിധത്തിൽ ഉണ്ടാക്കുകയോ ആണ് വേണ്ടത്... കക്ഷികൾ തമ്മിൽ യോജിച്ച് ഘടന ഉണ്ടാക്കുകയാണെങ്കിൽ വേറെ ആരെല്ലാം ചേർന്നാലും ചേർന്നില്ലെങ്കിലും മലങ്കരയുള്ള അതാതു ഭാഗത്തെ മേൽപട്ടക്കാരും, പാത്രിയർക്കീസിനെ സംബന്ധിച്ചിട ത്തോളമുള്ളത് പാത്രിയർക്കീസും കൂടി ചേർന്നുണ്ടാക്കി പാസ്സാക്കണം....." (ഇസഡ്. എം. പാറേട്ട്, *മലങ്കര നസ്രാണികൾ,* പത്താം വാല്യം, പേജ്. 508.)

ഭരണഘടനാ സബ്കമ്മറ്റി ഉണ്ടാക്കിയ നക്കലുകളെക്കുറിച്ചും, വട്ട ശ്ശേരിൽ തിരുമേനി ഉണ്ടാക്കിയ നൂറ്റമ്പതു വകുപ്പുകളുള്ള നക്കലിനെ ക്കുറിച്ചും ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ 1934 ഫെബ്രുവരി 23ന് വട്ട ശ്ശേരിൽ തിരുമേനി കാലം ചെയ്തു. അധികം വൈകാതെ, 1934 ഡിസം ബർ 26ന്, ഭരണഘടനാ സബ്കമ്മറ്റി അവസാനമായി അംഗീകരിച്ച് സമർപ്പിച്ച ഭരണാഘടനാരൂപം മലങ്കര അസോസിയേഷൻ പാസ്സാക്കി. ആയത് 1935ൽ (1110 ധനു 11) പ്രാബല്യത്തിലും വന്നു.

**2. 1934 ലെ ഭരണഘടനയ്ക്ക് അടിസ്ഥാനമായി കാണാവുന്ന പ്രധാന സംഭവങ്ങളും രേഖകളും**

വേദപുസ്തകവും, ആദിമ സാർവ്വത്രിക സുന്നഹദോസുകളും ഒക്കെ മലങ്കരസഭാ ഭരണഘടനയ്ക്ക് അടിസ്ഥാനപ്പെട്ടതാണെങ്കിലും, പ്രത്യേ കമായി 1840 മുതലുള്ള ചില സംഗതികളെയാണ് ഈ ഭാഗത്ത് പരാ മർശിക്കുന്നത്.

**(i) 1840 ലെ കൊച്ചിൻ പഞ്ചായത്തു വിധി**

1840 ഏപ്രിൽ 4ലെ കൊച്ചിൻ പഞ്ചായത്തുവിധി അഥവാ കൊച്ചിൻ അവാർഡ് ആണ് മലങ്കരസഭാ ഭരണത്തിൽ കൂട്ടു ട്രസ്റ്റി സംവിധാനം കൊണ്ടുവരുന്നത്. ട്രസ്റ്റികൾ തെരഞ്ഞെടു ക്കപ്പെട്ടവരാകണമെന്നും ഈ വിധിയിൽ പറഞ്ഞിരുന്നു. ഇതനു സരിച്ചാണ്, മെത്രാപ്പോലീത്തൻ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നീ സ്ഥാനങ്ങൾ മലങ്കരസഭാ ഭരണഘടന യിൽ പ്രതിഷ്ഠിക്കപ്പെടുന്നത്. (ചർച്ച് മിഷണറി സൊസൈറ്റി യും, മലങ്കര മെത്രാൻ ചേപ്പാട് മാർ ദീവന്നാസ്യോസും തമ്മിലു ണ്ടായ സെമിനാരി സംബന്ധമായ അവകാശത്തർക്കത്തിന്മേലാ യിരുന്നു കൊച്ചിൻ അവാർഡ് അഥവാ, കൊച്ചിൻ പഞ്ചായത്ത് വിധി)

(ii). 1852 ലെ (മിഥുനം 9) "കൊല്ലം പഞ്ചായത്ത്" വിധിയനു

സരിച്ച് മലങ്കര മെത്രാപ്പോലീത്ത, മലങ്കര സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിന്നുള്ള നാട്ടുകാരനായ മെത്രാനായിരിക്കണം എന്ന നിരീക്ഷണം, ഭരണകാര്യത്തിൽ വിദേശീയരായ സഭാതലവന്മാർക്ക് നിയന്ത്രണം വരുത്തുന്നതായിരുന്നു.

(iii). 1853 ൽ (1028 കുംഭം 2) മലങ്കരമെത്രാൻ പാലക്കുന്നത്തു മാത്യൂസ് അത്താനാസ്യോസ് കോട്ടയം സെമിനാരിയിൽ വിളിച്ചു കൂട്ടിയ പള്ളിപ്രതിനിധിയോഗത്തിൽ, സഭയ്ക്ക് 103 ചട്ടങ്ങൾ ഉൾപ്പെട്ട ഒരു ചട്ടവര്യോല ഉണ്ടാക്കി. മലങ്കരയിൽ ഭരണപരമായി, തദ്ദേശീയ വ്യവസ്ഥകൾ ഉണ്ടാക്കിയ ആദ്യ സംഭവമാണിതെങ്കിലും, ഇത് നടപ്പിൽ വരുത്തിയിരുന്നതായി തെളിവുകളില്ല (ഫാ. ഡോ. ജോസഫ് ചീരൻ, “കണ്ടനാട് ഗ്രന്ഥവരി”, പേജ് 60-78)

(iv). 1870ൽ (1045 മകരം 26ന്)കോട്ടയം സെമിനാരിയിൽ കൂടിയ ഭാഗികമായ ഒരു പ്രതിപുരുഷയോഗം “സഭയ്ക്ക് ഇനിമേൽ ഒരു ആലോചനക്കൂട്ടം വേണ്ടിയിരിക്കുന്നു” എന്നും, ആയത് “മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങളും” ഉൾപ്പെട്ടതായിരിക്കണമെന്നും നിശ്ചയിച്ചു. (ഈ യോഗം പാലക്കുന്നത്തു മെത്രാച്ചന്റെ കല്പന പ്രകാരമാണ് കൂടിയത് - കണ്ടനാട് ഗ്രന്ഥവരി, പേജ് 154-156 കാണുക).

(v). മേല്പറഞ്ഞ ആലോചനക്കൂട്ടം 1870ൽ (1045 മിഥുനം 22ന്) കൂടി ഇരുപതു ഭരണപരമായ തീരുമാനങ്ങൾ ചെയ്തു. (കണ്ടനാട് ഗ്രന്ഥവരി പേജ് 159-162)

(vi). 1873ൽ (1049 ചിങ്ങം 27)ന്, പരുമല സെമിനാരിയിൽ, പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ വിളിച്ചുകൂട്ടി യുയാക്കീം മാർ കൂറിലോസ് അദ്ധ്യക്ഷത വഹിച്ച പരുമല സുന്നഹദോസ് ഒരു സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ഉണ്ടാക്കേണ്ടതുൾപ്പെടെ ഇരുപത്തിയേഴു ഭരണപരമായ തീരുമാനങ്ങൾ ചെയ്തു (കണ്ടനാട് ഗ്രന്ഥവരി, പേജ് 191-198).

(vii). 1876 മിഥുനം 15 മുതൽ നാലുദിവസം മുളന്തുരുത്തിപ്പള്ളിയിൽ കൂടിയ മുളന്തുരുത്തി സുന്നഹദോസ്, മലങ്കര മെത്രാൻ അദ്ധ്യക്ഷനായി സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരിക്കുവാനും, ആയതിന് പ്രധാന കമ്മറ്റിയായി എട്ട് വൈദികരെയും പതിനാറ് അയ്മേനികളെയും തീരുമാനിച്ചു. (ഇവിടെയാണ് മലങ്കര അസോസിയേഷന്റെയും മാനേജിംഗ് കമ്മറ്റിയുടെയും ആരംഭം)- കണ്ടനാട് ഗ്രന്ഥവരി, പേജ് 610-630).

(viii). 1878ൽ (1053 കുംഭം 3) പരുമലയിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര അസോസിയേഷൻ, മാർ ദീവന്നാസ്യോസ് പ്രസിഡന്റും, മറ്റ് ആറ് മെത്രാന്മാരും, 17 എ ക്ലാസ്സ് അംഗങ്ങളും 23 ബി ക്ലാസ്സ് അംഗങ്ങളും ഉള്ള മാനേജിംഗ് കമ്മറ്റിയെ വിപുലീകരിച്ചു (ഇതനുസരിച്ചാണ് ഭരണമുള്ള മെത്രാന്മാർ, മാനേജിംഗ് കമ്മറ്റിയിൽ ഉൾപ്പെടുന്ന വകുപ്പുണ്ടാകുന്നത്).

(ix). 1879ൽ പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമൻ, പാലക്കുന്നത്തു തോമസ് അത്താനാസ്യോസിനെതിരെ ഫയൽ ചെയ്ത *സെമിനാരികേസ്സിൽ*, പുലിക്കോട്ടിൽ തിരുമേനി സമർപ്പിച്ച ഹൂദായകാനോൻ പതിപ്പിൽ പാത്രിയർക്കീസിന് പൗരസ്ത്യസഭയുടെമേൽ അധികാരമുള്ള ചില വകുപ്പുകൾ ഉണ്ടായിരുന്നു. (ഈ പതിപ്പ് വൈകല്യമുള്ളതാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടുവെങ്കിലും, മലങ്കരസഭയുടെ അംഗീകൃത കാനോൻ ഹൂദായ കാനോനാണെന്നും, പാത്രിയർക്കീസിന് ഉന്നതമായ ഒരു സ്ഥാനം സഭയിലുണ്ടായിരിക്കണമെന്നും, ഇതുമൂലം വന്നുകൂടി).

(x). 1879 ലെ സെമിനാരികേസ്സിൽ, എതിർ കക്ഷിയായ തോമസ് അത്താനാസ്യോസ് ഹാജരാക്കിയ “മലങ്കരകാനോൻ” പലതുകൊണ്ടും ശ്രദ്ധേയമാണ്. 15 അദ്ധ്യായങ്ങളുള്ള പ്രസ്തുത ‘കാനോൻ’ യഥാർത്ഥത്തിൽ ഒരു ഭരണഘടനാ രൂപമാണ്. (ആയത് അന്ന് “നടപ്പിലിരുന്ന” വ്യവസ്ഥകളാണോ എന്നത് സംശയാസ്പദമാണ് എങ്കിലും അതിന് തദ്ദേശീയമായ ഒരു ഭരണരീതിയുടെ പല നല്ല ലക്ഷണങ്ങളും ഉണ്ട്).

(xi). 1889 ലെ റോയൽ കോടതി വിധിയിൽ (സെമിനാരികേസ്), മലങ്കര മെത്രാൻ, പാത്രിയർക്കീസിനാൽ അംഗീകരിക്കപ്പെട്ടും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടും ആയ നാട്ടുകാരനായ മെത്രാനായിരിക്കണം എന്നു സൂചന നൽകി (ഈ വിധിയുടെ ചുവടുപിടിച്ചാണ് മലങ്കരസഭാഭരണഘടനയിൽ മലങ്കര മെത്രാപ്പോലീത്തായെക്കുറിച്ചും, പാത്രിയർക്കീസിനെക്കുറിച്ചും ഉള്ള വകുപ്പുകൾ രൂപപ്പെട്ടത്).

(xii). 1909 ൽ സെന്റ് ക്രിസോസ്റ്റം സൊസൈറ്റിയുടേതായി മലയാളമനോരമ പ്രസിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ച ലഘുലേഖയാണ് “സുറിയാനി സഭാഭരണം” എന്നത്. ഇതിന്റെ പ്രധാന ഊന്നൽ ജനായത്തപരമായ അനേകം കാര്യങ്ങളിലാണ്. മലങ്കര സുറിയാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി, സമുദായം

വക സ്വത്തുക്കളുടെ ഭരണം, ഇടവകഭരണം മുതലായ വകുപ്പുക ളിൽ അയ്മേനികളുടെ നിർണ്ണായക സ്ഥാനം ഈ രേഖ വ്യക്ത മാക്കുന്നു (ഒരുപക്ഷേ, വളർന്നുവന്നിരുന്ന "എപ്പിസ്ക്കോപ്പൽ" ഊന്നലിനെ ചെറുത്തുനിൽക്കുവാനുള്ള ഒരു പരിശ്രമം ആയിരു ന്നിരിക്കാം ഇത്. ഏതായാലും, മലങ്കരസഭ എപ്പിസ്ക്കോപ്പലാണോ, കോൺഗ്രിഗേഷണൽ ആണോ എന്ന ചർച്ച സുപ്രീം കോടതി യിൽ പോലും നടന്നതിനു പിന്നിൽ, മേല്പറഞ്ഞ ലഘുലേഖയുടെ ഒരു പിന്തുടർച്ചാതരംഗം ശ്രദ്ധിക്കപ്പെടേണ്ടതാണ്).

(xiii). 1912ലെ മലങ്കര കാതോലിക്കേറ്റിന്റെ ആവിഷ്ക്കരണം, മലങ്കരസഭാഭരണഘടനയിൽ ശ്രദ്ധേയമായ ഒരു സ്ഥാനം അല ങ്കരിച്ചു.

(xiv). 1928/29 ൽ റാവുസാഹിബ് ഒ. എം. ചെറിയാൻ തയ്യാറാ ക്കിയ "നിയമസംഹിത" എന്ന ലഘുലേഖ മലങ്കരസഭാ ഭരണ ഘടനയുടെ ഏറ്റവും പ്രാഥമിക രേഖയാണ്.

(xv). 1932ൽ വട്ടശ്ശേരിൽ തിരുമേനി സ്വതന്ത്രമായി തയ്യാറാ ക്കിയ ഭരണഘടനാ-നക്കൽ അതിപ്രധാനമായ ഒരു രേഖയാണ് (ഇതിലെ ചില വകുപ്പുകൾ അതേപടി, മലങ്കര സഭാഭരണഘടന യിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഇതിലെ സഭാദർശനം എങ്ങ നെയോ അവഗണിക്കപ്പെട്ടുപോയി).

(xvi). 1932/33 ൽ സഭാഭരണഘടന സബ്കമ്മറ്റി തയ്യാറാക്കിയ മലങ്കരസഭാ ഭരണഘടനുടെ നക്കൽ രൂപം ഘടനയിൽ മാത്രം ചില മാറ്റങ്ങൾ വരുത്തി മിക്കവാറും അതേപടിയാണ് 1934ലെ അസോസിയേഷനിൽ പാസ്സാക്കിയത്. (നക്കലിന്റെ ഘടനയിൽ മാത്രം ചില വ്യത്യാസങ്ങൾ വരുത്തി), 26 അദ്ധ്യായങ്ങളും 144 വകുപ്പുകളും ഉണ്ടായിരുന്നവ, "ഭരണഘടന"യിൽ 13 അദ്ധ്യായ ങ്ങളും 127 വകുപ്പുകളും ആയി മാറി).

(1934 ലെ ഭരണഘടനയുടെ 121-ാം വകുപ്പനുസരിച്ച് 1951 ൽ ഭേദഗതി കൾ വരുത്തുകയും ഭേദഗതി വരുത്തിയ ഭരണഘടനയുടെ 127-ാം വകു പ്പനുസരിച്ച് ഭേദഗതികൾ 1967 ൽ വരുത്തുകയും ഭരണഘടനയിൽ 134 വകുപ്പുകൾ ആക്കുകയും ചെയ്തു. കൂടാതെ സുപ്രീംകോടതി 1996ലും 1997ലും ഇറക്കിയ ഉത്തരവിൻ പ്രകാരം ഭരണഘടനയുടെ 46, 71 വകു പ്പുകളും ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. 2006ൽ വരുത്തിയ ഭേദഗതികൾ പ്രകാരം ഭരണഘടനയുടെ 46, 71 ഭേദഗതികൾ ഉൾപ്പെടെ വകുപ്പുകൾ 6, 57, 61, 79, 84, 93, 103, 110, 120 എന്നിവയ്ക്കും ഭേദഗതികൾ ഉണ്ടാവു കയും 135-ാം വകുപ്പായി ഒന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു).

### 3. നിലവിലിരിക്കുന്ന സഭാഭരണഘടനയിൽ നിഴലിക്കുന്ന സഭാഭരണ ദർശനവും അടിസ്ഥാന തത്വങ്ങളും : ഒരു വിലയിരുത്തൽ

#### (a). ഭരണഘടനയിലെ സഭാഭരണദർശനം : ഒരു വിലയിരുത്തൽ

ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ അന്ത്യോഖ്യാപാത്രിയർക്കീസും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കാതോലിക്കായും, മലങ്കര ഓർത്തഡോക്സ് സഭയുടെ ലൗകികവും വൈദികവും ആത്മീയവുമായ പ്രധാന ഭരണഭാരവാഹികയായ മലങ്കരമെത്രാപ്പോലീത്തായും, ഇടവക മെത്രാപ്പോലീത്തായും മെത്രാസന കൗൺസിലും, മെത്രാസന ഇടവക യോഗവും, ഇടവക വികാരിയും, കൈക്കാരനും, ഇടവക മാനേജിംഗ് കമ്മറ്റിയും, ഇടവയോഗവും ഉൾപ്പെട്ട ഒരു സഭാഭരണദർശനം ആണ് മലങ്കര സഭാഭരണഘടനയ്ക്കുള്ളത്. ഇത് പ്രധാമായും, 1934 ലെ സഭാ സാഹചര്യങ്ങളെയും, അതുവരെയുള്ള ഭരണസംവിധാനങ്ങളേയും ചേർത്തുകൊണ്ടുപോകുവാനുള്ള ഒരു ശ്രമത്തിന് അനിവാര്യമായ സഭാഭരണദർശനം എന്നേ പറയാനൊക്കൂ. ഇന്നത്തെ സഭാസാഹചര്യങ്ങളെയും, ഭാവിയിലേക്കുള്ള ഒരു സഭാദർശനത്തെയും ഗൗരവതരമായിട്ടെടുക്കുകയാണെങ്കിൽ ഒരു സമഗ്രസഭാഭരണ ദർശനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് തോന്നുന്നു.

(i). ഒരു സഭാഭരണഘടനയെന്നു പറഞ്ഞാൽ അതിൽ, നിറഞ്ഞുനിൽക്കുന്ന ഒരു ആത്മീയതാമാനം ഉണ്ടായിരിക്കണം. ദൈവരാജ്യം, നിത്യജീവൻ, ക്രൈസ്തവ സാക്ഷ്യം മുതലായ കാര്യങ്ങളെ ദൈവവചനവും വിശുദ്ധപാരമ്പര്യവുമായി ബന്ധിച്ച് സഭാംഗത്വത്തെ നിർവ്വചിക്കുകയും, സഭാംഗത്വത്തിലേക്ക് വരുന്നതെങ്ങനെ, അംഗത്വത്തിൽ തുടരുന്നതെങ്ങനെ, അംഗത്വത്തിൽ നിന്ന് പുറത്താകാവുന്നതെങ്ങനെ എന്ന് വ്യക്തമാക്കുകയും ചെയ്യുന്ന വകുപ്പുകൾ ഉണ്ടാവുകയും ചെയ്യണം.

(ii). ഒരു സഭാഭരണഘടനയ്ക്ക് രണ്ട് പ്രധാന വശങ്ങൾ ഉണ്ടായിരിക്കണം. ഒന്ന്, *നിയമങ്ങൾ,* മാനദണ്ഡങ്ങൾ, അടിസ്ഥാന തത്വങ്ങൾ എന്നിവ വ്യക്തമാകുന്ന കാനോനാകൾ. രണ്ട്, മേല്പറഞ്ഞ കാനോനാകളുടെ പ്രായോഗികത്വവുമായി ബന്ധപ്പെട്ട *നടപടി-മാർഗ്ഗനിർദ്ദേശങ്ങൾ.* ഇതിൽ, മലങ്കരസഭാഭരണഘടനയ്ക്ക് ആധാരമായി പറയുന്ന ഹൂദായ കാനോൻ, ഒരു സഭാകാനോൻ

എന്നനിലയിൽ കാലികപ്രസക്തി നഷ്ടമായ, പരിമിതികൾ ഏറെയുള്ള, പുരാതനമായ, ഒരു രേഖയാണ്. അതിൽനിന്ന് സ്വീകരിക്കേണ്ടവയെ സ്വീകരിച്ചുകൊണ്ട്, സഭയ്ക്ക് ഒരു പുതിയ കാനോൻ ഉണ്ടാകേണ്ടത് ആവശ്യമാണ്. സഭയുടെ വിശ്വാസസംരക്ഷണം, കൗദാശികജീവിതം, ആരാധന, നോമ്പ്, പെരുന്നാളുകൾ, ഞായറാഴ്ച, പള്ളി, പള്ളിവരുമാനങ്ങൾ, പട്ടത്വ നിർവ്വഹണം, വിവാഹം, കുടുംബജീവിതം, പിന്തുടർച്ചാവകാശങ്ങൾ, ആത്മീയപ്രസ്ഥാനങ്ങൾ, സന്യാസജീവിതം, ക്രിസ്തീയ ബോധനം, വൈദിക പരിശീലനം, മിഷൻ, എക്യുമെനിക്കൽ ബന്ധങ്ങൾ, മതസൗഹാർദ്ദം, പരിസ്ഥിതിധർമ്മം, അത്മായ പരിശീലനം, മാധ്യമങ്ങൾ, സാമൂഹ്യസാക്ഷ്യം, സാമ്പത്തിക കാര്യവിചാരകത്വം, സ്ത്രീ-യുവജന പങ്കാളിത്തം മുതലായവിഷയങ്ങളോട് ബന്ധപ്പെട്ട് ആവശ്യമായ നടപടി-മാർഗ്ഗനിർദ്ദേശങ്ങൾ ഒരു ആഗോള സഭാസംവിധാനത്തിൽ ഉരുത്തിരിയണം. ഈ വിഷയത്തിൽ ഇന്നും മാർഗ്ഗനിർദ്ദേശകം ആകാവുന്ന രേഖയാണ് 1879 ലെ “മലങ്കര കാനോൻ”.

(iii). സഭാഭരണ വ്യവസ്ഥിതിയിൽ അനിവാര്യമായ രണ്ടു ഘടകങ്ങൾ ആണ്, ഏകോപനവും, വികേന്ദ്രീകരണവും. ഇവരണ്ടും സമന്വയിച്ചു പോകുന്നിടത്തേ ഭരണം കാര്യക്ഷമമാകൂ. ഇപ്രകാരം ഏകോപനവും, വികേന്ദ്രീകരണവും ഇന്നത്തെ ഭരണഘടനയിൽ മതിയായ വിധത്തിൽ ഉണ്ടോ എന്ന് സംശയമാണ്. എന്നാൽ അവയെ കുറെയേറെ ഉൾക്കൊണ്ട ഒരു രേഖയായിരുന്നു 1932ൽ വട്ടശ്ശേരി തിരുമേനി നിർദ്ദേശിച്ച ഭരണഘടനാ-നക്കൽ (അതിനെക്കുറിച്ചുള്ള ഒരു ഗൗരവതരമായ പഠനത്തിന് ഇന്നും പ്രസക്തിയുണ്ട്).

(iv). മലങ്കരസഭാ ഭരണഘടനയിൽ അന്ത്യോഖ്യപാത്രിയർക്കീസിനുള്ള സ്ഥാനം, “പൗരസ്ത്യ ഓർത്തഡോക്സ് സഭ” എന്ന പദപ്രയോഗത്തിന്റെ പ്രക്തി, മലങ്കര മെത്രാപ്പോലീത്തായ്ക്കും കാതോലിക്കായ്ക്കും ഉള്ള അധികാര, സ്ഥാനങ്ങളുടെ വ്യക്തത മുതലായവ പുനർവിചിന്തനം ചെയ്ത് പുനർനിർണ്ണയിക്കേണ്ടത് അത്യാവശ്യമാണ്. 1932 ലോ 1934 ലോ ആയിരുന്ന ചരിത്രസാഹചര്യമല്ല ഇരുപത്തൊന്നാം നൂറ്റാണ്ടിലേത്.

(v). ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്ന് എന്ന നിലയിൽ ബാക്കിയുള്ള ഓറിയന്റൽ സഭകളുമായി വി. കുർബ്ബാനാ സംസർഗ്ഗം പാലിക്കുന്നതിലും, അന്ത്യോഖ്യൻ സുറിയാനി സഭയുമായി സുറിയാനി പൈതൃകം പ്രത്യേകമായി പങ്കിടുന്നതിലും അധികമായി, മലങ്കര ഓർത്തഡോക്സ് സഭയെ ഓർത്തഡോക്സ്

സുറിയാനി സഭയുടെ ഒരു "വിഭാഗം" എന്നും പൗരസ്ത്യ സുറിയാനി സഭയിൽ "ഉൾപ്പെട്ടതും" എന്നൊക്കെ വിശേഷിപ്പിക്കേണ്ട ആവശ്യമില്ല എന്നതിരിച്ചറിവ് ഭരണഘടനയിലും പ്രതിഭലിക്കുവാൻ സമയമായിട്ടുണ്ട്.

(vi). മാർത്തോമ്മാ ശ്ലീഹായിൽ കൂടി മലങ്കരസഭയ്ക്കു ലഭ്യമായിട്ടുള്ള പൗരോഹിത്യ പിന്തുടർച്ചാ പൂർണ്ണത, അപ്പോസ്തോലികവും തദ്ദേശീയവുമായ പുരാതന സഭാ പൈതൃകം, സാർവ്വത്രിക സുന്നഹദോസുകളുടെ സത്യവിശ്വാസത്തിലുള്ള അടിസ്ഥാനം, മുതലായവ വ്യക്തമാക്കുന്ന ഒരു സ്വത്വദർശനം ഭരണഘടനയിൽ വ്യക്തമാക്കുവാൻ ഇനിയും സാധിക്കേണ്ടിയിരിക്കുന്നു.

(b). **മലങ്കരസഭാ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ: ഒരു വിലയിരുത്തൽ**

മലങ്കര സഭാഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾ മൂന്ന് എണ്ണം ആണെന്നു തോന്നുന്നു:

(i). സമവായതത്വം

(ii). തദ്ദേശീയതയും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം

(iii). എപ്പിസ്ക്കോപ്പസിയും ജനായത്തരീതിയും തമ്മിലുള്ള സന്തുലനം

ഇവയെക്കുറിച്ചുള്ള ലഘുവായ ഒരു ചർച്ചയിലേക്ക് പ്രവേശിക്കാം.

(i). സമവായതത്വം

ഭിന്നിച്ചു നിന്ന രണ്ടു കക്ഷികളെ ഒന്നിപ്പിക്കുവാൻ, സമവായതത്വത്തോടെ രൂപപ്പെടുത്തിയ ഒരു ഭരണഘടനയ്ക്ക് കഴിഞ്ഞേക്കും എന്ന നിഷ്ക്കളങ്ക സങ്കല്പം മലങ്കരസഭാ ഭരണഘടനയ്ക്കു പിന്നിലുണ്ട്. പക്ഷെ ഈ സങ്കല്പം ലക്ഷ്യം കണ്ടില്ല എന്നത് ഒരു ചരിത്രസത്യമാണ്. ഈ അപകടസാദ്ധ്യത, വട്ടശ്ശേരിൽ തിരുമേനി വ്യക്തിമായി മുൻകണ്ടിരുന്നുവെന്ന് 1932 ൽ അദ്ദേഹം കുറിച്ചിട്ട വാക്കുകൾ തെളിയിക്കുന്നു. അദ്ദേഹം അന്നെഴുതി: ഒന്നുകിൽ രണ്ടുകൂട്ടരും ചേർന്ന് ഭരണഘടനയുണ്ടാക്കണം. അല്ലെങ്കിൽ ഭരണഘടന ആരുണ്ടാക്കുന്നുവോ അവരുടെ സുഗമമായ ഭാവിക്ക് പര്യാപ്തമായ രീതിയിൽ ആയിരിക്കണം എന്ന്. മറുപക്ഷം അംഗീകരിച്ചുകൊള്ളും എന്ന വ്യാമോഹത്തോടെ സ്വയം കൂച്ചി

ക്കെട്ടിയ അനുഭവമാണുണ്ടായതെന്ന് ആരെങ്കിലും നിരീക്ഷിച്ചുപോയാൽ അതിൽ വലിയ കുറ്റം പറയാൻ സാധിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ട് പഴയ സമവായതത്വത്തിന്റെ അപ്രായോഗികതയെ ചരിത്രത്തിന്റെ വെളിച്ചത്തിൽ തിരിച്ചറിഞ്ഞ്, വ്യക്തതയുള്ള വകുപ്പുകൾ "പ്രഖ്യാപന" ഭാഗത്ത് ചേർക്കുകയോ, ഇനിയും അനുരഞ്ജനസാദ്ധ്യതയുണ്ടെങ്കിൽ പുതിയ ഒരു സമവായതത്വത്തിനനുസൃതമായി വ്യാഖ്യാന വൈപരീത്യം സംഭവിക്കാത്ത തരത്തിൽ ഇരുകൂട്ടരും ചേർന്ന് സഭാഭിന്നതയെ മറികടക്കുന്ന ഭരണഘടനാഭേദഗതികൾ വരുത്തുകയോ ചെയ്യുന്നത് അഭികാമ്യമായിരിക്കും.

### (ii). ഭരണക്രമത്തിലെ തദ്ദേശീയതയും സാർവ്വത്രികതയും തമ്മിലുള്ള പൊരുത്തം

മലങ്കരസഭയുടെ തദ്ദേശീയവും, പൗരാണികവും, സ്വതന്ത്രവുമായ ഭരണവ്യവസ്ഥിതിയുടെ പിന്തുടർച്ചയാണ് "മലങ്കര മെത്രാപ്പോലീത്ത" സ്ഥാനം. പഴയ'ജാതിക്കുകർത്തവ്യ'ന്റെയും, 'അർക്കദയാക്കോ'ന്റെയും 'മാർത്തോമ്മാ'യുടെയും തുടർച്ചയാണ് അത്. അതിനോട് സാർവ്വത്രിക സഭാവ്യവസ്ഥിതിയെ ബന്ധിക്കുവാനായിട്ടാണ് 'കാതോലിക്കാ' സ്ഥാനം മലങ്കരയിൽ ആവിഷ്ക്കരിച്ചത്. ഈ പൊരുത്തശ്രമം പ്രായോഗികമായി ഭരണഘടനയിൽ ഏത്രമാത്രം വിജയിക്കും എന്നതിലുപരി, താത്വികമായി എത്രമാത്രം ശ്രേഷ്ഠമാണ് എന്ന ചർച്ചയായിരുന്നു അന്നു സജീവം. മാർത്തോമ്മാശ്ലീഹായുടെ തന്നെ ശ്ലൈഹികപാരമ്പര്യത്തിൽ പേർഷ്യൻ സഭയിൽ രൂപപ്പെട്ട സ്വതന്ത്രകാതോലിക്കേറ്റ് സജീവമല്ലാതിരുന്ന സാഹചര്യത്തിൽ അന്ത്യോഖ്യപാത്രിയർക്കീസിന്റെ സഹകരണത്തോടെ ഭാരതത്തിലെ മാർത്തോമ്മൻ പൈതൃകത്തിൽ അതിനെ ആവിഷ്ക്കരിച്ചപ്പോൾ, ഇവിടെ നൂറ്റാണ്ടുകളായി നിലനിന്നുവന്ന സഭാഭരണ വ്യവസ്ഥിതിയെ നിലനിർത്തുവാനും ശ്രദ്ധിച്ചത് പ്രശംസാർഹമാണ്. എന്നാൽ ഇന്ന് രണ്ടു സ്ഥാനങ്ങളും ഒരാളിൽ സമ്മേളിച്ചിരിക്കുമ്പോൾ രണ്ടിന്റെയും അധികാരാവകാശങ്ങൾ രണ്ടായി ഭരണഘടനയിൽ കൊടുക്കുന്നത് ചില സാഹചര്യങ്ങളിലെങ്കിലും കാതോലിക്കാസ്ഥാനത്തിന്റെ ശോഭ കുറച്ചുകളയുന്നുണ്ട്. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ പ്രസിഡന്റ് എന്ന നിലയിൽ തന്നെ കാതോലിക്കാസ്ഥാനത്തിന്റെയും മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തിന്റെയും അധികാരാവകാശങ്ങളെ സമന്വയിപ്പിച്ച ഒരു ഭരണഘടനാഭേദഗതിക്ക് പ്രസക്തിയുണ്ടെന്നു തോന്നുന്നു.

### (iii). എപ്പിസ്ക്കോസിയും ജനായത്തരീതിയും തമ്മിലുള്ള സന്തുലനം

ഭരണഘടനയുടെ രൂപീകരണത്തിനിടയാക്കിയ ചരിത്രസാഹചര്യം

തന്നെ എപ്പിസ്ക്കോപ്പസിയുടെയും ജനായത്തരീതിയുടെയും തമ്മിൽ വളർന്നുവന്നിരുന്ന, (മറയ്ക്കുള്ളിൽ സജ്ജീവമായിരുന്ന) ഒരു അധികാരവിലപേശലായിരുന്നു. മലങ്കരസഭാഭരണഘടനയിൽ ഇതിൽ ഒരു "സന്തുലനം" ഉറപ്പാക്കുവാനുള്ള വ്യഗ്രത വ്യക്തമാണ്. പക്ഷെ, ആത്യന്തികമായി എപ്പിസ്ക്കോപ്പസിയുടെ വിജയം തന്നെയാണ് ഭരണഘടനയിലെ അധികാര മർമ്മങ്ങളുടെ സൂചന. സഭയുടെ ശ്രേയസ്സിനായി ഇച്ഛാശക്തിയോടും കാര്യക്ഷമതയോടും പ്രവർത്തിക്കാൻ ശ്രമിക്കുന്ന എപ്പിസ്ക്കോപ്പസിക്ക് അതിന് പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പാക്കുന്ന വകുപ്പുകൾ ഭരണഘടനയിലുണ്ട്. എന്നാൽ എപ്പോഴെങ്കിലും അതിന് മുന്നിട്ടിറങ്ങുവാൻ സാധിക്കാതെവരുമ്പോൾ, സകല കുഴപ്പത്തിനും ജനായത്തരീതിയിന്മേൽ പഴിചാരാവുന്ന വകുപ്പുകളും ഭരണഘടനയിൽ ഉണ്ട്. ഈ സാദ്ധ്യതകൾ മനസ്സിലാക്കി, ഭരണഘടനയിലെ എപ്പിസ്ക്കോപ്പൽ-ജനായത്ത സന്തുലനത്തെ ശരിയായ പാതയിൽ സഭയ്ക്ക് (വ്യക്തിഗതമായ പ്രതിച്ഛായയ്ക്കല്ല) മുത്ലക്കൂട്ടുവാൻ ഇച്ഛാശക്തിയും, കാര്യക്ഷമതയും, സുതാര്യതയും ഉള്ള സഭാനേതൃത്വത്തിന് ഇന്നും കഴിയും എന്ന് സൂചിപ്പിച്ചുകൊണ്ട് ഈ വിചിന്തനം ഉപസംഹരിക്കുന്നു.

*(2010 ജൂലൈ 31-ന് കോലഞ്ചേരിയിൽ വച്ചുനടന്ന "മലങ്കരസഭാ ഭരണഘടന പ്ലാറ്റിനം ജൂബിലി" സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം)*

# പ്രാർത്ഥന

"പ്രാർത്ഥന എന്നത് മനുഷ്യർ തങ്ങളുടെ സ്രഷ്ടാവിനോടുള്ള കർത്തവ്യത്തെയും തന്നിൽ നിന്നനുഭവിക്കുന്ന നന്മകളെയും തിരിച്ചറിഞ്ഞു സ്തുതിപാടി തന്റെ ഇഷ്ടം സമ്പാദിക്കയും തങ്ങളുടെ ആത്മാക്കളുടെ രക്ഷയ്ക്കും ശരീരത്തിന്റെ പുലർച്ചയ്ക്കും ആവശ്യമുള്ള കാര്യങ്ങളെ തന്നോടു ചോദിച്ചു വാങ്ങിക്കയും ചെയ്‌വാനായിട്ടു തങ്ങളുടെ ഹൃദയങ്ങളെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് ഉയർത്തി തന്നോടുകൂടെ സംസർഗ്ഗം ചെയ്യുന്നതാകുന്നു."

"രഹസ്യപ്രാർത്ഥനകളും പരസ്യപ്രാർത്ഥനകളും ഭക്തിയോടും വിശ്വാസത്തോടും കൂടെ കഴിക്കേണ്ടതാകുന്നു."

"മരിച്ചുപോയ പരിശുദ്ധന്മാർ ആത്മാവിൽ ജീവനുള്ളവരാകയാൽ ജീവനോടിരിക്കുന്ന പരിശുദ്ധന്മാരെപ്പോലെ തന്നെ അവരേയും മിശിഹായുടെ നിമിത്തം ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതു കർത്താവിനെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്കയാകുന്നു."

**- പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ**

# ആരാണ് നമ്മുടെ ശത്രുക്കൾ?

## ഫാ. ഡോ. ബി. വറുഗീസ്

ഒരു നൂറ്റാണ്ടിലേറെയായി മലങ്കര ഓർത്തഡോക്സ് സഭയെ അലട്ടുകയും തളർത്തുകയും ചെയ്യുന്ന പ്രശ്നം സഭയിലെ ഭിന്നതയാണ്. നാലഞ്ചു തലമുറകളുടെ കഴിവും, ഊർജ്ജവും, വിഭവങ്ങളും അതിന്റെ പേരിൽ പാഴായിപ്പോയി. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ദൃശ്യമാധ്യമങ്ങളുടെ എണ്ണം വർദ്ധിച്ചതോടെ, ചൂടും എരിവുമുള്ള വാർത്തകൾ അവതരിപ്പിക്കുന്നതിന്റെ ഭാഗമായി സഭാവഴക്കിന് അവ ഉപയോഗിച്ചു. മലങ്കരസഭയിലെ വിഘടിതവിഭാഗം മാധ്യമങ്ങളെ ശരിയായി ഉപയോഗിക്കുന്നുണ്ട്. തെരുവിൽ 'സീനുകൾ' ഉണ്ടാക്കി പൊതുജനശ്രദ്ധ ആകർഷിക്കുവാനും, നുണകളെ ആവർത്തനങ്ങളിലൂടെ സത്യങ്ങളാക്കുവാനും വിഘടിതവിഭാഗം ശ്രമിക്കുന്നു. നീതിന്യായകോടതികളുടെ തീരുമാനങ്ങൾ അക്രമങ്ങളിലൂടെയും, ആത്മീയതയുടെ മൂടുപടമിട്ട തെരുവുനാടകങ്ങളിലൂടെയും അട്ടിമറിക്കുവാൻ സാധിക്കുമെന്ന് മനസ്സിലാക്കി അവർ പ്രവർത്തിക്കുന്നു. ഇരുകൂട്ടരും ബദ്ധശത്രുക്കളെപ്പോലെ വീര്യത്തോടെ പൊരുതുന്നത് പൊതുജനം അവജ്ഞയോടും, തമാശയോടും കൂടിയാണ് വീക്ഷിക്കുന്നത്.

എന്നാൽ നമ്മുടെ ശത്രുക്കൾ ആരാണ്? കുത്സിതമാർഗ്ഗത്തിലൂടെ സ്ഥാനങ്ങൾ നേടി സഭയിൽ വിഘടിതവിഭാഗത്തെ സംഘടിപ്പിച്ചവരാണോ? അവരുടെ തെരുവുനാടകങ്ങളെ 'ലൈവ് ഷോകൾ' ആക്കുന്ന ചാനലുകളാണോ? വോട്ടുബാങ്കുകൾ ലക്ഷ്യമാക്കി, വിഘടിതവിഭാഗത്തിന് പിന്തുണ പ്രഖ്യാപിക്കുകയോ, അവരുടെ നിയമലംഘനങ്ങൾക്കു നേരെ കണ്ണടക്കുകയോ ചെയ്യുന്ന രാഷ്ട്രീയക്കാരാണോ? സ്വന്തം സഭകളിലെ നാണിപ്പിക്കുന്ന സംഭവങ്ങളുടെ നേരെ കണ്ണടച്ച്, ഓർത്തഡോക്സ്-പാത്രിയർക്കീസ് വിഭാഗങ്ങളുടെ സംഘർഷങ്ങളെപ്പറ്റി ആത്മീയരോഷത്തോടെ പത്രപ്രസ്താവനകളും, ആഹ്വാനങ്ങളും നടത്തുന്ന ഇതര ക്രൈസ്തവ മേലദ്ധ്യക്ഷന്മാരാണോ?

### ഭിന്നതകളുടെ ചരിത്രം

കൂനൻകുരിശുസത്യം (1653) കഴിഞ്ഞിട്ട് 360 വർഷങ്ങൾ തികഞ്ഞു. ഏകദേശം പന്ത്രണ്ടു തലമുറകളുടെ കാലം, അത് പരസ്പരം ഒറ്റിക്കൊടുത്തതിന്റെയും, കാലുമാറിയതിന്റെയും ചരിത്രത്തിന്റേതാണ്. മലങ്കര നസ്രാണികൾ ഒരുമിച്ചുനിന്ന അപൂർവ്വം ചില സംഭവങ്ങളിലൊന്നാണ് കൂനൻകുരിശുസത്യം. അംഗുലീപരിമിതമായ ഒരു വിഭാഗമൊഴിച്ചുള്ളവർ, റോമൻ നുകം ഒരുമിച്ചു വലിച്ചെറിഞ്ഞു, എന്നാൽ കാലുമാറ്റങ്ങളും ഭിന്നതകളും ആരംഭിക്കുവാൻ താമസമുണ്ടായില്ല.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ചരിത്രത്തിലെ ഏറ്റവും വലിയ കാലുമാറ്റം നടത്തിയത് പറമ്പിൽ ചാണ്ടിക്കത്തനാരാണ്. 1653 മെയ് മാസത്തിൽ ആലങ്ങാട്ടു നടന്ന യോഗം കുറവിലങ്ങാട്ട് പറമ്പിൽ ചാണ്ടി, അകപ്പറമ്പ് വേങ്ങൂർ ഗീവറുഗീസ്, കടുത്തുരുത്തി കടവിൽ ചാണ്ടി, കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ എന്നീ വൈദികരെ ഒന്നാം മാർത്തോമ്മായുടെ ആലോചനാസമിതി അംഗങ്ങളായി തെരഞ്ഞെടുത്തു. ഇവരിൽ പ്രധാനി ഒന്നാം മാർത്തോമ്മായുടെ പിതൃസഹോദരപുത്രനായ പറമ്പിൽ ചാണ്ടിക്കത്തനാരായിരുന്നു. കർമ്മലീത്താ മിഷനറിമാരുടെ സ്വാധീനത്തിൽ അദ്ദേഹം കത്തോലിക്കാസഭയിൽ ചേർന്നു. താമസംവിനാ ഇട്ടിത്തൊമ്മൻ കത്തനാരൊഴികെയുള്ള മറ്റു രണ്ടുപേരും സഭ വിട്ടു. മലങ്കര സഭാചരിത്രത്തിലെ ഏറ്റവും വലിയ ഭിന്നതയ്ക്ക് നാന്ദി കുറിച്ചത് ഇതോടെയാണ്. എന്തു വാഗ്ദാനമാണ് കർമ്മലീത്താക്കാർ ഈ മൂന്നു പേർക്ക് നൽകിയതെന്നു വ്യക്തമല്ല. 1663-ൽ ഡച്ചുകാർ കൊച്ചി പിടിച്ചെടുത്തപ്പോൾ, യൂറോപ്യൻ മിഷനറിമാർക്ക് പത്തു ദിവസത്തിനകം നാടു വിടേണ്ടിവന്നു. മറ്റൊരു യൂറോപ്യൻ മെത്രാനെ വാഴിക്കാനുള്ള വഴി അടഞ്ഞതിനാൽ ചാണ്ടിക്കത്തനാരെ മെത്രാനായി വാഴിച്ചു. മലങ്കരസഭയുടെ ഐക്യത്തിന് സഹായകമായിരുന്ന ഒരു സാഹചര്യം, ചാണ്ടിക്കത്തനാർ നിമിത്തം പാഴായി. ചാണ്ടിക്കത്തനാരെ മുമ്പിൽ നിറുത്തി, മലങ്കരനസ്രാണികളിൽ ഗണ്യമായ വിഭാഗത്തെ വരുതിയിലാക്കുവാൻ കത്തോലിക്കാസഭയ്ക്കു കഴിഞ്ഞു. എങ്കിലും അവസരം ലഭിക്കുമ്പോൾ റോമൻ ആധിപത്യം ഉപേക്ഷിക്കുവാനും അവരിൽ ചിലർ തയ്യാറായി.

2. 1708-ൽ, മാർത്തോമ്മാ നാലാമന്റെ കാലത്ത് (1688-1728) വന്ന മാർ ഗബ്രിയേൽ എന്ന നെസ്തോറിയൻ മെത്രാന്റെ കീഴിൽ പുത്തൻകൂർ-പഴയകൂർ വിഭാഗങ്ങളിൽപ്പെട്ട 22 പള്ളികൾ അണിനിരന്നു. കത്തോലിക്കാവിശ്വാസമോ, അന്തോഖ്യൻ ആരാധനാക്രമമോ ഇരുവിഭാഗങ്ങളും പൂർണ്ണമായി സ്വീകരിച്ചു കഴിഞ്ഞിരുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇടവകയ്ക്ക് നേതൃത്വം നൽകുന്ന വൈദികരുടെ നിലപാടുകളായിരുന്നു ജനങ്ങളും സ്വീകരിച്ചിരുന്നത്. പിൽക്കാലത്തുള്ള എല്ലാ ഭിന്നതകളുടെ സമയത്തും ജനങ്ങൾ ഏതെങ്കിലും ഒരു ഭാഗത്ത് നിലയുറപ്പിച്ചത് വൈദികരുടെ തീരുമാനപ്രകാരമായിരുന്നു. 1731-ൽ മാർ ഗബ്രിയേൽ മരണമടഞ്ഞപ്പോൾ കോട്ടയം ചെറിയപള്ളിയുടെ തെക്കേമുറ്റത്താണ് കബറടക്കിയത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ വരെ അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ ചെറിയപള്ളിയിൽ ആഘോഷിച്ചിരുന്നു. ഗബ്രിയേലിന്റെ കാലശേഷം മേല്പ്പറഞ്ഞ 22 പള്ളികൾ പഴയപടിയിൽ രണ്ടു ഭാഗങ്ങളിലായി നിലകൊണ്ടു.

വലിയ പ്രയാസമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും സഭ മാറുന്ന പ്രവണതക്ക് പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളിൽ ആക്കം കൂടി.

3. തൊഴിയൂർ സഭ ഉത്ഭവിച്ചതും ഒരു ഭിന്നതയുടെ ഭാഗമായിട്ടാണ്. 1770-ൽ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസ് എന്നീ രണ്ട് അന്ത്യോഖ്യൻ മെത്രാന്മാർ മലങ്കരയിലെത്തി. ആറാം മാർത്തോമ്മായെ മാർ ദീവന്നാസ്യോസ് എന്ന പേരിൽ വാഴിച്ചത് ഇവരാണ്. മാർ ദീവന്നാസ്യോസിനോട് വ്യക്തിപരമായി വിരോധമുണ്ടായിരുന്ന മാർ ഗ്രീഗോറിയോസ് കാട്ടുമങ്ങാട്ട് കുര്യൻ റമ്പാനെ 1772-ൽ മാർ കൂറിലോസ് എന്ന പേരിൽ മെത്രാനായി വാഴിച്ചു. ബദൽ മെത്രാനായിത്തന്നെയാണ് വാഴിച്ചത്. അതിനെപ്പറ്റി മാർ കൂറിലോസിന് തീർച്ചയായും ബോധ്യമുണ്ടായിരുന്നിരിക്കണം. എന്നാൽ സഭകളുടെ അച്ചടക്കം, ഐക്യം എന്നിവയേക്കാൾ പ്രധാനം സ്ഥാനലബ്ധിയാണെന്നുള്ള ചിന്ത അദ്ദേഹത്തെ ഭരിച്ചിരുന്നിരിക്കണം. ഇരുപതാം നൂറ്റാണ്ടിലെ പല മേൽപ്പട്ടവാഴ്ചകളുടെയും 'പ്രോട്ടോ ടൈപ്പ്' ആണ് കാട്ടുമങ്ങാട്ടു മെത്രാന്റെ വാഴ്ച. മാർ കൂറിലോസിന് കൊച്ചി രാജാവിന്റെ അംഗീകാരം ലഭിച്ചിരുന്നെങ്കിലും മാർ ദീവന്നാസ്യോസിന്റെ വ്യക്തിപ്രാഭവം കാരണവും, മാർ കൂറിലോസിന് വിശ്വാസികളുടെ കാര്യമായ പിന്തുണ ലഭിക്കാത്തതിനാലും, സഭയിൽ ഒരു വലിയ ഭിന്നത ഒഴിവായി. ഒടുവിൽ ബ്രിട്ടീഷ് മലബാറിൽ ഏതാനും ചില വിശ്വാസികൾ മാത്രം അടങ്ങുന്ന ചെറിയ ഇടവകയിൽ അദ്ദേഹം ഒതുങ്ങിക്കൂടി.

4. എട്ടാം മാർത്തോമ്മായോട് വ്യക്തിപരായി വിയോജിച്ച് നിന്നിരുന്ന വിഭാഗത്തിന്റെ തലവനായിരുന്നു പുലിക്കോട്ടിൽ ഇട്ടൂപ്പു റമ്പാൻ. തൊഴിയൂർ കിടങ്ങൻ മാർ പീലക്സീനോസിൽ നിന്നും അദ്ദേഹം മേല്പട്ട സ്ഥാനം സ്വീകരിച്ചത് മലങ്കരസഭാചരിത്രത്തിലെ വഴിത്തിരിവായിത്തീർന്നു. അന്ത്യോഖ്യൻ ആരാധനക്രമങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നതിനും, പാത്രിയർക്കേറ്റുമായി കൂടുതൽ ബന്ധപ്പെടുന്നതിനും ഇടയാക്കിയത് ഈ സംഭവമാണ്. കൽദായ-കത്തോലിക്കാ സ്വാധീനത്തിൽ നിന്നും മലങ്കരസഭയെ വിമോചിപ്പിച്ച്, ഓറിയന്റൽ ഓർത്തഡോക്സ് കുടുംബത്തിലെ അംഗമാക്കിത്തീർത്തത് പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റെ സുധീരമായ ഈ നടപടി മൂലമാണ്.

മറ്റൊരു ഭിന്നതയ്ക്ക് ഇടയാക്കാവുന്ന സാഹചര്യമായിരുന്നു ഇത്. എട്ടാം മാർത്തോമ്മായുടെ എതിർപ്പിനെ അവഗണിച്ചുകൊണ്ടാണ് കേണൽ മൺറോയുടെ സ്വാധീനത്തിൽ മാർ ദീവന്നാസ്യോസിന് രാജകീയ വിളംബരം ലഭിച്ചത്. ഒമ്പതാം മാർത്തോമ്മാ സ്ഥാനത്യാഗം ചെയ്ത് ശിഷ്ടായുസ് (മരണം 1817) കടമറ്റം പള്ളിയിൽ കഴിക്കുവാൻ ഇടയാക്കിയതും, മാർ ദീവന്നാസ്യോസിന്റെ വ്യക്തിപ്രഭാവം കൊണ്ടാണ്. വിശ്വാസികളുടെ പിന്തുണ മാർത്തോമ്മാ എട്ടാമനും, ഒമ്പതാമനും ലഭിക്കാതിരുന്നതിനാൽ ഒരു ഭിന്നത കൂടി ഒഴിവായി.

5. 1825-ൽ മലങ്കരയിലെത്തി, ഒരു വർഷക്കാലം ഇവിടെ താമസിച്ച മാർ അത്താനാസ്യോസ് എന്ന അന്ത്യോഖ്യൻ മെത്രാൻ ചേപ്പാട്ടു മാർ ദീവന്നാസ്യോസിന്റെ പട്ടം സാധുവല്ലെന്ന് ശഠിച്ചപ്പോൾ പിന്തുണയ്ക്കുവാൻ ആളുണ്ടായി. മാർ ദീവന്നാസ്യോസിൽ നിന്നും കശ്ശീശാസ്ഥാനമേറ്റവരിൽ ചിലർ, മാർ അത്താനാസ്യോസിൽ നിന്നും രണ്ടാമതും പട്ടമേൽക്കുവാൻ തയ്യാറായി. ഇംഗ്ലീഷ് മിഷനറിമാർ ഇടപെട്ട് മാർ അത്താനാസ്യോസിനെ നാടുകടത്തിച്ചതിനാൽ മറ്റൊരു ഭിന്നത ഒഴിവായി.

6. മലങ്കരസഭയെ 'നവീകരിച്ച്' ആംഗ്ലിക്കൻസഭയുടെ ഭാഗമാക്കുകയായിരുന്നു ഇംഗ്ലീഷ് മിഷനറിമാരുടെ ലക്ഷ്യം. ഇതേ കാലയളവിൽ ഇറാനിലും, ഇറാക്കിലും നെസ്തോറിയൻ സഭയിൽ സമാനമായ പ്രവർത്തനങ്ങൾ മിഷനറിമാർ നടത്തിയിരുന്നു. ചേപ്പാട്ടു മാർ ദീവന്നാസ്യോസ് സുധീരമായ നിലപാട് സ്വീകരിച്ചതിനാൽ മിഷനറിമാർക്ക് മലങ്കര സുറിയാനിസഭയിലെ 'മിഷൻ' അവസാനിപ്പിക്കേണ്ടി വന്നു. എന്നാൽ തിരുവിതാംകൂറിലെ പല സുറിയാനി കുടുംബങ്ങളെയും ആംഗ്ലിക്കൻ സഭയിൽ ചേർക്കുവാൻ അവർക്കു കഴിഞ്ഞു.

7. ആംഗ്ലിക്കൻ നവീകരണ ആശയങ്ങളിൽ ആകൃഷ്ടനായ പാലക്കുന്നത്ത് ഏബ്രഹാം മൽപ്പാൻ, അനന്തരവനെ മർദീനിലെ കുർക്കുമ ദയറായിൽ പാത്രിയർക്കീസിന്റെ അടുക്കൽ അയച്ച് മേൽപ്പട്ടക്കാരനാക്കിയത്, മലങ്കരസഭയിലെ രണ്ടാമത്തെ പ്രധാനപ്പെട്ട ഭിന്നതയ്ക്ക് വഴിതെളിച്ചു. റോയൽ കോടതിയിലെ പരാജയത്തിനുശേഷം സ്വന്തമായി ആരാധനാലയങ്ങൾ നിർമ്മിച്ച് വേറെ സഭയായി മാറിയ നവീകരണക്കാർ (പിന്നീട് മാർത്തോമ്മാ സുറിയാനിസഭ എന്നു സ്വയം വിളിച്ചു) കൂടുതലായി പ്രൊട്ടസ്റ്റന്റ് ഭാഗത്തേക്ക് ചാഞ്ഞു. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ തമിഴ്നാട്ടിൽ നിന്നും, സിലോണിൽ നിന്നും വന്ന ഉണർവ്വു പ്രസംഗകർ മാർത്തോമ്മാ ദേവാലയങ്ങളിൽ പ്രസംഗയോഗങ്ങൾ നടത്തി, ഇരുപതാം നൂറ്റാണ്ടിൽ കൂണുകൾപോലെ മുളച്ച്, പൊങ്ങിവന്ന പെന്തക്കോസ്ത്, ഇവാഞ്ചലിക്കൽ വിഭാഗങ്ങൾക്ക് വളരുവാൻ കളമൊരുക്കിയത് മാർത്തോമ്മാ സഭയിലെ ഈ മാറ്റമാണ്. കേരളത്തിലെ അകത്തോലിക്കാ സഭകളിലെ വിശ്വാസികളാണ് ഈ പ്രസ്ഥാനങ്ങളിലേക്ക് കാലുമാറിയത്.

8. കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഉത്ഭവിച്ച് ഇത്തിൾക്കണ്ണികൾ പോലെ പടർന്നുകയറുന്ന പ്രാർത്ഥനാസംഘങ്ങൾ ഒരുതരം സമാന്തര സഭകളായിട്ടാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്തെ വിടുതൽഗ്രൂപ്പ്, എം. വൈ. യോഹന്നാന്റെ സുവിശേഷമേളസംഘം, മാത്യു വർഗീസിന്റെയും, തങ്കു ബ്രദറിന്റെയും സംഘടനകൾ എന്നിവയ്ക്ക് നാട്ടിലും ഗൾഫിലും അനുയായികൾ ഉണ്ട്. 'വേദവാക്യങ്ങൾ' എങ്ങനെ ആദായകരമാക്കാമെന്ന് അവയിൽ പലതും തെളിയിച്ചു കഴിഞ്ഞു. പൂർണ്ണ സുവി

ശേഷത്തിനായി ജീവിതം മുഴുവൻ മാറ്റിവെച്ച ഒരു പ്രാർത്ഥനാ സംഘ നേതാവ് നികുതി വെട്ടിപ്പ്, വിദേശപണത്തിന്റെ ദുർവിനിയോഗം എന്നീ ഗൗരവമായ കുറ്റങ്ങളിൽ നിന്നും രക്ഷപെടുവാൻ ഭീമമായ കൈക്കൂലി നൽകി ("ശീമോന്യപാപം") 'മെത്രാപ്പോലീത്താസ്ഥാനം' നേടി. ഈ തട്ടിപ്പുസംഘങ്ങളുടെ പിന്നാലെ പോകുന്നതിൽ ബഹുഭൂരിപക്ഷവും പഴയ സുറിയാനി സഭാംഗങ്ങൾ തന്നെ.

പുരാതന പൗരസ്ത്യ സഭകളിൽ മലങ്കരസഭയെപ്പോലെ ശിഥിലീകൃതമായ മറ്റൊരു സഭയില്ല. പലയിടത്തും റീത്ത് (യൂണിയാറ്റ്) സഭകൾ ഉണ്ടെന്നല്ലാതെ, പ്രൊട്ടസ്റ്റന്റ്-പെന്തക്കോസ്തു വിഭാഗങ്ങൾക്ക് കാര്യമായി സഭാംഗങ്ങളെ പിടിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. ഇതിൽനിന്നും തികച്ചും വ്യത്യസ്തമാണ് മലങ്കരനസ്രാണികളുടെ ആധുനിക ചരിത്രം. ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കയിൽ ഉടലെടുത്ത മിക്കവാറും എല്ലാ ക്രിസ്തീയ പ്രസ്ഥാനങ്ങൾക്കും കേരളത്തിൽ ശാഖകളും അനുയായികളും ഉണ്ടാക്കുവാൻ കഴിഞ്ഞു. ഇതിന്റെ കാരണം എന്താണ്?

മലങ്കരനസ്രാണികളെ സംബന്ധിച്ചിടത്തോളം ഒരു സമുദായം എന്ന ചിന്തയ്ക്കപ്പുറം 'ഒരു സഭ'യെന്ന ചിന്ത ഒരിക്കലും ഉണ്ടായിട്ടില്ല. ആത്മീയത നമ്മുടെ ജീവിതത്തെ കാര്യമായി സ്വാധീനിച്ചിട്ടില്ല. നമ്മുടെ ആഗ്രഹങ്ങളും സ്വാർത്ഥ താല്പര്യങ്ങളും സാധിച്ചുകിട്ടാനായി പള്ളിയിൽ പോകുകയും പ്രാർത്ഥിക്കുകയും ചെയ്യുക എന്നല്ലാതെ, ഒരു ക്രിസ്തീയജീവിതശൈലി ഇന്നും മലയാളികൾക്ക് ഉണ്ടായിട്ടില്ല. ക്രിസ്തീയ മൂല്യങ്ങൾ ഒരിക്കലും നമ്മുടെ ജീവിതശൈലിയെ രൂപാന്തരപ്പെടുത്തിയിട്ടില്ല. അതുകൊണ്ടാണ് ഉടുവസ്ത്രം മാറുന്ന ലാഘവത്തോടെ സഭ മാറുവാനും, സ്ഥാനമാറ്റങ്ങൾക്കായി, നിലപാടുകൾ മാറ്റുവാനും പലർക്കും സാധിക്കുന്നത്.

9. ഇരുപതാം നൂറ്റാണ്ടിലെ മലങ്കരസഭയിൽ ഏറ്റവും കൂടുതൽ ശ്രദ്ധയാകർഷിച്ച വ്യക്തിയായിരുന്നു ഫാദർ ഗീവറുഗീസ് പണിക്കർ. സഭയിൽ ആദ്യമായി എം. എ. ബിരുദം നേടിയ വൈദികൻ, വട്ടശ്ശേരിൽ തിരുമേനി വാത്സല്യത്തോടും, അതിയായ വിശ്വാസത്തോടും അദ്ദേഹത്തെ സഭാനേതൃത്വത്തിലേക്ക് കൊണ്ടുവന്നു. എം.എ. അച്ചൻ ഇല്ലാത്ത കമ്മിറ്റികളും പ്രസ്ഥാനങ്ങളും അന്നു മലങ്കരസഭയിൽ ഇല്ലായിരുന്നു. കാവിവസ്ത്രമണിഞ്ഞ് സന്യാസിയായി അദ്ദേഹം രംഗപ്രവേശനം ചെയ്തപ്പോൾ സഭാംഗങ്ങൾ അദ്ദേഹത്തെ അന്ധമായി ആരാധിച്ചു. എന്നാൽ 1930-ൽ അദ്ദേഹം 'മലങ്കര കത്തോലിക്കാ റീത്ത്' സ്ഥാപകനായി കത്തോലിക്കാ സഭയിൽ ചേർന്നത് സഭയ്ക്കാകമാനമേറ്റ ഒരു ആഘാതമായിരുന്നു. ക്രമേണ വിവിധ മാർഗ്ഗങ്ങളിലൂടെ സഭാംഗങ്ങൾ ആ സഭയിൽ അംഗങ്ങളായി. അവസരങ്ങളും, സ്ഥാനമാനങ്ങളും ലഭിച്ചവർ തന്നെ നില

പാടു മാറ്റുന്നതിന്റെ മറ്റൊരു ഉദാഹരണമായിരുന്നു ഇത്.

10. മലങ്കരസഭയെ ദുർബ്ബലമാക്കിയ മൂന്നാമത്തെ സംഗതി മെത്രാൻ കക്ഷി-ബാവാക്കക്ഷി (പിന്നീട് കാതോലിക്കാ-പാത്രിയർക്കീസ്) വഴക്കുകളാണ്.

1909-ൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതു മുതൽ 1958-ലെ സുപ്രീംകോടതിവിധിവരെയുള്ള കാലയളവിൽ പല സമാധാന ചർച്ചകളും നടന്നു. എന്നാൽ അവയെ അട്ടിമറിച്ചത് മലങ്കരയിലെ സ്വാർത്ഥ താൽപര്യക്കാരായിരുന്നു. തമ്മിലടിച്ച് കേസു നടത്തി മുടിഞ്ഞ പഴയ കേരളനാട്ടിലെ മാടമ്പിസംസ്ക്കാരമായിരുന്നു മലങ്കരസഭയിലെ പ്രശ്നങ്ങൾക്ക് യഥാർത്ഥ കാരണം. സഭ മുടിഞ്ഞാലും, വട്ടശ്ശേരിൽ തിരുമേനിയെ പാഠം പഠിപ്പിക്കണമെന്നുള്ള ഒരു വാശി (അത്തരത്തിലുള്ള ഒരു ചെറിയ നീക്കം അടുത്തകാലത്ത് ചിലയിടങ്ങളിൽ തലയുയർത്തിയിട്ടുണ്ട്).

സഭയിലെ ഇന്നത്തെ ഭിന്നതകൾക്കു കാരണം യാക്കോബ് തൃതീയൻ പാത്രിയർക്കീസോ, സാഖാ പ്രഥമൻ പാത്രിയർക്കീസോ അല്ല. സ്ഥാനമാനങ്ങൾക്കായി കൈമുത്തു നൽകിയോ, നൽകാതെയോ അവരുടെ മുമ്പിൽ മുട്ടുകുത്തുവാൻ ആളുകൾ പോയതുകൊണ്ടല്ലേ 1974-നു ശേഷമുള്ള പ്രശ്നങ്ങൾ ഉടലെടുത്തത്? സാഖാ പ്രഥമൻ ബാവായെ രണ്ടു തവണ കണ്ടു സംസാരിക്കുന്നതിനും, മറ്റു ചില പ്രമുഖ അന്ത്യോഖ്യൻ മേൽപ്പട്ടക്കാരുമായി വളരെ അടുത്തു ഇടപെടുന്നതിനും ഈ ലേഖകന് ഇക്കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അവസരം ലഭിച്ചിട്ടുണ്ട്. “നിങ്ങൾ അവിടെ ഒരു തീരുമാനം എടുക്കൂ. അതു ഞങ്ങൾ അംഗീകരിക്കാം” എന്നാണ് അവരുടെ നിലപാട്. എന്നാൽ ഒരുമിച്ച് സംസാരിക്കുവാനോ, അഭിപ്രായ സമന്വയത്തിൽ എത്തുവാനോ നമുക്കു കഴിയുന്നില്ല.

11. 1996-ലെ സുപ്രീംകോടതിവിധി ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായിരുന്നു. കോടതി നിർദ്ദേശമനുസരിച്ച് നാം അസോസിയേഷനും മറ്റു നടപടികളും പൂർത്തിയാക്കി, എന്നാൽ കോടതിവിധി മൂലം ലഭിച്ച ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ നമുക്കു സാധിച്ചില്ല. 1991-ൽ സഭാകേസ് സുപ്രീംകോടതി പരിഗണനക്കെടുത്തപ്പോൾ ഞാൻ ഡൽഹി ഓർത്തഡോക്സ് സെന്ററിൽ പ്രവർത്തിക്കുകയായിരുന്നു. രണ്ടു തവണ സുപ്രീംകോടതി നടപടികൾ കാണുവാനായി ഞാനും പോയിരുന്നു. ഗൗരവമായ, കൂട്ടായ ചർച്ചകളോ, ആലോചനകളോ ഹോംവർക്കുകളോ ഇല്ലാതെ നടത്തിയ കേസുകളിൽ നമ്മുടെ നിലപാടുകൾ, വേദശാസ്ത്രം, കാനോൻ, സഭാചരിത്രം എന്നിവ സംബന്ധിച്ച പോയിന്റുകൾ അഭിഭാഷകരെ പറഞ്ഞു മനസ്സിലാക്കുന്നതിനും, അവർ മുഖാന്തരം കോടതി

യിൽ അവതരിപ്പിക്കുന്നതിനും നമുക്കു കഴിഞ്ഞിട്ടില്ല. കേസ് നടത്തിപ്പിന്റെ 'ക്രെഡിറ്റ്' പൂർണ്ണമായും തങ്ങൾക്കു മാത്രമായിരിക്കണം എന്നു ശഠിച്ചിരുന്ന ചില വ്യക്തികൾ കാര്യമായ 'ഹോം വർക്കിന്' തയ്യാറായിരുന്നില്ല. 1996-നു ശേഷവും ഈ മനോഭാവം നാം തുടർന്നു. അതുകൊണ്ടാണ് കോടതിവിധി പ്രയോജനപ്പെടാതെ പോയത്.

പരിശുദ്ധനായ ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ കാലത്ത് വിശദമായ ഹോം വർക്കിന് ഒരു ആലോചനാസമിതി ഉണ്ടായിരുന്നു. മേൽപ്പട്ടക്കാർ, വൈദികർ സഭാംഗങ്ങളായ അഭിഭാഷകർ എന്നിവർ അതിൽ അംഗങ്ങളായിരുന്നു. എന്തുകൊണ്ടോ 1975-നു ശേഷം അത്തരം കൂട്ടായ ആലോചനയും ചിന്തയും ഇല്ലാതായി.

എടുക്കുന്ന തീരുമാനങ്ങളും, നിലപാടുകളും സഭയെ എങ്ങനെ ബാധിക്കും എന്ന് മനസ്സിലാക്കാനുള്ള പക്വത പലപ്പോഴും നമുക്ക് നഷ്ടമായി. ചുരുക്കത്തിൽ നമ്മുടെ പരാജയങ്ങളുടെ ഉത്തരവാദിത്തം നമ്മുടേതു മാത്രമല്ലേ? നമ്മുടെ ശത്രുക്കളും ഒരർത്ഥത്തിൽ നാം തന്നെയല്ലേ? "മനുഷ്യന്റെ വീട്ടുകാർ തന്നെ അവന്റെ ശത്രുക്കൾ ആകും" (മത്തായി 10:37). ഒരുമിച്ചു പ്രവർത്തിക്കുവാനുള്ള നമ്മുടെ വിമുഖതയും സ്വാർത്ഥതയുമല്ലേ നമ്മുടെ സഭയിലെ ഭിന്നതകൾക്കു കാരണം? "ഒരു രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ ആ രാജ്യത്തിനു നിലനിൽപാൻ കഴികയില്ല, ഒരു വീട് തന്നിൽത്തന്നെ ഛിദ്രിച്ചു എങ്കിൽ ആ വീടിനു നിലനിൽപാൻ കഴികയില്ല" (മർക്കോസ് 3:24-25; മത്താ. 12:25-26).

❑

## അനുതാപം

"സത്യ അനുതാപം എന്നു പറയുന്നതു ചെയ്തുപോയ പാപങ്ങൾക്കുവേണ്ടി ദുഃഖിച്ചു മാപ്പു ചോദിക്കയും ചെയ്തുവരുന്ന പാപങ്ങളിൽ നിന്നും ഒഴികയും മേലാൽ ദൈവത്തിനു ഇഷ്ടമാംവണ്ണം പരമാർത്ഥമുള്ള അനുസരണത്തിൽ നടക്കണമെന്ന് മനസ്സിൽ ഉറക്കയും ചെയ്യുന്നതാകുന്നു. ഏതു പാപിക്കും അനുതാപത്തിന്റെ വാതിൽ അടയ്ക്കപ്പെടുവാനുള്ളതല്ല. ഏതു സമയത്തും ഏതു സ്ഥിതിയിലും ചെയ്തുപോയിട്ടുള്ള സകലവിധ പാപങ്ങളെക്കുറിച്ചും നല്ല ശരണത്തോടും സത്യവിശ്വാസത്തോടുംകൂടെ അനുതപിച്ച് കരുണയുള്ള ദൈവത്തിങ്കലേയ്ക്ക് അടുത്തുചെല്ലേണ്ടതാകുന്നു."

**- പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ**

# കാതോലിക്കാസ്ഥാപനവും മലങ്കരസഭാ ഭരണഘടനയും ദേശീയബോധത്തിന്റെ പശ്ചാത്തലത്തിൽ

## ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്താ

മാർത്തോമ്മാ നസ്രാണികളുടെ സ്വത്വബോധത്തിന്റെയും, സ്വാതന്ത്ര്യ ചിന്തയുടെയും, ചരിത്രപരമായ വളർച്ചയുടെയും പ്രതീകമാണ് 1912-ൽ മലങ്കരയിൽ സ്ഥാപിതമായ പൗരസ്ത്യ കാതോലിക്കേറ്റ്. 1653-ൽ കൂനൻ കുരിശ്സത്യ പ്രഖ്യാപനത്തിലൂടെ തുടക്കം കുറിച്ച സ്വതന്ത്ര മലങ്കര സഭ എന്ന ആഗ്രഹത്തിന്റെ പൂർത്തീകരണമായിരുന്നു കാതോലിക്കാ സിംഹാസന സ്ഥാപനവും, തുടർന്ന് 1934-ൽ അംഗീകരിക്കപ്പെട്ട മലങ്കര സഭാ ഭരണഘടനയും. കാതോലിക്കാ സിംഹാസന സ്ഥാപനം പ്രത്യക്ഷമായും, പരോക്ഷമായും മലങ്കരസഭാ ഭരണഘടനാ രൂപീകരണത്തിന് പ്രചോദനമാകുകയായിരുന്നു. 21-ാം നൂറ്റാണ്ടിലേക്ക് കാലുകുത്തിയപ്പോഴേക്കും ഇവ രണ്ടും മലങ്കരസഭയുടെ സ്വാതന്ത്ര്യ സ്വത്വബോധത്തിന്റെ ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്തവിധമുള്ള രണ്ടു മഹൽ സ്ഥാപനങ്ങളായി നീതിപീഠങ്ങൾ പോലും ഉറച്ച ശബ്ദത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനവും, 1934-ലെ മലങ്കരസഭാ ഭരണഘടനയുടെ അംഗീകാരവും കേവലം സഭാ തർക്കങ്ങളുടെയോ, വ്യവഹാരങ്ങളുടെയോ പരിണതഫലമല്ല. പ്രത്യുത പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഭാരതത്തിലുടനീളം ആഞ്ഞടിച്ച ദേശീയബോധത്തിന്റെയും, സ്വതന്ത്രഭാരത ചിന്തയുടെയും പ്രതിഫലനമായിരുന്നു. ഒരു പക്ഷേ, അവ സ്ഥാപിച്ചെടുക്കുന്നതിന് വ്യവഹാരങ്ങൾ വേണ്ടി വന്നു എങ്കിലും.

### മത നവീകരണ പ്രസ്ഥാനങ്ങളും, ദേശീയബോധ രൂപീകരണവും

ആധുനിക ഭാരതചരിത്രത്തിൽ പതിനെട്ടും, പത്തൊമ്പതും നൂറ്റാണ്ടുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുള്ളവയാണ്. പാശ്ചാത്യ സംസ്ക്കാര സ്വാധീനവും, ഇംഗ്ലീഷ് ഭാഷയുടെ പ്രചരണവും, ബ്രിട്ടീഷ് ഭരണത്തിന്റെ ഗുണദോഷങ്ങളും, പൊതുവെ അച്ചടക്കരഹിതവും ചൂഷണസാദ്ധ്യതകളോടുകൂടിയ ആചാരാനുഷ്ഠാനങ്ങൾ നിയന്ത്രിച്ചിരുന്ന ഭാരത മതബോധവും, തുടക്കത്തിൽ മതനവീകരണപ്രസ്ഥാനങ്ങൾക്കും തുടർന്ന് ദേശീയ

ബോധ രൂപീകരണത്തിനും കാരണമായി. 1947-ലെ രാഷ്ട്ര സ്വാതന്ത്ര്യവും, 1950-ലെ ഭരണഘടനാ രൂപീകരണവും ഇതിന്റെ അനന്തരഫലങ്ങളായിരുന്നു. അസ്വസ്ഥബാധിതമായിരുന്ന ഭാരത പൊതുമനസ്സാക്ഷിയുടെ ദീർഘപോരാട്ടത്തിന്റെ പ്രതിഫലനങ്ങളായി സ്വാതന്ത്ര്യവും, ഭരണഘടനയും. ഭാരതത്തിൽ അങ്ങോളം ഇങ്ങോളം അലതല്ലിയ ഇതിന്റെ സ്വാധീനം പല മതങ്ങളുടേയും, മതബന്ധിതവും മതരഹിതവുമായ സംഘങ്ങളുടെ ശുദ്ധീകരണത്തിനും, സ്വത്വബോധത്തിനും വേദിയൊരുക്കി. പൊതുവെ കലുഷിതമായിരുന്ന മലങ്കരസഭാന്തരീക്ഷത്തിലും ഇതിന്റെ അലയടികൾ ഉണ്ടായി എന്നു വേണം കരുതുവാൻ. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നഷ്ടപ്പെട്ട സ്വാതന്ത്ര്യവും അസ്ഥിത്വബോധവും വീണ്ടെടുക്കപ്പെടേണ്ടതിന്റെ ആവശ്യം അൽമായ-വൈദിക നേതൃത്വത്തിൽ ശക്തമായി. ചുരുക്കത്തിൽ കാതോലിക്കാ സിംഹാസന സ്ഥാപനമോ, ഭരണഘടനാ രൂപീകരണമോ ഒറ്റപ്പെട്ട സംഭവങ്ങളായി കാണുകയല്ല വേണ്ടത്, മറിച്ച് 19-ാം നൂറ്റാണ്ടിൽ ആരംഭിച്ച ദേശീയബോധത്തിന്റെ ഭാഗമായി വേണം കാണുവാൻ. ആംഗ്ലിക്കൻ മിഷനറിമാരോടും, പിന്നീട് അന്ത്യോഖ്യൻ സുറിയാനി സഭയോടുമുള്ള മലങ്കരസഭാമക്കളുടെ പോരാട്ടം കേവലം സഭാതർക്കമായിട്ടു വിലയിരുത്തപ്പെടേണ്ടതല്ല; മറിച്ച് ഭാരതത്തിൽ അങ്ങോളമിങ്ങോളം അലയടിച്ച ദേശീയബോധത്തിന്റെയും, സ്വാതന്ത്ര്യചിന്തയുടെയും പ്രതിഫലനമായി വേണം അതു വിലയിരുത്തുവാൻ. ഭാരതമണ്ണിൽ വിതയ്ക്കപ്പെട്ട സുവിശേഷ വിത്തിൽ നിന്നും മുള പൊട്ടി വളർന്നുവന്ന നസ്രാണിസമൂഹം വളർച്ചയുടെ പല ഘട്ടങ്ങളിലും വൈദേശിക സഭാസമൂഹങ്ങളുമായി ബന്ധം പുലർത്താൻ നിർബന്ധിതരാവുകയും, നസ്രാണി സമൂഹത്തിൽ തന്നെ ഒരു വിഭാഗം ഈ വൈദേശിക മേൽക്കോയ്മയെ അംഗീകരിക്കുകയും ചെയ്തുവെങ്കിലും മലങ്കരസഭ ദേശീയബോധത്തിലൂന്നിയ സ്വതന്ത്ര ക്രൈസ്തവ സ്വഭാവം വീണ്ടെടുക്കുവാൻ പരിശ്രമിക്കുകയായിരുന്നു. ഈ പരിശ്രമത്തിന്റെ ഉദാത്ത ഫലമാണ് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം. കാതോലിക്കേറ്റ് സ്ഥാപനത്തിലൂടെ വീണ്ടെടുക്കപ്പെട്ട കൗദാശികവും ഭരണപരവുമായ സ്വാതന്ത്ര്യം ക്രമീകൃതവും, സുതാര്യവുമായ ഭരണത്തിനാവശ്യമായ ഭരണഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ചിന്തിക്കുന്നതിന് ഇടയാക്കി. ഒരേസമയം, മലങ്കരസഭ ക്രിയാത്മകവും, സ്വത്വബോധത്തിലൂന്നിയതുമായ നവീകരണം കൈവരിക്കുകയും അതോടൊപ്പം ദേശീയബോധത്തിലെ പങ്കാളിത്തം വഴിയായി മാർത്തോമ്മാ പൈതൃകത്തിന്റെ സ്വതന്ത്ര അസ്തിത്വം വീണ്ടെടുക്കുകയും ചെയ്തു.

## മലങ്കരസഭാ ഭരണഘടന – കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ പൂർത്തീകരണം

ക്രമീകൃതമായ ഒരു ഭരണഘടനയുടെയോ, നിയമവാഴ്ചയുടെയോ, അടിസ്ഥാനത്തിലായിരുന്നില്ല മലങ്കരസഭ ഭരിക്കപ്പെട്ടിരുന്നത്. 1804-ൽ ചിട്ടപ്പെടുത്തിയ കണ്ടനാട് പടിയോലയും, 1853-ലെ ചട്ടവരിയോലയും സഭയുടെ ആത്മികവും, ഭൗതികവുമായ ഭരണത്തെ ക്രമീകരിക്കുന്നതിന് സഹായിച്ചു എങ്കിലും കാലക്രമേണ അത് ഇല്ലാതാവുകയായിരുന്നു. എന്നാൽ 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തോടു കൂടെ സഭാ സ്വാതന്ത്ര്യത്തിന്റെ സ്ഥായിയായ ഭാവം സഭാമക്കളിലും, ആത്മീയ-പൗരോഹിത്യ മണ്ഡലങ്ങളിലും പ്രതിഫലിച്ചു തുടങ്ങി. ക്രമീകൃതമായ ഭരണസംവിധാനവും, അതിനു സഹായകരമായ ഭരണഘടനയും പ. സഭയുടെ സാക്ഷ്യനിർവഹണങ്ങളിലെ അഭിവാജ്യഘടകങ്ങളാണെന്ന ബോധ്യം വൈദിക-അൽമായ നേതൃത്വത്തിലെ ഉന്നതശീർഷരായ പലരിലും ഉണ്ടായി. മലങ്കരസഭയ്ക്കായി, ദേശീയതയിൽ കേന്ദ്രീകരിക്കുന്ന ഒരു ഭരണക്രമം സ്വപ്നം കണ്ട ആ മഹൽവ്യക്തികൾ അതിനനുസരണമായ നിയമാവലി തയ്യാറാക്കുകയായിരുന്നു. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ എം.എ., ചെറിയമഠത്തിൽ സ്കറിയാ മൽപ്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻമാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, പത്രോസ് മത്തായി, റ്റി. ജോസഫ്, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, റാവുസാഹിബ് ഒ. എം. ചെറിയാൻ (കൺവീനർ) എന്നീ പ്രമുഖ വ്യക്തികളടങ്ങിയ സമിതിയെ ഭരണഘടനയുടെ നക്കൽ തയ്യാറാക്കുന്നതിന് പ. വട്ടശ്ശേരിൽ തിരുമേനി നിയമിക്കുകയും പ്രസ്തുത സമിതി ഭരണഘടനയുടെ നക്കൽ തയ്യാറാക്കുകയും ചെയ്തു. നക്കൽ രൂപീകരണ സമയത്തു തന്നെ ആശയപരമായ തർക്കങ്ങൾ ഉടലെടുക്കുകയുണ്ടായി. ജനാധിപത്യ വ്യവസ്ഥകൾക്ക് മുൻതൂക്കമുള്ള വാദഗതിയും, എപ്പിസ്ക്കോപ്പസിക്ക് മുൻതൂക്കമുള്ള വാദഗതിയും സമിതിയിൽ ഉടലെടുത്തുവെങ്കിലും ഇവ രണ്ടിന്റെയും സമവായപരമായ സംയോജനം സാധ്യമാക്കുന്നവിധമുള്ള നക്കലാണ് അംഗീകരിക്കപ്പെട്ടത്. ജനാധിപത്യ വ്യവസ്ഥിതിയെ മാനിച്ചും, എപ്പിസ്ക്കോപ്പസിയെ ആദരിച്ചും, ദേശീയതയും, പൗരസ്ത്യ സഭകളുടെ സഭാവിജ്ഞാനീയവും കൂട്ടിയിണക്കുകയായിരുന്നു ഈ മഹത് കർമ്മത്തിലൂടെ. ഭരണഘടനയുടെ ആദ്യ വകുപ്പുകളിൽ തന്നെ മലങ്കരസഭയുടെ ദേശീയ സ്വഭാവവും, അതോടൊപ്പം പൊതു സുറിയാനി പൈതൃകവും എടുത്തു പറഞ്ഞുകൊണ്ട് 1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ഉദ്ദേശ്യവും, ലക്ഷ്യവും വ്യക്തമാക്കിയിരിക്കുന്നു.

മലങ്കരസഭയുടെ ചരിത്രപരമായ വളർച്ചയിൽ രൂപപ്പെട്ട അധികാര

കേന്ദ്രമായ മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തിന് അർഹമായ പ്രാധാന്യം ഭരണഘടനയിൽ നൽകുകയുണ്ടായി. മാർത്തോമ്മാ പൈതൃകത്തിന്റെ തദ്ദേശീയ ഭാവം ബഹിർസ്ഫുരിക്കുന്ന പ്രസ്തുത അധികാര കേന്ദ്രത്തിന്റെ ഭരണഘടനാപരമായ സാധൂകരണം സഭാപൈതൃകത്തിന്റെ തനിമ സ്ഥിരീകരിക്കുന്നതിന് ഇടയാക്കി. മലങ്കരസഭയുടെ ദേശീയ-സാർവ്വത്രിക സ്വഭാവം ഉയർത്തിപ്പിടിക്കുന്ന 'കാതോലിക്കാ' സ്ഥാനവും, തദ്ദേശീയ പൈതൃകഭാവം ഉയർത്തിക്കാട്ടുന്ന "മലങ്കര മെത്രാപ്പോലീത്താ' സ്ഥാനവും, പിൽക്കാലത്ത് ഒരു വ്യക്തിയിൽ ആകത്തക്ക വിധം ഭേദഗതി ചെയ്യപ്പെട്ടുവെങ്കിലും ഒന്ന് ഒന്നിൽ ലയിച്ച് ഇല്ലാതെ പോവുകയോ, ഒന്ന് മറ്റൊന്നിനെ തമസ്ക്കരിക്കുന്നവിധം അവഗണിക്കപ്പെടുകയോ ചെയ്യാനുള്ള സാധ്യത താരതമ്യേന ഇല്ലാതാക്കുന്നവിധം സൂക്ഷ്മതയോടുകൂടിയാണ് അത് നിർവഹിക്കപ്പെട്ടിരിക്കുന്നത്. ഭാരതത്തിലെ നൂറു ശതമാനവും തദ്ദേശീയമായ സഭയെന്ന് മലങ്കരസഭയ്ക്ക് അഭിമാനിക്കുന്നതിന് കാരണമായത് ഭരണഘടനയുടെ ഈ സവിശേഷ സ്വഭാവം മൂലമാണ്. ദേശീയബോധവും, സ്വതന്ത്ര മലങ്കരസഭയെന്ന ചിന്തയും മലങ്കരയിലെ ദേവാലയങ്ങളുടെ ഭരണപരമായ ഐകരൂപ്യത്തിന് വഴിയൊരുക്കി. പ്രാദേശികമായി ചില ഇടവകകളിൽ നിലനിന്നിരുന്ന 'ഉടമ്പടികൾ' 1934-ലെ ഭരണഘടനയോടുകൂടി അസ്ഥിരപ്പെടുകയും, എന്നാൽ ഭരണഘടനയ്ക്ക് ഉള്ളിൽ നിന്നുകൊണ്ട് സഭയുടെ പൊതുവായ താൽപര്യങ്ങൾക്ക് വിഘ്നം വരാത്തവിധം അതാതു ഇടവകകൾക്ക് തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള സാധ്യതയും 1934-ലെ ഭരണഘടന വ്യക്തമാക്കിയിരിക്കുന്നു.

### ഉപസംഹാരം

പ്രാദേശിക ചരിത്രങ്ങൾക്കും, ആ ഭൂമികയിൽ നിന്നും ഉരുത്തിരിഞ്ഞ നാട്ടുപാരമ്പര്യങ്ങൾക്കും, കീഴ്‌വഴക്കങ്ങൾക്കും വിഘാതം വരുത്താതെ തന്നെ സഭയുടെ സമഗ്രമായ ഏകീകരണം സാധ്യമാക്കുന്നതിനും, ദേശീയബോധത്തിന്റെ ആവശ്യകത അരക്കിട്ടുറപ്പിക്കുന്നതിനും 1934-ലെ ഭരണഘടനയിലൂടെ കഴിഞ്ഞു. 1912-ൽ സ്ഥാപിതമായ കാതോലിക്കേറ്റിന്, മറ്റെല്ലാ വൈദേശിക അധികാരകേന്ദ്രങ്ങളെയും മായിച്ചുകളയുകയോ, നിർവീര്യമാക്കുകയോ ചെയ്യുന്നവിധം പരമാധികാരകേന്ദ്രമാക്കുന്നതിന് പിൻബലം നൽകിയത് 1934-ലെ മലങ്കരസഭാ ഭരണഘടനയാണ്. മലങ്കരസഭയുടെ വികസനം ലക്ഷ്യമിട്ട് പദ്ധതികളും, പരിപാടികളും ആവിഷ്ക്കരിക്കുമ്പോൾ ശ്രദ്ധാപൂർവ്വം പരിഗണിക്കേണ്ടവയിൽ ദേശീയ ബോധവും രാഷ്ട്രനിർമ്മാണവും സമഗ്രതയും ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. അസ്തിത്വനിർണ്ണയത്തിലും, സ്വത്വബോധ രൂപീകരണത്തിലും ഈ ദേശീയബോധചിന്ത പരിഗണിക്കപ്പെടാതെ പോയാൽ സഭ കേവലം മതമൗലികവാദ-തീവ്രവാദ സംഘമായി തരംതാഴ്ത്തപ്പെടും.

1912-ലെ കാതോലിക്കേറ്റ് സ്ഥാപനത്തിന്റെയും, 1934-ലെ മലങ്കരസഭാ ഭരണഘടനയുടെയും ആത്മാവ് നഷ്ടമായി പോകുന്ന പ്രക്രിയയായി അത് അധഃപതിക്കും; നൂറ്റാണ്ടുകളെ മറികടക്കുവാൻ വെമ്പൽ കൊള്ളുമ്പോൾ ഈ അടിസ്ഥാനബോധം നഷ്ടമായിക്കൂടാ. ❑

**ചരിത്രരേഖകൾ**

## 1653-ലെ മട്ടാഞ്ചേരി പടിയോല

"അനന്തരം ഇത്ര ക്രൂരപാതകം ചെയ്ത പറങ്കികളോടും അവരുടെ കൂട്ടത്തോടും യാതൊരു ചേർച്ചയും അരുതെന്ന് സുറിയാനിക്കാർ നിശ്ചയിച്ചു. എല്ലാവരും കൂടി കൊച്ചിയിൽ കൂനൻകുരിശിന്മേൽ ഒരു കയറ് കെട്ടിപ്പിടിച്ച് 1653 മകരം 3-ാം തീയതി സത്യം ചെയ്കയും ഒരു പടിയോല എഴുതി ഒപ്പിടുകയും ചെയ്തു. ആ പടിയോലയുടെ പകർപ്പ്:

മോറാൻ ഈശോമശിഹാ പിറന്നിട്ട് 1653-ാമത് മകരമാസം 3-ാം തീയതി വെള്ളിയാഴ്ച നാൾ അർക്കദിയാക്കോൻ അച്ചനും മലങ്കര എടവകയിലുള്ള പള്ളികളിലെ വികാരിമാരും ദേശത്തുപട്ടക്കാരും എല്ലാവരുംകൂടി മട്ടാഞ്ചേരിൽ പള്ളിയിൽ വച്ച് നിശ്ചയിച്ച് കല്പിച്ച കാര്യം: അതായത് ശുദ്ധമാന കാതോലിക്കാ പള്ളി കല്പിച്ച് നമുക്കായിട്ട് മലങ്കരയ്ക്ക് യാത്രയാക്കിയ പാത്രിയർക്കീസിനെ ബലത്താലെ മെത്രാനും സാമ്പാളൂർ പാതിരിമാരും കൂടി പിടിച്ച് നമുക്ക് അനുഭവിക്കരുതെന്ന് കല്പിച്ചത്കൊണ്ടും ആ പാത്രിയർക്കീസ് മലങ്കരയ്ക്കു വന്ന് നമ്മുടെ കണ്ണുംമുന്നിൽ കാത്തോളം നേരം (പൊടിവ്) ഇപ്പോൾ മലങ്കര വാഴുന്ന മാർ ഫ്രഞ്ചിയൂസ് മെത്രാൻ നമുക്ക് മെത്രാനല്ല, നാം അയാളുടെ ഇടവകയിലുള്ള പ്രജകളുമല്ല എന്ന് ഒന്മ. ശുദ്ധമാന പള്ളിയുടെ ക്രമത്തിൽ തക്കവണ്ണം നമ്മുടെ എടവക വാഴുവാൻ മേല്പട്ടക്കാരൻ വേണ്ടുന്നതിന് ഇപ്പോൾതൊട്ട് തോമ്മാ അർക്കദിയാക്കോൻ തന്നെ വാണുകൊള്ളുകയും വേണമെന്ന് ഒന്മ. ഇതിന് വിചാരരായിട്ട് കല്ലിശ്ശേരി പള്ളിയിൽ ഇട്ടിത്തൊമ്മൻ കത്തനാരും കടുത്തുരുത്തി പള്ളിയിൽ കടവിൽ ചാണ്ടിക്കത്തനാരും അങ്കമാലി പള്ളിയിൽ വേങ്ങൂർ ഗീവറുഗീസ് കത്തനാരും കുറവിലങ്ങാട്ടു പള്ളിയിൽ പള്ളിവീട്ടിൽ ചാണ്ടിക്കത്തനാരും ഇവർ നാലുപേരും വിചാരക്കാരായിരുന്നു മൂവ്വാണ്ടിൽ മൂവ്വാണ്ടിൽ കൂടിവിചാരിച്ച് കല്പിച്ചു കൊൾകയും വേണം എന്ന് ഒന്മ. ഈ കല്പിച്ചമേക്ക് കടവിൽ ചാണ്ടിക്കത്തനാർ കയ്യെഴുത്ത്.

ഇപ്രകാരം ഒരു ഉടമ്പടി തീർത്ത് ഒപ്പിട്ടപടി എല്ലാവരും ആലങ്ങാട്ട് കൂടി തോമ്മാ അർക്കദിയാക്കോനെ പാത്രിയർക്കീസിന്റെ കല്പന അനുസരിച്ച് മെത്രാനായി വാഴിക്കയും ഇട്ടിത്തൊമ്മൻ കത്തനാർ മുതലായ നാല് കത്തങ്ങളെ ആലോചനക്കാരായി നിയമിക്കുകയും ചെയ്തു."

**(1896 – ലെ ഇടവകപത്രികയിലെ മുഖപ്രസംഗം, പുസ്തകം 5, ലക്കം 3, ഈയോർ – മീനം. ഇടവകപത്രികയിലെ ഈ മുഖലേഖനം എഴുതിയത് പത്രാധിപരായ ഇ. എം. ഫിലിപ്പ് തന്നെ ആണ്. ഫിലിപ്പിന്റെ പൂർവികർ ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശാ എഴുത്തുകാരനും സുറിയാനി ഭാഷയിലും സഭാചരിത്രത്തിലും പണ്ഡിതനും ആയിരുന്നു. അദ്ദേഹവും പിൻഗാമികളായ വൈദികരും മാർ സേവേറിയോസ് മെത്രാപ്പോലീത്തായും നാളാഗമരീതിയിൽ എഴുതിവന്ന 'ഇടവഴിക്കൽ ഡയറി' എന്ന അപ്രകാശിത ഗ്രന്ഥത്തിൽ നിന്നാണ് ഇ. എം. ഫിലിപ്പിന് ഈ പടിയോലയുടെ അസ്സൽ കണ്ടുകിട്ടിയത്.)**

# ‘വിശുദ്ധ നഗ്നത’യും തേജസിന്റെ വസ്ത്രവും

## ഫാ. ഡോ. മാത്യു കോശി അറ്റ്ലാന്റാ

പൗരസ്ത്യസഭയുടെ പിതൃവിജ്ഞാനീയത്തിലും (Patristics) ആരാധനാ പാരമ്പര്യത്തിലും (Liturgical tradition) ചർച്ച ചെയ്തിട്ടുള്ള വിഷയമാണ് ‘നഗ്നതയും വിശുദ്ധാത്മ വസ്ത്രവും’ (Nakedness and the garment of the Holy Spirit) എന്നുള്ളത്. വിശുദ്ധ മാമോദീസായിൽ ഇതിന്റെ ദൃശ്യാവിഷ്ക്കരണം ഏറെ അർത്ഥപൂർണ്ണമായി സഭാപിതാക്കന്മാർ ഉൾപ്പെടുത്തിയിരിക്കുന്നു. ‘നഗ്നത’ മനുഷ്യന്റെ പൂർണ്ണ വ്യക്തിത്വത്തിൻമേൽ കൈവന്ന ആദിരൂപവും ഭാവവുമായിരുന്നു. ദൈവവുമായി സമ്പൂർണ്ണ കൂട്ടായ്മയിൽ (Full Communion) ജീവിച്ച ആദാമും ഹവ്വയും തങ്ങളുടെ ഈ വിശുദ്ധ നഗ്നത (Holy Nakedness) നിലനിർത്തുകതന്നെ ചെയ്തു. ലജ്ജയും ഭയവും തോന്നേണ്ടാത്ത തികച്ചും നേർമ്മയുള്ളതും സുതാര്യവുമായ ഈ അവസ്ഥയിൽ മനുഷ്യൻ ദൈവത്തോടും പരസ്പരവും സർവ്വസൃഷ്ടികളോടും നിരന്തരമായ ഐക്യവും സൗഹാർദ്ദവും നിലനിർത്തിപ്പോന്നു. എന്നാൽ സാത്താന്യാകർഷണത്തിലൂടെ വീഴ്ച (Fall) ഭവിച്ച മനുഷ്യസ്വഭാവത്തിൽ ലജ്ജ, അപമാനം, ഭയം, കാപട്യം, സ്വയനീതീകരണം, മത്സരം തുടങ്ങിയ നിരവധി അധമവികാരങ്ങൾ ഓരോന്നായി സ്ഥാനം പിടിക്കുന്നു. ദൈവതേജസിന്റെ ശോഭയുള്ള വസ്ത്രം ഉരിഞ്ഞുകളഞ്ഞതു മൂലം നഗ്നതയുടെ നിർവ്യാജമായ സ്ഫടികഭാവം നഷ്ടപ്പെട്ടുവെന്നു മാത്രമല്ല, ദൈവത്തോടും പരസ്പരവും മറ്റു സൃഷ്ടികളോടുമുള്ള ബന്ധത്തിൽ വിള്ളലുകളും വൈരുദ്ധ്യങ്ങളും സംഭവിക്കുന്നു. നിരാശാജനകമായ കുറ്റബോധത്തിനും (depressive guilt) ആത്മതലത്തിലുള്ള ഛിന്നഭിന്നമായ അവസ്ഥയ്ക്കും (Fragmentation) വിധേയനാകുന്ന മനുഷ്യൻ തന്റെ തനതായ അവസ്ഥയിൽനിന്ന് (Original State) ഐതര്യം പ്രാപിച്ച് കപടവ്യക്തിത്വത്തിന്റെ (False Self) മുഖംമൂടി അണിയുന്നു. സ്വന്തം തെറ്റുകൾ ഏറ്റുപറഞ്ഞ് സത്യമായി അനുതപിക്കുവാൻ (True Repentance) തയ്യാറാകാതെ ആത്മപ്രതിരോധത്തിന്റെയും (self - defensiveness) സ്വയസംരക്ഷണത്തിന്റെയും (self - protectiveness) ആവരണങ്ങൾ നിർമ്മിക്കുന്നു.

വീഴ്ച ഭവിച്ച തന്റെ വാത്സല്യ സൃഷ്ടിയോടുള്ള കരുണാതിരേകത്താൽ വിശുദ്ധ ത്രിത്വത്തിൽ രണ്ടാമൻ മനുഷ്യസ്വഭാവത്തോട് ഏകീഭവിക്കുകയും ആദാം ചെയ്ത തെറ്റുകൾക്ക് പ്രായശ്ചിത്തമായി സ്വയം ശിക്ഷാവിധിയേൽക്കുകയും ചെയ്യുന്നതാണ് മനുഷ്യാവതാര സംഭവ

ത്തിലെ പ്രമേയം. പൗരസ്ത്യസഭയുടെ വേദശാസ്ത്രത്തിലും ആരാധനയിലും ഈ ആശയത്തെ ഏറെ സമ്പുഷ്ടമായി അവതരിപ്പിച്ചിട്ടുണ്ട്. ദുഃഖവെള്ളിയാഴ്ചയുടെ ഒമ്പതാം മണി നമസ്ക്കാരത്തിന്റെ പ്രുമിയോനിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"വെള്ളിയാഴ്ച ഹവ്വാ ആദാമിന് മരണകരമായ പഴം കൊടുക്കുകയും അവൻ തിന്ന് ആത്മീയമായി മരിക്കുകയും ചെയ്തു. വെള്ളിയാഴ്ച ജനങ്ങൾ നമ്മുടെ കർത്താവിന് കാടിയും കയ്പുനീരും നീട്ടിക്കൊടുക്കുകയും താൻ അത് കുടിക്കുകയും ചെയ്തു. വെള്ളിയാഴ്ച ആദാം നഗ്നനായി മൂന്നു മണിക്കൂർ നേരം പറുദീസായിൽ ഇരുന്നു. വെള്ളിയാഴ്ച മശിഹാതമ്പുരാൻ മൂന്നു മണിക്കൂർ നേരം കുരിശിന്മേൽ നഗ്നനായി കിടന്നു. വെള്ളിയാഴ്ച മരണമുള്ളവരായ മണ്മയരുടെ മാതാവായ ഹവ്വാ ആദാമിന്റെ ഇടത്തുഭാഗത്ത് നിന്ന് പുറപ്പെട്ടു. ജീവന്റെ കാസായും ആത്മീയ പാനീയവും മശിഹാതമ്പുരാന്റെ വിലാവിൽ നിന്ന് പുറപ്പെട്ടു. വെള്ളിയാഴ്ച ആദാമും ഹവ്വയും പാപം ചെയ്തു. വെള്ളിയാഴ്ച അവരുടെ പാപം ക്ഷമിക്കപ്പെട്ടു."

ചുരുക്കത്തിൽ തന്റെ വാത്സല്യസൃഷ്ടിയുടെ പതനത്തിന് പരിഹാരമായി ലജ്ജയും അപമാനവും കഷ്ടതയും മരണവും ദൈവം ഏറ്റെടുക്കുന്നു. ഇവിടെ ന്യായവിധി കൽപിക്കുന്ന ദൈവത്തെയും ന്യായത്തീർപ്പിന് സ്വയം വിധേയനാകുന്ന സ്നേഹവാനായ പിതാവിനേയുമാണ് ദർശിക്കുവാൻ കഴിയുന്നത്. അവിടുന്ന് ആദാമിനു വേണ്ടി തന്റെ മഹത്വവസ്ത്രം അഴിച്ചുകളഞ്ഞ് നഗ്നനായി കുരിശിൽ കിടക്കുന്നു. ആദാം ഏദനിൽ വെച്ച് ഉരിഞ്ഞുകളഞ്ഞ വസ്ത്രത്തിന് പകരം തന്റെ മഹത്വവസ്ത്രം അവരെ ധരിപ്പിക്കുന്നു. പ്രുമിയോനിൽ വീണ്ടും ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

"വെള്ളിയാഴ്ച മശിഹാതമ്പുരാൻ മഹത്വത്തിന്റെ വസ്ത്രം അഴിച്ചുകളഞ്ഞു. ആദാമും ഹവ്വായും വൃക്ഷങ്ങളുടെ ഇടയിൽ വച്ച് അഴിച്ചുകളഞ്ഞ മഹത്വമുള്ള അങ്കിക്കു പകരം അവരെ അതു വീണ്ടും ധരിപ്പിച്ചു."

കാപട്യവും ലജ്ജയും ഇല്ലാത്ത ആത്മാവിന്റെ വിശുദ്ധ നഗ്നതയുടെമേൽ മാത്രമേ തേജസിന്റെ വസ്ത്രം ദൈവം നൽകുകയുള്ളു. വിശുദ്ധ കുർബ്ബാനയുടെ ഒരു പ്രുമിയോനിൽ ഇങ്ങനെ വായിക്കുന്നു:

"പരിശുദ്ധറൂഹാ ഞങ്ങളുടെ കുർബ്ബാനകളിൽ പ്രീതിപ്പെടുകയും അവൻ ഇറങ്ങിവന്ന് ഇതിനെ ശുദ്ധീകരിക്കുകയും ഞങ്ങളുടെ അന്യായത്തിൽ നിന്ന് ഞങ്ങളെ പുണ്യപ്പെടുത്തുകയും നാശമില്ലാത്ത വസ്ത്രം ഞങ്ങളെ ധരിപ്പിക്കുകയും നിന്റെ രാജ്യത്തിലുള്ള ആനന്ദത്തിന് ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യുമാറാകണമേ!"

സ്വയം നിർമ്മിക്കുന്ന ആവരണങ്ങൾക്കുള്ളിൽ കുറ്റബോധവും കാപട്യവും ഒതുക്കുവാൻ പാടുപെടുന്ന മനുഷ്യൻ ആത്മനിന്ദയിലേക്കും നിരാശ്ശയിലേക്കും നിപതിക്കുന്നു. കലഹം, മത്സരം, കുലപാതകം, ആത്മഹത്യ തുടങ്ങിയ നിരവധി നശീകരണപ്രവണതകളുടേയും ആവിർഭാവം ഈ അവസ്ഥയിൽ നിന്നാണ് പലപ്പോഴും സംഭവിക്കുന്നത്. പ്രശസ്ത മനശാസ്ത്രജ്ഞനായ ഫ്രോയിഡ് കുറ്റബോധത്തെക്കുറിച്ച് ഇങ്ങനെ പറയുന്നു.

“Some people have great deal of guilt may unconciously direct great harm towards himself. This leads to a great deal of selfpunishment.”

വിശുദ്ധ മാമോദീസായിൽ സ്ഥാനാർത്ഥിയുടെ പഴയ വസ്ത്രങ്ങൾ മാറ്റി ശരീരം വെള്ളത്താൽ കഴുകപ്പെടുന്നു. തുടർന്ന് വിശുദ്ധ മൂറോൻ തൈലത്താൽ മുദ്ര കുത്തപ്പെട്ട് ശരീരമാസകലം അഭിഷേകം ചെയ്യപ്പെടുന്നു. ഇങ്ങനെ പഴയ മനുഷ്യൻ ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളിയായി അവന്റെ മഹത്വത്തിന് അവകാശിയായിത്തീരുന്നു. സഭയുടെ വിശ്വാസത്തിലും പിതാക്കന്മാരുടെ പഠിപ്പിക്കലിലും വി. മാമോദീസായും വി. മൂറോനഭിഷേകവും തേജസിന്റെ വസ്ത്രധാരണവും മുദ്രയിടീലുമാണ്. ഏദനിൽ വെച്ച് ഉരിഞ്ഞുകളഞ്ഞ മഹത്വവസ്ത്രം വീണ്ടും ധരിപ്പിക്കുന്ന അവസ്ഥ. വി. മാമോദീസായിലെ പ്രാർത്ഥനകൾ ശ്രദ്ധിക്കുക:

“വീണ്ടും ജനനത്തിന് ഇവനെ (ഇവളെ) യോഗ്യനാക്കണമേ. പഴയ മനുഷ്യനെ ഇവനിൽ (ഇവളിൽ) നിന്ന് ഉരിഞ്ഞുകളയണമേ. നാശരഹിതമായ വസ്ത്രം ഇവനെ (ഇവളെ) ധരിപ്പിക്കേണമേ” (പ്രുമിയോനിൽ നിന്ന്).

“ഇതിൽ മാമോദീസാ മുങ്ങുന്ന നിന്റെ ദാസന് (ദാസിക്ക്) നിന്റെ തിരുവിഷ്ടത്താലും നിന്റെ ഏകപുത്രന്റെ മനുഷ്യസ്നേഹത്താലും നിന്റെ പരിശുദ്ധാത്മാവിന്റെ വ്യാപാരത്താലും ഇത് നാശരഹിതമായ ആത്മീയ വസ്ത്രവും പാപബന്ധനങ്ങളിൽ നിന്നുള്ള മോചനവും ആയിത്തീരുവാൻ കൃപയരുളുകയും ചെയ്യണമേ” (പ്രാർത്ഥനയിൽ നിന്ന്).

“ഈ ജലത്തെ വീണ്ടും ജനനത്തിൻ സ്നാനവും പുത്രസ്വീകാര്യത്തിൻ നൽവരവും നാശരഹിതമായ വസ്ത്രവും വിശുദ്ധാത്മാവിൻ പുതുക്കവുമാക്കിത്തീർക്കേണമേ. ആമ്മീൻ” (വെള്ളത്തെ ആശീർവദിക്കുമ്പോൾ).

ക്രിസ്തുവിന്റെ മരണത്തിലും ഉയിർപ്പിലും പങ്കാളിത്തം നേടി പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ‘വിശുദ്ധ നഗ്നത’ സമാർജ്ജിക്കുന്ന വിശ്വാ

സികൾക്ക് സഭ നൽകുന്ന മഹത്വവസ്ത്രമാണ് വി. മാമോദീസായും വിശുദ്ധാത്മനൽവരമാകുന്ന വി. മൂറോനഭിഷേകവും. പൗരസ്ത്യ ക്രിസ്തീയ ആദ്ധ്യാത്മികതയിൽ ആത്മാവിനേയും ഹൃദയത്തേയും നഗ്നമാക്കേണ്ട ആവശ്യകതയെ ഊന്നിപ്പറയുന്നുണ്ട്. വിശുദ്ധ കുമ്പസാരത്തിലൂടെ വിശ്വാസികൾ നിലനിർത്തേണ്ട ആത്മീയ പരിതോവസ്ഥയാണ് ഈ 'നഗ്നതാ ഭാവം.'

ഭാരതീയ ആദ്ധ്യാത്മിക പാരമ്പര്യത്തിലും ഈ ആശയത്തോട് സാധർമ്മ്യമുള്ള കഥയാണ് ശ്രീകൃഷ്ണൻ സ്നാനം ചെയ്തുകൊണ്ടിരുന്ന സ്ത്രീകളുടെ ചേലകൾ അപഹരിക്കുന്ന സംഭവം. നഗ്നരായി തന്റെ അടുക്കൽ വന്നെങ്കിൽ മാത്രമേ അവരുടെ ചേലകൾ തിരികെ നൽകുകയുള്ളുവെന്ന് കൃഷ്ണൻ ശഠിക്കുന്നു. ദൈവസാന്നിധ്യത്തിൽ മനുഷ്യൻ ആവരണങ്ങൾ കൂടാതെ അണയണമെന്നുള്ളതാണ് കഥയുടെ സാരം. ഭാരതത്തിലെ പല പുരാതന ക്ഷേത്രങ്ങളിലും പാദരക്ഷകളും ഉടുപ്പുകളും ഉപേക്ഷിച്ചുകൊണ്ടു മാത്രമേ ഭക്തർക്ക് പ്രവേശിക്കാനാവൂ.

വിശുദ്ധ മാമോദീസായിൽ ലഭ്യമാകുന്ന മഹത്വവസ്ത്രവും പരിശുദ്ധാത്മ മുദ്രയും കേടുകൂടാതെ സൂക്ഷിക്കുവാൻ വിശ്വാസികൾ കടപ്പെട്ടവരാണ്. സ്ത്രീകളുടെ ശവസംസ്ക്കാരശുശ്രൂഷയിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു:

"ദയാലുവായ ദൈവമേ! മാമോദീസാ മൂലം നീ നൽകിയതായ പ്രകാശവസ്ത്രവും മൂറോനാകുന്ന മുദ്രയും ഇവളിൽ നിന്ന് ഉരിഞ്ഞുകളയരുതെ" (ഒന്നാം ശുശ്രൂഷയുടെ പ്രുമിയോനിൽ നിന്ന്).

നഗ്നതയുടെ വിമലഭാവത്തെ നഷ്ടമാക്കുന്ന എല്ലാ നശീകരണ പ്രവണതകളിൽ നിന്നുമൊഴിഞ്ഞ് ദൈവം നൽകിയ ഈ തേജസ്സിന്റെ വസ്ത്രം ഏറെ ശോഭയോടെ കാത്തുസൂക്ഷിക്കുവാൻ വിശ്വാസ സമൂഹത്തിന് കഴിയട്ടെ.

# ഗദ്സമനാ തോട്ടവും പത്രോസും സമദൂര സിദ്ധാന്തവും

## അഡ്വ. വർഗീസ് പി. തോമസ്

ശാസ്ത്രിമാരും പരീശന്മാരും പടയാളികളും ഉൾപ്പെട്ട സംഘം ഗദ്സമന തോട്ടത്തിൽനിന്നും രാത്രിയിൽ യേശുവിനെ പിടിച്ചുകൊണ്ട് കയ്യാഫാവിന്റെ അരമനയിൽ കൊണ്ടുപോയി. "പത്രോസ് അകലം വിട്ട് പിൻചെന്നു" (ലൂക്കോസ് 22:54). മറ്റു സുവിശേഷങ്ങളിൽ ദൂരവെ അനുഗമിച്ചു എന്നെഴുതിയിരിക്കുന്നു. ഏതായാലും പത്രോസ് യേശുവിനെ അനുഗമിച്ചത് "അകലം വിട്ടും" 'ദൂരം' വിട്ടുമാണ്. പ്രാണഭയത്താലാണ് പത്രോസ് അകലം വിട്ടുനിന്നത്. ഇക്കാലത്ത് ക്രൈസ്തവർ ക്രിസ്തുവിനെ അകലം വിട്ട് പിൻചെല്ലുന്നതു പ്രാണഭയത്താലല്ല മറിച്ച് സ്ഥാനത്തിനും ദ്രവ്യത്തിനുമാണ്. ഈ പ്രവൃത്തിയെയാണ് "സമദൂര സിദ്ധാന്തം" എന്നു വിളിക്കുന്നത്.

സമദൂരം എന്നാൽ ദുഷ്ടലാക്കോടെ പ്രശ്നങ്ങൾക്കും വിഷയങ്ങൾക്കും വളരെ അകലം പാലിക്കുകയും പ്രതികരിക്കാതിരിക്കുകയും ചെയ്യുന്നതാണ്. നീതിബോധമുള്ള ഒരു വ്യക്തിക്ക് ഈ സിദ്ധാന്തം ഭൂഷണമല്ല. ഒരു ക്രൈസ്തവന് സ്വർഗ്ഗരാജ്യത്തിന്റെ കെട്ടുപണിക്ക് ഈ നയം സ്വീകാര്യമല്ല. രാഷ്ട്രീയക്കാരും സാമുദായികകക്ഷികളും സ്വീകരിച്ചിരിക്കുന്ന ഈ നയം പിന്തുടരുവാൻ ആത്മീയലോകവും തയ്യാറായിക്കഴിഞ്ഞു.

സമദൂരം പത്രോസ് എങ്ങനെ സ്വീകരിച്ചു എന്നതാണ് ചിന്താവിഷയം. കർത്താവായ യേശുക്രിസ്തു അവസാനമായി ഗദ്സമനാ തോട്ടത്തിൽ സ്വപ്രാണനുവേണ്ടി പിതാവാം ദൈവത്തോട് യാചിക്കുന്നു. ആ ദൃശ്യം ചില ചിത്രങ്ങളിൽ കണ്ടത് നാം ഓർക്കുമെങ്കിൽ കൂടുതൽ വ്യക്തത വരും. പ്രാണനുവേണ്ടി പിടഞ്ഞു പ്രാർത്ഥിക്കുന്ന ആ നിമിഷം മുതൽ അവന്റെ വിയർപ്പ് നിലത്തു വീണ് വലിയ ചോരത്തുള്ളി പോലെയായി. ഇവിടം മുതലാണ് സർവ്വലോകരുടെയും രക്ഷയ്ക്കുവേണ്ടി രക്തം ചൊരിയുവാൻ തുടങ്ങിയത്. അവസാനതുള്ളി രക്തം പുറത്തുവന്നത് വിലാപ്പുറത്തെ കുത്തു മൂലമാണ്. രക്തവും വെള്ളവും ഉടൻ വന്നതായി എഴുതിയിരിക്കുന്നു. അവസാനം വെള്ളം വന്നതിനാൽ ഒരു തുള്ളി രക്തം പോലും ശരീരത്തിൽ അവശേഷിച്ചിരുന്നില്ല. മറിച്ച് ഒരു തുള്ളിയെങ്കിലും ശേഷിച്ചിരുന്നെങ്കിൽ സാത്താൻ ദൈവമുമ്പാകെ അതു വിഷയമാക്കി കടുത്ത വാദം നടത്തിയേനെ. മോശയുടെ ആത്മാവിനെതിരായി വാദം നടത്തി

യവൻ ദൈവസന്നിധിയിൽ സ്വപുത്രനെതിരായി എന്തെല്ലാം പറയുമായിരുന്നു. ചില ആത്മീയർ തിയോളജിക്കൽ ഡോക്ടറേറ്റ് എടുത്ത് നിരത്തുന്ന വാദം കേട്ടാൽ ഇതിനാണെന്നു സംശയിച്ചു പോകും.

ഗദ്സമന തോട്ടത്തിന്റെ സ്ഥിതിയും കിടപ്പും വിവരിക്കുന്നത് സന്ദർഭത്തിന് ഉചിതമെന്നു തോന്നുന്നു. ഗദ്സമനാ ഒരു അരാമ്യ പദമാണ്. ചക്കിലിട്ടു ഒലിവ് ഇടിച്ചുപിഴിഞ്ഞ് എടുക്കുന്ന എണ്ണ എന്നാണർത്ഥം. എത്ര അർത്ഥമേറിയ സ്ഥലം. ഈ തോട്ടം ഒലിവുമലയുടെ പടിഞ്ഞാറുഭാഗത്ത് യരുശലേം പട്ടണത്തിനഭിമുഖമായി സ്ഥിതിചെയ്യുന്നു. യേശു അനേകം തവണ ഈ തോട്ടത്തിൽ വന്നു പ്രാർത്ഥിച്ചിരുന്നു. യേശുക്രിസ്തുവിന്റെ ഒരു സ്നേഹിതന്റെ തോട്ടമായിരിക്കാം ഇതെന്നു സുവിശേഷ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഒലിവുവൃക്ഷങ്ങൾ നിൽക്കുന്ന ഈ തോട്ടം പ്രാർത്ഥനയ്ക്കായി തിരഞ്ഞെടുക്കുവാൻ പല കാരണങ്ങളും ഉണ്ടാകാം. ഒലിവുവൃക്ഷം ഒരിക്കലും നാശമില്ലാത്തവയും ആയുസ്സ് ഉള്ളവയുമാണ്. ഒലിവുവൃക്ഷം സമാധാനത്തിന്റെ പ്രതീകമാണ്. മഹാപ്രളയത്തിൽ പർവ്വതത്തിൽ ഉറച്ച പെട്ടകത്തിൽ നിന്നും നോഹ പ്രാവിനെ രണ്ടാം തവണ പുറത്തുവിട്ടപ്പോൾ അതു മടങ്ങിയെത്തിയതു ഒരു പച്ച ഒലിവിലയുമായാണ്. ഗദ്സമനാ തോട്ടത്തിൽ ഇന്നും സംരക്ഷിച്ചു സൂക്ഷിക്കുന്ന ചില ഒലിവുമരങ്ങൾ പൊട്ടിക്കിളിർത്തു വളർന്നു നിൽക്കുന്നത് നാശരഹിതമായതിനാലാണ്. ഒലിവുമരം യിസ്രായേൽ രാജ്യത്തിന്റെ ദേശീയ മരമാണ്. ഇവിടെയിരുന്നു യറുശലേം പട്ടണ നിവാസികളെയും ദേവാലയത്തെയും സമർപ്പിച്ച് യേശു പ്രാർത്ഥിച്ചിട്ടുണ്ട്. പട്ടണ നിവാസികളുടെ ജീവിതരീതിയും മൂല്യത്തകർച്ചയും അദ്ദേഹത്തെ അതീവ ദുഃഖിതനാക്കി. എന്റെ ദേവാലയം കള്ളന്മാരുടെയും കൊള്ളക്കാരുടെയും ഗുണ്ടകളുടെയും, ക്വട്ടേഷൻ സംഘങ്ങളുടെയും ഗുഹയാക്കി എന്ന് ഓർത്ത് വിലപിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ശുദ്ധീകരണ പ്രക്രിയ നടത്തിയത്. അവന്റെ പ്രാർത്ഥനയിൽ ക്രിയാത്മകമായ പങ്കു കൂടിയുണ്ടായിരുന്നു.

പത്രോസ് മൂന്നു പ്രാവശ്യം യേശുവിനെ തള്ളിപ്പറഞ്ഞത് പ്രവചനം നിവൃത്തിയാകുവാൻ വേണ്ടിയാണെന്ന് നാം ബലമായി വിശ്വസിക്കുന്നു. അതു ശരിയെങ്കിലും തള്ളിപ്പറഞ്ഞ ഭാഷയുടെ പ്രയോഗം നാം വിസ്മരിക്കുന്നു. എന്തു വാക്കുപയോഗിച്ചു തള്ളിപ്പറയുമെന്ന് ക്രിസ്തു പ്രവചിച്ചില്ല. മർക്കോസിന്റെ സുവിശേഷം 22-ാം അദ്ധ്യായഭാഗത്ത് ബാല്യക്കാരത്തി പത്രോസിന്റെ നേരെ വിരൽ ചൂണ്ടിയപ്പോൾ ഞാൻ യേശുവിനെ അറിയുന്നില്ലെന്നവൻ തള്ളിപ്പറഞ്ഞു. രണ്ടാമൻ പത്രോസിനെ മനസ്സിലാക്കി 'നീയും അവരുടെ കൂട്ടത്തിലുള്ളവൻ' എന്നു പറഞ്ഞപ്പോൾ അവൻ ഞാനല്ലെന്നു പറഞ്ഞ് നിഷേധിച്ചു. മൂന്നാമൻ പത്രോസിനെ കണ്ട് 'ഇവൻ ഗലീലാക്കാരൻ ഇവനും അവനോടു കൂടെയുള്ളവൻ' എന്നു

പറഞ്ഞപ്പോൾ 'നീ പറഞ്ഞത് എനിക്കു തിരിയുന്നില്ല' എന്നു മറുപടി പറഞ്ഞു. സ്വന്ത രക്ഷിതാവിനെ അറിയുന്നില്ലെന്നും സ്വയമേ ജ്ഞാന ല്ലെന്നും പറഞ്ഞു കഴിഞ്ഞപ്പോൾ ഒന്നും തിരിയാത്ത അവസ്ഥയിലായി. "ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും" എന്ന അവസ്ഥ.

ഏതായാലും കോഴി മൂന്നു തവണ കൂവി. ദൈവം കൽപിച്ചതു കോഴി അനുസരിക്കുന്നു. 'ഈ രാത്രിയിൽ കോഴി കൂവും മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്ന് ഞാൻ സത്യമായിട്ടു നിന്നോടു പറ യുന്നു എന്നു പറഞ്ഞു" (മത്തായി 26:34). ഈ പ്രസിദ്ധമായ വേദഭാഗ മാണ് പൂവൻകോഴിയെപ്പറ്റിയുള്ള പരാമർശനം. എന്നാൽ ഈ ഭാഗത്തെ ക്കുറിച്ചുള്ള വില്യം ബാർക്ലേയുടെ വിശകലനം രസകരമാണ്. രാത്രിയെ മുന്നു മണിക്കൂറുകളുള്ള നാലു യാമങ്ങളായി വിഭജിച്ചു കാവൽ നിൽ ക്കുന്ന റോമൻ പടയാളികൾ ഓരോ യാമങ്ങൾക്കൊടുവിലും അടുത്ത കൂട്ടത്തിനു ചുമതല കൈമാറിയിരുന്നു. ആ സമയത്തു റോമൻ പടയാ ളികൾ മുഴക്കുന്ന പ്രത്യേക കുഴൽവിളിയെ ലത്തീനിൽ "ഗലീലിനിയം" എന്നും ഗ്രീക്കിൽ "ലെക്ടോഫോണിയാ" എന്നും പറഞ്ഞിരിക്കുന്നു. ഈ രണ്ടു പ്രയോഗങ്ങളുടെയും അർത്ഥം "കോഴിയുടെ കൂവൽ" എന്നാണ്. കുഴൽവിളിയുടെ ഈണത്തിന്റെ സാദൃശ്യം കൊണ്ടാവാം ഈ പേരു വന്നത്. അതിരാവിലെ മൂന്നു മണിക്ക് കാവലിന്റെ ചുമതലയേൽക്കുവാൻ എത്തുന്ന സംഘം മുഴക്കുന്ന കുഴൽവിളിയെപ്പറ്റിയാണ് കർത്താവ് സൂചി പ്പിച്ചതെന്ന് അദ്ദേഹത്തിന്റെ ഭാഷ്യം. എന്നാൽ ബി.സി. 200-നോടടുത്തു കോഴികളെ പേർഷ്യയിൽ നിന്നും പലസ്തീനിലേക്കു കൊണ്ടുവന്നു വളർത്തി തുടങ്ങിയിരുന്നു എന്നു വ്യാഖ്യാനമുണ്ട്. കൂടാതെ "കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ എത്രവട്ടം ചേർത്തുകൊള്ളുവാൻ എനിക്കു മനസ്സായിരുന്നു. നിങ്ങൾക്കോ മനസ്സായില്ല" (ലൂക്കോസ് 13:34) എന്ന ഭാഗം പിടക്കോഴിയെപ്പറ്റി പറയു ന്നെങ്കിൽ കോഴി കൂവിയതിനെപ്പറ്റി പറഞ്ഞിരിക്കുന്നത് പൂവൻകോഴിയെ ഉദ്ദേശിച്ചാണെന്നതിന് സംശയമില്ല. വില്യം ബാർക്ലേയുടെ നിഗമനം വളരെ ബാലിശവും യുക്തിക്കു ചേരാത്തതുമാണെന്ന് സംശയമില്ല. കർ ത്താവായ യേശുക്രിസ്തു അരാമ്യ ഭാഷയിലാണ് സംസാരിച്ചിരുന്നത്. പിടക്കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ എന്ന ഒരു വാക്ക് തന്നെ കർത്താവ് ഉപമയായിട്ട് പറഞ്ഞതാണ്. കോഴി എന്ന പക്ഷിയെപ്പറ്റി ശരിക്കും അറിയാമായിരുന്നതിനാലാണ് ഇപ്രകാരം ഒരു ഉപമ പറയുവാൻ കാരണം. കോഴി ശുദ്ധിയുള്ള പക്ഷിയുടെ കൂട്ടത്തിൽ പെടുന്നു. ഏതായാലും യരുശലേമിനെപ്പറ്റി യേശുവിന്റെ വിലാപത്തിൽ ഈ പക്ഷിയെ ചേർത്തു പറയുന്നതു ശ്രദ്ധേയമാണ്. മറ്റു ഭാഷകളിലെ വാക്കുകളും അർത്ഥങ്ങളും പ്രയോഗിച്ച് ചില നിഗമനങ്ങളിൽ എത്തു ന്നതു ശരിയായ വ്യാഖ്യാനമല്ല.

സർവ്വസൃഷ്ടികളും ദൈവത്തിന്റെ കൽപന അനുസരിക്കുമെങ്കിൽ മനുഷ്യൻ നേരെ മറിച്ചാണ്. ഗദ്സമനാ തോട്ടത്തിൽ യേശു പ്രാർത്ഥിക്കുമ്പോൾ ശിഷ്യർ കൂർക്കം വലിച്ച് സുഖമായി ഉറങ്ങിയിരുന്നു. പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ വീണ്ടും പ്രാർത്ഥിക്കണമെന്നു കർത്താവ് ഉപദേശിക്കുന്നു. ഇന്ന് ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും വേണ്ടി നല്ല തോട്ടങ്ങൾ വിലയ്ക്കു വാങ്ങി കോടികൾ മുടക്കി വലിയ ആരാധനാലയങ്ങൾ പണിയുന്നു. ശീതീകരിച്ച ആരാധനാലയങ്ങളിലെ കസേരകളിലും കുഷ്യനിട്ട ബഞ്ചുകളിലും ആരാധനാമധ്യേ ഇരുന്നുറങ്ങുന്ന വിശ്വാസികളെ കാണാം. ഗദ്സമനാ തോട്ടത്തിലെ പ്രാർത്ഥനയിൽ കഠിന വേദന ഏറിയപ്പോൾ യേശുവിനെ ആശ്വസിപ്പിക്കുവാനും ബലപ്പെടുത്തുവാനും ദൈവദൂതൻ എത്തിയെങ്കിൽ ഇപ്പോഴുള്ളവർക്ക് മൊബൈലിലാണ് വിളി എത്തുന്നത്. കോഴി കൂവിയപ്പോൾ യേശു പത്രോസിനെ "ഒന്ന്" തിരിഞ്ഞുനോക്കി എന്ന് എഴുതിയിരിക്കുന്നു. ഏതായാലും ആ നോട്ടത്തിൽ പത്രോസ് സമദൂരം ഉപേക്ഷിച്ച് അതീവ ദുഃഖിതനായി പുറത്തുപോയി പൊട്ടിക്കരഞ്ഞു. നമ്മെ ഒന്ന് കർത്താവ് നോക്കിയാൽ കാണാവുന്ന ദൂരത്തിൽ പോലുമല്ല നിൽക്കുന്നത്. ഇപ്പോഴും എപ്പോഴും ദൈവത്തിൽനിന്നും സമദൂരം കണ്ടു സ്വയം സുരക്ഷിത മേഖല ഉണ്ടാക്കി നിൽക്കുവാൻ നാം ആഗ്രഹിക്കുന്നു. ഉഷ്ണവാനുമല്ല ശീതവാനുമല്ലാത്ത അവസ്ഥയാണ് സമദൂരം. അതുകൊണ്ട് നിന്നെ ഉമിഞ്ഞുകളയുമെന്ന് ദൈവവചനം പറയുന്നു. ഏദൻതോട്ടത്തിൽ പിശാച് ആദാമിനെ നാണംകെടുത്തിയെങ്കിൽ ഗദ്സമനാ തോട്ടത്തിൽ രണ്ടാം ആദാമായ യേശുക്രിസ്തു പിശാചിനെ നാണംകെടുത്തി. നാമോ കർത്താവിനെ നാണംകെടുത്തുവാൻ ശ്രമം തുടരുന്നു. ഫാദർജിയുടെ വാക്ക് കടമെടുക്കട്ടെ: "ക്രിസ്തുവിന്റെയോ ശിഷ്യന്മാരുടെയോ ചിത്രങ്ങളോ രൂപങ്ങളോ നമുക്കു ദോഷം ചെയ്യില്ല. ലേഖനങ്ങൾ കുഴപ്പം ഉണ്ടാക്കുകയുമില്ല, പക്ഷേ അവരിലൊരാൾ വന്നാൽ നമുക്കു ഭീഷണിയാണ്." ഇതല്ലെ ഇന്നത്തെ ക്രൈസ്തവരുടെ അവസ്ഥ.

# “ഏലിയായുടെ ദൈവം കൂടെയുണ്ട് എനിക്കതു മതി”

## വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ പുതുപ്പാടി

1987–ൽ യാച്ചാരം ബാലഗ്രാമിന്റെ ഒരു ജനറൽ ബോഡിയോഗം ഹൈദ രാബാദ് സെന്റ് ഗ്രീഗോറിയോസ് കത്തീഡ്രലിൽ വച്ച് നടത്തി. ഭാഗ്യ സ്മരണാർഹരായ അഭിവന്ദ്യ സഖറിയാസ് മാർ ദീവന്നാസ്യോസ് തിരു മനസ്സും, മിഷൻബോർഡ് പ്രസിഡണ്ട് അഭിവന്ദ്യ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ഉപവിഷ്ടരായിരുന്നു. പ്രാർത്ഥന, മുൻ യോഗ മിനിറ്റ്സ്, ബഡ്ജറ്റ് എന്നിവയ്ക്ക് ശേഷം അഭിവന്ദ്യ ദീവന്നാ സ്യോസ് തിരുമനസ്സ് എഴുന്നേറ്റ് യാച്ചാരത്തെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചു. തുടർന്ന് തിരുമേനി കൽപിച്ചു. “ഫിലിപ്പച്ചൻ വളരെ ത്യാഗം അനുഷ്ഠിക്കുന്നു. പള്ളികളുടെ ചുമതലയില്ല. ആയതിനാൽ അച്ചന് ശമ്പളം ഏർപ്പെടുത്തണം.” സദസിൽ ഇരുന്ന എല്ലാവരും കൈയ്യടിച്ച് പാസാക്കി. ഫിലിപ്പച്ചൻ എഴുന്നേറ്റ് ‘‘എനിക്ക് ശമ്പളം ആവശ്യമില്ല, ഏലി യാവിന് ശ്രേഷ്ഠ ഭോജനം നൽകിയവൻ കൂടെയുണ്ട്. എനിക്കത് മതി” എന്നു പറഞ്ഞു. യഥാർത്ഥത്തിൽ ഈ തീരുമാനം ഇന്നും എന്നെ ശക്തി പ്പെടുത്തുന്നു (വിവാഹിതരായ പട്ടക്കാർക്കും സുവിശേഷകർക്കും മാന്യ മായ ശമ്പളം നൽകണമെന്നാണ് എന്റെ ശക്തമായ അഭിപ്രായം). ദൈവ വേല ചെയ്യുന്ന ഒരു സന്യാസി പട്ടക്കാരൻ എന്ന നിലയ്ക്ക് ഈ തീരുമാ നത്തിൽ ഉറച്ചുനിന്ന് കൂടുതൽ പ്രവർത്തിക്കാൻ കാരുണ്യവാനായ സർവ്വ ശക്തൻ കൃപ നൽകുന്നു. യാച്ചാരം ബാലഗ്രാമിന്റെ പ്രവർത്തനത്തിൽ മാത്രമല്ല, പൂനെ, കലഹണ്ടി, ഇറ്റാർസി, ബാംഗ്ളൂർ ഇവിടെയെല്ലാം. ധൈര്യമായി പ്രവർത്തിക്കാൻ സ്വർഗ്ഗസ്ഥനായ തമ്പുരാൻ കൃപ നൽ കുന്നു.

പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായിൽ നിന്നും 1962 ജൂൺ 26–ന് കടമ്പനാട് പള്ളിയിൽ വച്ച് വൈദികനായ ഈ എളിയവൻ 50 വർഷം പൂർത്തിയാകുമ്പോൾ ഉയരത്തിലെ കൃപ അല്ലാതെ മറ്റൊന്നും എനിക്ക വകാശപ്പെടുവാനില്ല. ലോകത്തിൽ എന്തെങ്കിലും പദവി നേടണമെന്നോ, എന്തെങ്കിലും ലഭിക്കണമെന്നോ ആഗ്രഹിച്ചല്ല ഞാനും, എന്റെ വന്ദ്യ ഗുരു പി. എം. തോമസ് റമ്പാച്ചനും പ്രവർത്തിച്ചത്. സെന്റ് പോൾസ് ആശ്രമം കെട്ടിപ്പടുക്കുവാൻവേണ്ടി ആ വന്ദ്യ പിതാവ് ജർമ്മനിയിൽ പഠിക്കാൻ ലഭിച്ച സ്കോളർഷിപ്പ് വേണ്ട എന്നു വച്ചു. കാട്ടുമൃഗങ്ങളോട് പോരാ ടിയും, ആശ്രമഭൂമിയിൽ വിയർപ്പോടെ അദ്ധ്വാനിച്ചും, മറ്റുള്ളവർക്ക് മാതൃ കയായും, ആശ്രമത്തെ രൂപപ്പെടുത്തുവാൻ രാവും പകലും പണിപ്പെട്ടു.

മാത്രമല്ല 1965–70 കാലഘട്ടങ്ങളിൽ ഇന്നത്തെപ്പോലെ യാത്രാസൗകര്യങ്ങൾ ഇല്ലാതിരുന്നപ്പോഴും ആൻഡമാൻ-നിക്കോബാർ ദ്വീപ് സമൂഹങ്ങളിൽ ത്യാഗത്തോടെ സേവനം ചെയ്തു. വന്ദ്യ ഗുരുവായ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം സേവനപാത ഞങ്ങൾ ഇരുവരും മുറുകെ പിടിച്ചു. അമേരിക്കയിലെ വ്ളാഡിമർ സെമിനാരിയിലും, റഷ്യയിലും, ഇംഗ്ലണ്ടിലും പഠിക്കാനുള്ള അവസരം വന്ദ്യ പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമേനി ഒരുക്കിത്തന്നെങ്കിലും സേവനത്തെപ്രതി അതൊന്നും സ്വീകരിച്ചില്ല. 2 വർഷം കെയ്റോയിൽ താമസിച്ച് സന്യാസജീവിതം കൂടുതൽ ഫലവത്താക്കുവാൻ വന്ദ്യ തിരുമേനി അവസരം ഒരുക്കി വിസായും ലഭിച്ചു. ആന്ധ്രായിലെ സൈക്ലോൺ പ്രദേശത്ത് പ്രവർത്തിക്കാൻ ഞാൻ ആഗ്രഹിച്ചു. അവിടേയ്ക്കു പോയി. കുഷ്ടരോഗികളുടെ ഇടയിൽ പ്രവർത്തിക്കണമെന്നുള്ള എന്റെ ബാല്യകാല ആഗ്രഹം സെമിനാരിയിൽ 1958-ൽ പഠിക്കാൻ പോയപ്പോൾ മുതൽ പ്രായോഗികതലത്തിലായി. ഭിലായിൽ നിന്നും പി. സി. ചെറിയാൻ (എഞ്ചിനീയർ) മാസംതോറും അയച്ചുതന്ന 10 രൂപായിൽ 1 രൂപാ മാറ്റിവച്ച് ഫണ്ട് ശേഖരിക്കാൻ തുടങ്ങി. എന്നാൽ 30 വർഷത്തിനു ശേഷമാണ് വന്ദ്യ ഒസ്താത്തിയോസ് തിരുമേനിയും, പരിശുദ്ധ സഭയും എനിക്ക് അനുവാദം തന്നത്. യാച്ചാരം ബാലഗ്രാമിന്റെ ആരംഭം അങ്ങനെയാണ്. 45 ഡിഗ്രി ചൂട് സഹിച്ച് ഷീറ്റ്മേഞ്ഞ ഷെഡിൽ കിടന്നപ്പോഴും ഞാനും, എന്റെ ആശ്രമാംഗങ്ങളായ ബഹു. ജോഷ്വാച്ചനും, തോമസ്കുട്ടി അച്ചനും തളരാതെ ഏലിയായുടെ ദൈവത്തെ മുറുകെപിടിച്ചു. ആന്ധ്രായിലെ സൈക്ലോൺ, ഒറീസ്സാ സൈക്ലോൺ, ഗുജറാത്തിലെ എർത്ത് ക്വാക്ക് കേരളത്തിലേയും തമിഴ്നാട്ടിലേയും സുനാമി ഇതിന്റെയെല്ലാം ദുരിതാശ്വാസപ്രവർത്തനം നടത്തുമ്പോഴും ഏലിയായുടെ ദൈവം കൂടെയിരുന്നു. സ്വർഗസ്ഥനായ പിതാവ് എല്ലാം വിജയിപ്പിച്ചു. ഞാൻ ഒരിടത്തും വിജയിച്ചു എന്ന് അവകാശപ്പെടുന്നില്ല. സ്വർഗസ്ഥനായ അരുമനാഥന്റെ കൃപയാൽ എന്റെ ആശ്രമാംഗങ്ങളും, ഞങ്ങൾക്ക് നേതൃത്വം നൽകിയ മാർ ഒസ്താത്തിയോസ് തിരുമേനിയും, തോമസ് റമ്പാച്ചനും, പരിശുദ്ധ സഭയും മാത്രമാണ് വിജയിച്ചത്.

ഉത്തരകാശിയിൽ ഭൂകമ്പ ദുരിതാശ്വാസത്തിനായി പോയപ്പോൾ ഡൽഹിയിലെ വൈദികർ പലരും ദുർഘടയാത്ര ഒഴിവാക്കുവാൻ എന്നെ നിർബന്ധിച്ചു. എങ്കിലും ഞങ്ങളുടെ പിതാവായ ഒസ്താത്തിയോസ് തിരുമേനിയുടെ കൽപനയും, ആഗ്രഹവും പൂർത്തിയാക്കുവാൻ ഞാൻ ദൃഢനിശ്ചയം ചെയ്തു. ഈ യാത്രയിൽ ഓരോ പാദം വയ്ക്കുമ്പോഴും ദൈവസാന്നിധ്യം ദൃഢമായി അനുഭവിക്കുവാൻ എനിക്കു സാധിച്ചു.

വൈദികനായി 50 വർഷം പിന്നിടുമ്പോൾ ഞങ്ങളുടെ ആശ്രമാംഗങ്ങ

ളുടെ സഹകരണവും, സ്നേഹവും, ത്യാഗവും, നിസ്വാർത്ഥമായ പ്രവർത്തനവും, ഞങ്ങളെ ദൈവകൃപയാൽ കൈപിടിച്ച് നടത്തിയ അഭിവന്ദ്യ ഒസ്താത്തിയോസ് തിരുമേനിയുടെയും തോമസ് റമ്പാച്ചന്റെയും സ്നേഹമാണ് എനിക്ക് എടുത്തു പറയാനുള്ളത്.

പരിശുദ്ധ സഭയിലെ വന്ദ്യ പിതാക്കന്മാരും, വൈദികരും മാത്രമല്ല സഭ മുഴുവനായും നൽകിയ പ്രോത്സാഹനത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു. ശിഷ്ടായുസും, യേശുവിന്റെ ക്രൂശെടുത്തുകൊണ്ട് ഏലിയാവിന്റെ ദൈവത്തിന്റെ സംരക്ഷണയിൽ അഭയം തേടുന്നു. ത്യാഗത്തിനായി, ശുശ്രൂഷയ്ക്കായി ശക്തി ലഭിപ്പാൻ ഏവരുടെയും പ്രാർത്ഥനയിൽ ശരണപ്പെടുന്നു. ❑

# സത്യവിശ്വാസവും സമാധാനവും

## പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

"സമാധാനത്തിനുവേണ്ടി ഒരുത്തൻ തന്റെ വിശ്വാസത്തെ ഉപേക്ഷിക്കുകയോ മനഃസാക്ഷിക്കു എതിരായി പ്രവർത്തിക്കയോ ചെയ്യാൻ നിവൃത്തിയില്ല. പാത്രിയർക്കീസായാലും മെത്രാപ്പോലീത്തായായാലും ആരായാലും അങ്ങനെ ചെയ്യാവുന്നതല്ല. നമ്മുടെ കർത്താവ് ലോകത്തെ പിതാവായ ദൈവത്തോട് നിരപ്പാക്കാൻ വന്നതാകുന്നു. എന്നാൽ സാപ്രെന്മാരും പ്രീശന്മാരും തന്നെ പിടിച്ചപ്പോൾ സമാധാനത്തിനുവേണ്ടി അവർ ആവശ്യപ്പെട്ടവണ്ണം ഒക്കെ ചെയ്യാമായിരുന്നു. എന്നിട്ടു താൻ അങ്ങനെ ചെയ്തില്ല. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ ഭാവിയിൽ വരാനുള്ള വലിയ സമാധാനം - അതായത് പിതാവായ ദൈവത്തോടു ലോകത്തെ സമാധാനപ്പെടുത്തുക എന്നുള്ളത് - സാധിക്കയില്ലായിരുന്നു. അതിനാൽ കർത്താവ് സകല കഷ്ടതയും ആ വലിയ സമാധാനത്തിനുവേണ്ടി സഹിക്കാമെന്നാണ് വെച്ചത്. ഞാൻ പറഞ്ഞത് സാധിക്കണം എങ്കിലേ സമാധാനം ഉണ്ടാവുകയുള്ളു എന്ന് ഒരുവൻ പറയുന്നുവെങ്കിൽ അതു നിഗളമാകുന്നു. എന്നാൽ സത്യവും വിശ്വാസവും ഇന്നതാണെന്ന് ഒരുവൻ നല്ലതുപോലെ ഗ്രഹിച്ചിട്ട് അവയ്ക്കു ഭംഗം വരുത്താതെ അവയിൽ സ്ഥിരമായി നിൽക്കുന്നുവെങ്കിൽ അതു നല്ലതാകുന്നു. സത്യവിശ്വാസത്തിന് എതിരാളികളായി കാണപ്പെടുകയോ സഭയിൽ വിരുദ്ധമുണ്ടാക്കുകയോ സഭയുടെ നിശ്ചയങ്ങളെയും തങ്ങളുടെ മേലധികാരികളുടെ കൽപനകളെയും അനുസരിക്കാതിരിക്കുകയോ പൈശാചികമായി നടക്കുകയോ ചെയ്യുന്നവരെ സഭയിൽ നിന്നു തിരിച്ചു ഭ്രഷ്ടരാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരമുണ്ട്. സഭയിൽനിന്നു ഭ്രഷ്ടരാക്കുന്നവരെ സത്യമുള്ള അനുതാപത്താൽ തിരിയെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിന് അന്യന്മാരെപ്പോലെ വിചാരിപ്പാനുള്ളതാകുന്നു."

# 'Tolerant India' - A Religious Perspective

**Fr. Thampi Varghese**

India is a miniature world as far as religions are concerned. It is here in India that we should show to the world how adherents of different great religions cannot only co-exist peacefully but understand each other, learn from each other, create a synthesis and promote peace instead of strife.

The believers of all religions harmoniously livid in India before the advent of Britishers. Tolerance of all religious beliefs and outlooks is deeply embedded in Indian culture and traditions. India is one of-the largest secular states in the world. India is the one ancient country which was taken tolerance as the first pre-requisite of the religious quest. Be it Islam, Christianity or any other religion, it has first of all adopted tolerance and only then acquired roots in this land.

Religion as we understand the term implies a relationship not merely between man and man but also between man and some higher power. Every religion does many things for the religious individual and usually for the society. It improves the quality of present life. It offers hope for a better life in the future. It outlines an ideal society. Directly or indirectly all over influenced by religion Religion hasbeen most powerful forces in history.

